# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 4 ലക്കം 5 പേജുകൾ 61 സെപ്റ്റംബർ 2023




## ആകാശത്ത് പുതിയ ആവാസതീരം തേടി

കാർട്ടൂൺ കേരളം

കഥ, കവിത

# എഡിറ്റേഴ്സ് പേജ്





ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032



എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കണ്ടന്റ് അഡ്വൈസർ:
**വി. യു. സുരേന്ദ്രൻ**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**




**ചെ**റിയ ഇടവേളയ്ക്കുശേഷം 'മഷിപ്പച്ച' പ്രസിദ്ധീകരണം പുനരാരംഭിച്ചു. മാസികയുടെ പ്രസിദ്ധീകരണം താൽക്കാലികമായി നിറുത്തുന്നു എന്ന അറിയിപ്പിനോട് പ്രതികരിച്ചവർ ഏറെയാണ്. പോയ അഞ്ചു വർഷം മികവോടെ വായനക്കാരിൽ എത്തിയിരുന്ന മാസികയെ സ്നേഹിക്കുന്ന അനേകരുണ്ടെന്ന അറിവാണ്, പ്രസാധനം തുടരുവാൻ ഞങ്ങളെ പ്രേരിപ്പിക്കുന്നത്. പരസ്യങ്ങളില്ലാതെ മുന്നോട്ടുപോകുന്നത് വിഷമകരമാണെന്ന യാഥാർഥ്യം തിരിച്ചറിയുന്നതോടൊപ്പം, മാസികയുടെ തുടർന്നുള്ള പ്രസിദ്ധീകരണം തടസപ്പെടാതിരിക്കുന്നതിന് സുമനസുകളുടെ സഹകരണം പ്രതീക്ഷിക്കുന്നു. സ്വന്തം സ്ഥാപനത്തിന്റെ പരസ്യം മാസികയിലേക്ക് നൽകാം. സുഹൃത്തുക്കളുടെ പരസ്യങ്ങളും നല്കാം. പരസ്യസംബന്ധമായ സംശയങ്ങൾക്ക് 9447189032 എന്ന നമ്പറിൽ ബന്ധപ്പെടാം.

പുതിയ ലക്കത്തിൽ 8 കഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 17 കവിതകളും, ലബ്ധപ്രതിഷ്ഠരും തുടക്കക്കാരും എഴുതിയിരിക്കുന്നു. കാലികപ്രസക്തിയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന 'സമകാലികം' പംക്തി തുടരുന്നുണ്ട്. നർമ്മത്തിന്റെ ശരമെയ്യുന്ന 'കാർട്ടൂൺ കേരളം' പംക്തിയും തുടരുന്നു. 15 വയസുവരെയുള്ള കുട്ടികളുടെ സർഗരചനകൾ ഉൾക്കൊള്ളിച്ചുള്ള 'കുട്ടികളുടെ മഷിപ്പച്ച' പുതിയ ലക്കത്തിലുണ്ട്.

നിഷ്ഫലമായി തീർന്ന ഒരു കൈമാറ്റത്തിനൊടുവിൽ 'മഷിപ്പച്ച' തിരികെയെടുത്ത് പ്രസിദ്ധീകരണം തുടരുന്നത്, കൂടുതൽ പ്രതിഭകളെ കണ്ടെത്തുന്നതിനും അവതരിപ്പിക്കുന്നതിനും സാധ്യമാകണം എന്ന ലക്ഷ്യത്തോടെയാണ്. ഇതുവരെ സഹകരിച്ച ഏവർക്കും നന്ദി. തുടർന്നും കൂടെയുണ്ടാകും എന്നാകുന്നു പ്രതീക്ഷ.

**-സി.ആർ.രാജൻ,**
എഡിറ്റർ

# കാർട്ടൂൺ കേരളം:






എം.ആർ. ബാലചന്ദ്രൻ

# അകത്താളുകളിൽ


## ലേഖനം/പംക്തി

ഫ്രാങ്കോ ലൂയിസ്: പേജ് 7
ദർശന കെ.ആർ. പേജ് 48

കുട്ടികളുടെ മഷിപ്പച്ച പേജ് 59

## കാർട്ടൂൺ

എം.ആർ.ബാലചന്ദ്രൻ പേജ് 3

## കഥ

സുരേന്ദ്രൻ മങ്ങാട്ട് പേജ് 12
പിയാർകെ ചേനം പേജ് 15
ദിവ്യ സി.ആർ. പേജ് 29
നിത്യാലക്ഷ്മി എൽ.എൽ. പേജ് 32
ബി.ജോസുകുട്ടി പേജ് 36
എ.എൻ.സാബു പേജ് 39
കെ.സന്തോഷ് പേജ് 53
രാധാകൃഷ്ണൻ ഉണ്ണികുളം പേജ് 56

## കവിത

സന്ധ്യ ഇ. പേജ് 4
ഹാജറ കെ.എം. പേജ് 5
ജെ.ആർ.ലക്ഷ്മി പേജ് 6
സ്റ്റെല്ല മാത്യു പേജ് 22
ടോണി എം. ആന്റണി പേജ് 23
ഷീജ പള്ളത്ത് പേജ് 24
ബഷീർ മുളിവയൽ പേജ് 25
ജയപ്രകാശ് എറവ് പേജ് 26
ദിവ്യ ഗിരീഷ് പേജ് 27
രമ പിഷാരടി പേജ് 28
സരസ്വതി കെ.എം. പേജ് 41
രാജു കാഞ്ഞിങ്ങാട് പേജ് 42
സിന്റി സ്റ്റാൻലി പേജ് 43
ആരിഫ മെഹ്ഫിൽ പേജ് 44
ശോഭ ജി. ചേലക്കര പേജ് 45
മനീഷ പേജ് 46
കയ്യുമ്മു കോട്ടപ്പടി പേജ് 47

# ഒരു പ്രാർത്ഥന



ഞാനൊട്ടും യാത്ര പോകാതെ
എന്നിൽ ചേർന്നുള്ള ദിക്കുകൾ

ഞാനൊട്ടും തേടാത്തതെങ്കിലും
എന്നെത്തൊട്ടതാം
വാക്കുകൾ

ഞാൻ നടാത്ത വിത്തിൽ
നിന്നുയിർത്ത തണലുകൾ

ഞാൻ മൂളാതെയെന്നകം
നിറയെ മേളിച്ച പാട്ടുകൾ

ഞാനറിയാത്തതാ മെന്നെ
ചേർത്തു കാത്തുള്ള സ്നേഹങ്ങൾ

ഞാൻ വെയ്ക്കാതെ
യെന്റെ പൈദാഹം
തീർത്തതാമെത്ര വീടുകൾ

ഞാൻ വിരിക്കാതെയെൻ ക്ഷീണം
മാറ്റിയ പായകൾ

ഞാൻ ചോദിക്കാതെൻ
വേലിമേൽ
പൂത്ത
ഗന്ധങ്ങൾ

മറവിരോഗം വന്നു മെല്ലെ
മരണവക്ത്രത്തിൽ
വീഴ്കിലും
സ്മൃതിയിലുണ്ടാകണേ നിത്യം
ജന്മ സാഫല്യം നേടുവാൻ.



സന്ധ്യ ഇ



# ജാരൻ



ഹാജറ .കെ.എം.

കവിത

ചിലരുടെ നോട്ടത്തിൽ
അതു വരെ കാണാത്തൊരു വസന്തം
പെട്ടെന്നൊരു നാൾ
നിറഞ്ഞു വന്നു നിൽക്കുന്നതു കണ്ടിട്ടില്ലേ...

അതു വരെ മഴ മേഘം പോലെ കരിവാളിച്ച
മുഖത്തൊരു
തിളക്കമേറിയ മഞ്ഞവെയിൽപ്പാളി
മിന്നിത്തിളങ്ങുന്നത് നോക്കി നിന്നു പോയിട്ടില്ലേ.....

വറ്റിപ്പോയ പുഴ പോലെ എപ്പോഴും വിഷാദ ഗീതം പാടിയിരുന്ന
അവരുടെ കണ്ണുകളിൽ
പെട്ടെന്നൊരു  കടലിരമ്പം അത്ഭുതപ്പെടുത്തിയിട്ടില്ലേ..

പല തവണ നിരാശയുടെ കരിമ്പുതപ്പിനുള്ളിൽ മുഖമൊളിപ്പിച്ച്
പുറം ലോകത്തെ പേടിയോടെ
നോക്കിയിരുന്ന അവർ
പെട്ടെന്നൊരു ദിവസം
പക്ഷികളെ പോലെ പാറിപ്പറക്കുന്നതു
കണ്ടിട്ടില്ലേ....

മടുത്തു മരവിച്ച ജീവിതത്തെ  വെറുപ്പോടെ
മാത്രം നോക്കിയിരുന്ന അവർ
സ്വയം  സ്നേഹിക്കാൻ തുടങ്ങുന്നുവെങ്കിൽ
അവിടെ ഒരു സ്വപ്നം പൂവിട്ടു തുടങ്ങിയിട്ടുണ്ടാവില്ലേ...

എങ്കിലും
അതാരും അറിയാൻ പാടില്ലാത്തതാവും
ആരോടും പറയാൻ പാടില്ലാത്തതുമല്ലേ...

സുലഭമായി കിട്ടുമെങ്കിലും അനുഭവിക്കാൻ
അനുവാദമില്ലാത്തതാണല്ലോ
പലതും.....?



# ഹൃദയത്തിന്റെ ഒസ്യത്ത്



കവിത

ജെ ആർ ലക്ഷ്മി

പോകും മുൻപ്
ഞാനെന്റെ ഹൃദയത്തറവാട്
ഭാഗം വെക്കുകയാണ്.
എന്നിൽ അവകാശമുറപ്പിച്ച
ഓരോരുത്തരും പങ്കിട്ടെടുത്തു
കൊള്ളുക.

കടമകളും
ഉത്തരവാദിത്തങ്ങളും
കൊണ്ടു കെട്ടിപ്പൊക്കിയ
നിറഞ്ഞ സ്നേഹത്തിന്റെ
കതിർവെട്ടം വീഴുന്നൊരു
മുറി കണ്ടോ...?
എന്റെ മാതാപിതാക്കളുടേതാണത്.

സ്നേഹാദരങ്ങളുടെ കർപ്പൂരഗന്ധം
നിറഞ്ഞൊരു മുറി കണ്ടോ..?
എന്റെ പരമാത്മാവിനെയും..
എന്റെ ഗുരുക്കന്മാരോരോരുത്തരെയും
കുടിയിരുത്തിയ ഇടമാണത്.

ഓർമ്മകളുടെ ഗന്ധം
നിറഞ്ഞു നിൽക്കുന്ന തണുത്ത
ഇടനാഴിയിലൂടെ
കുറച്ചു മുൻപോട്ട് നടക്കൂ...
കാണാം നിങ്ങൾക്കുള്ള
മുറികളും.

കണ്ണ് കലങ്ങിയൊരു
കൊച്ചു ബാലികയുടെ
ചിത്രം തൂക്കിയ
മുറി കണ്ടുവോ...?
എന്റെ കൂടപ്പിറപ്പുകൾക്കുള്ളതാണിത്

അടക്കാനാകാത്ത
വീർപ്പുമുട്ടലുകളിൽ മനം
മുങ്ങിത്താഴുമ്പോൾ
മായാത്ത ഓർമ്മകളുടെ പച്ച നിറം
പൂശിയ ഈ മുറിയിലേക്ക്
ഞാൻ ഓടിവന്നിരിക്കും..
ഇവിടെ വരുമ്പോൾ അവരുടെ വിരലുകളിൽ
പിച്ചവെക്കുന്നൊരു കുഞ്ഞായി ഞാൻ മാറും.

നേർത്തൊരു താരാട്ടിന്റെ ഈണം അലയടിക്കു
ന്ന ഈ മുറി എന്റെ
കുഞ്ഞുങ്ങളുടേതാണ്..
വാത്സല്യച്ചൂടും അമ്മിഞ്ഞപ്പാലിന്റെ
ഗന്ധവുമുള്ള ഈ മുറിയിൽ നിരവധി
തൊട്ടിലുകൾ കണ്ടു നിങ്ങൾ
അത്ഭുതപ്പെടേണ്ട...
എന്റെ മാനസപുത്രന്മാരും പുത്രിമാരും
ഇവിടെ ഓടിക്കളിക്കാറുണ്ട്.

ഇനി വരൂ പ്രിയനേ...
സ്നേഹവും വിശ്വാസവും
കരുതലും പ്രണയവും രതിയും
കാവൽ നിൽക്കുന്ന..
നിനക്കായൊരുക്കിയ
നിന്റെ ഈ സാമ്രാജ്യത്തിലേക്ക്..
നിലാവ് പൂശിയ ചുവരുകൾക്കുള്ളിൽ
കുടമുല്ലപ്പൂക്കളുടെ ഗന്ധമാസ്വദിച്ചു
എന്റെ പ്രണയത്താൽ തുന്നിയെടുത്ത ...
എന്റെ നെഞ്ചിന്റെ ചൂടുള്ള വിചിത്രകമ്പളം
പുതച്ചു നീ ഉറങ്ങിക്കൊള്ളുക.

എന്റെ പ്രിയമിത്രങ്ങൾക്കായി ഞാൻ
കരുതി വെച്ചിട്ടുണ്ടൊരു മുറി..
സ്നേഹവും വിശ്വാസവും കരുതലും
കൊണ്ടു നിർമ്മിച്ചതാണിത്..
കുപ്പിവള കിലുക്കങ്ങളും പൊട്ടിച്ചിരികളും
അലയടിക്കുന്ന...
ചുവരുകളിൽ
മഴവില്ലിന്റെ നിറച്ചാർത്തുള്ള
ഒരു കൊച്ചു മുറി...

ഇനി കാണുന്ന മുറി നിങ്ങളാരും
തുറക്കരുത്...
പൂട്ടിയിട്ട ആ ഇരുണ്ട
മുറിക്കുള്ളിൽ ഞാനൊളിച്ചു വെച്ച
പിടയുന്ന എന്റെ മനസ്സാണ്...
ഞാൻ അനുഭവിച്ച വേദനകളും
അവഗണനകളും
ഒറ്റപ്പെടലുകളുമാണ്..

സഹനത്തിന്റെ ചങ്ങലക്കണ്ണികളിൽ
ഞാനവയെ ബന്ധിച്ചു വെച്ചാണ്
നിങ്ങൾക്ക് മുന്നിൽ ചിരിച്ചു നിൽക്കാറ്..
കാണേണ്ട.. കണ്ടാൽ ഒരുപാട്
വേദനിക്കും നിങ്ങൾക്ക്.



# ഇന്ത്യ പറക്കുന്നു, പുരാണങ്ങളിലേക്ക്



ഫ്രാങ്കോ ലൂയിസ്

**ആകാശത്തിനുമപ്പുറത്തേക്ക് ഇന്ത്യ വളരുകയാണ്. ചന്ദ്രനിലേക്കും സൂര്യനിലേക്കും ഇന്ത്യയുടെ കരങ്ങൾ നീളുന്നു. ശാസ്ത്ര പര്യവേഷണ ദൗത്യങ്ങളുമായി നമ്മുടെ ചന്ദ്രയാൻ മൂന്നും ആദിത്യ എൽ ഒന്നും മുന്നേറുകയാണ്. ശാസ്ത്രത്തിന്റെ വളർച്ച.**

ആകാശത്തിനുമപ്പുറത്തേക്ക് ഇന്ത്യ വളരുകയാണ്. ചന്ദ്രനിലേക്കും സൂര്യനിലേക്കും ഇന്ത്യയുടെ കരങ്ങൾ നീളുന്നു. ശാസ്ത്ര പര്യവേഷണ ദൗത്യങ്ങളുമായി നമ്മുടെ ചന്ദ്രയാൻ മൂന്നും ആദിത്യ എൽ ഒന്നും മുന്നേറുകയാണ്. ശാസ്ത്രത്തിന്റെ വളർച്ച.

ലോകത്തെ വൻകിട ശക്തികളായ 21 രാഷ്ട്രങ്ങളുടെ കൂട്ടായ്മയായ ജി 20 നെ നയിച്ച രാജ്യമാണ് ഇന്ത്യ. 4,100 കോടി രൂപ മുടക്കിയാണ് ജി 20 രാഷ്ട്രത്തലവന്മാരുടെ ഉച്ചകോടിക്ക് ഇന്ത്യ ആതിഥ്യമേകിയത്. പുതിയ ഇന്ത്യ - ഗൾഫ് - യൂറോപ്പ് സാമ്പത്തിക ഇടനാഴി പ്രഖ്യാപിച്ചുകൊണ്ടും ആഫ്രിക്കൻ യൂണിയന് അംഗത്വം നൽകിക്കൊണ്ടുമാണ് ഉച്ചകോടി സമാപിച്ചത്.

ലോകം ഇന്ത്യയേയും ഇന്ത്യൻ ഭരണാധികാരികളേയും ആദരിക്കുന്നത് എന്തുകൊണ്ടാണ് ? ഇന്ത്യയിലെ ജനസംഖ്യയും ജനങ്ങളുടെ വർധിച്ചുവരുന്ന ക്രയശേഷിയുംതന്നെയാണു മുഖ്യ ആകർഷണം. 142 കോടി ജനങ്ങളുമായി ചൈനയെ മറികടന്ന് ലോകജനസംഖ്യയിൽ ഒന്നാം സ്ഥാനത്തേക്കു കുതിക്കുകയാണ് നാം. അതായത്, ഇന്ത്യ ലോകത്തെ ഏറ്റവും വലിയ വിപണിയാണ്. ഉപഭോക്തൃ ഉൽപന്നങ്ങൾ മുതൽ യുദ്ധവിമാനങ്ങൾവരെ ഇന്ത്യയിൽ വിറ്റു കാശുണ്ടാക്കണമെന്നാണ് എല്ലാ ലോകരാജ്യങ്ങളുടേയും മോഹം. ഇന്ത്യൻ ഭരണാധികാരികൾ അതിനുള്ള ഒത്താശകൾ ചെ




യ്യുന്നവരാണോ? ഇന്ത്യയ്ക്കു കൂടുതൽ നേട്ടമുണ്ടാക്കുന്ന പദ്ധതികളും കരാറുകളും നേടിയെടുക്കുമോ? ഇക്കാര്യത്തിലാണ് രാഷ്ട്രതന്ത്രജ്ഞതയുടെ മികവ്.

## പുതിയ കരാർ

എയർ ഇന്ത്യയും ഇൻഡിഗോയും ആയിരത്തിലേറെ യാത്രാവിമാനങ്ങളാണ് ആറു മാസത്തിനകം അമേരിക്കയിൽനിന്നും ഫ്രാൻസിൽനിന്നും വാങ്ങുന്നത്. പുതിയ വിശേഷം ഇതാണ്: മുംബൈയിൽ അമേരിക്കൻ പടക്കപ്പലുകൾക്കും വിമാനവാഹിനികൾക്കും അറ്റകുറ്റപ്പണി നടത്താൻ അനുമതി നൽകുന്ന കരാറിൽ ഇന്ത്യ ഒപ്പുവച്ചതാണ്. ഇതിനെ അനുകൂലിച്ചും പ്രതികൂലിച്ചും വ്യാഖ്യാനങ്ങളുണ്ട്. ജൂലൈയിൽ നടപ്പാക്കിത്തുടങ്ങിയ ആദ്യ കരാറനുസരിച്ച് ചെന്നൈ കട്ടുപ്പള്ളിയിലെ എൽആൻഡ് ടി തുറമുഖത്ത് അമേരിക്കൻ പടക്കപ്പലുകൾക്ക് അറ്റകുറ്റപ്പണി നടത്താം. ജൂൺ മാസത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അമേരിക്ക സന്ദർശിച്ചപ്പോഴാണ് ആദ്യ കരാർ ഒപ്പുവച്ചത്. ഇപ്പോൾ ഒപ്പുവച്ച രണ്ടാം മാസ്റ്റർ ഷിപ്പ് റിപ്പയർ കരാറനുസരിച്ച് മുംബൈ തുറമുഖം അമേരിക്കയ്ക്കു തുറന്നിടുകയാണ്. അമേരിക്കൻ യുദ്ധക്കപ്പലുകളുടെ പണി ലഭിക്കുമ്പോൾ ഇന്ത്യക്കു വിദേശനാണ്യവും സാങ്കേതിക ജ്ഞാനവും ലഭിക്കുമെന്നാണ് അനുകൂലികളുടെ വാദം. അക്സൈ ചിൻ അടക്കമുള്ള ഇന്ത്യൻ ഭൂപ്രദേശങ്ങൾ കൈയേറിയ ചൈന ഇന്ത്യക്കു ചുറ്റും ശ്രീലങ്കയിലും പാക്കിസ്ഥാനിലും മ്യാന്മറിലും സൈനിക താവളങ്ങൾക്കു കളമൊരുക്കിവച്ചിരിക്കേയാണ് അമേരിക്കയുമായി കരാറുണ്ടാക്കിയത്.

സൂര്യ, ചാന്ദ്ര ദൗത്യങ്ങളും ലോകക്രമം നിശ്ചയിക്കുന്ന ഉച്ചകോടിയുമെല്ലാമായി ഇന്ത്യ ശാസ്ത്രീയമായും സാമൂഹികമായും ഉയരങ്ങളിലേക്കു കുതിക്കുമ്പോൾ ഓരോ ഇന്ത്യക്കാരനും അഭിമാനിക്കാം.



## സനാതന ധർമം

ഒരു വശത്ത് അഭിമാനകരമായ ഇത്തരം നേട്ടങ്ങളുണ്ടാകുമ്പോൾ മറുവശത്ത് അപമാനകരമായ ചാണകക്കുഴിയിലേക്കു പതിക്കുന്ന കാഴ്ചയാണു നാം കാണുന്നത്. രാഷ്ട്രീയ അധികാരം കൈപ്പിടിയിലൊതുക്കാൻ രാജ്യത്തെ ശിലായുഗത്തിലേക്കു നയിക്കുന്ന കാഴ്ച. സനാതന ധർമം ചർച്ചയാക്കുന്നതു അതുകൊണ്ടാണ്.

നൂറ്റാണ്ടുകൾ നീണ്ട സാമൂഹ്യ നവോത്ഥാന പോരാട്ടത്തിലൂടെയാണ് ചാതുർവർണ്യം അടക്കമുള്ള പ്രാകൃത സംസ്കാരത്തെയും അനാചാരങ്ങളേയും കുറേയെങ്കിലും മറികടക്കാൻ നമുക്കായത്. ബ്രാഹ്മണ, ക്ഷത്രിയ വാഴ്ച ഉറപ്പാക്കുന്ന സനാതന ധർമം സഹസ്രാബ്ദങ്ങൾക്കു മുമ്പ് ധർമായിരിക്കാം. എന്നാൽ അവയിലെ പലതും ഇന്ന് മാനവിക വിരുദ്ധവും

ഇന്ത്യൻ ശിക്ഷാ നിയമമനുസരിച്ചു കുറ്റകൃത്യങ്ങളുമാണ്.

ചാതുർവർണ്യ വ്യവസ്ഥയനുസരിച്ചു ബ്രാഹ്മണ ക്ഷത്രിയ വൈശ്യ വർണങ്ങളുടെ ദാസരാണ് ശൂദ്രർ. കേരളത്തിലെ നായർ വിഭാഗം ശൂദ്രരിലെ മുന്തിയ വർണമായിരുന്നു. ചാതുർവർണ്യ നിയമം ലംഘിച്ചു ഒരു മരത്തിൽ തല കീഴായി തൂങ്ങിക്കിടന്ന് തപസനുഷ്ഠിച്ച ശംബൂകനെ രാമൻ കൊല്ലുന്നതായി രാമായണത്തിൽ കാണാം. ചാതുർവർണ്യത്തിലെ വർണ വിഭജനവും തൊഴിൽ വിഭജനവും ലംഘിക്കുന്നവരെ കൊല്ലണമെന്ന സനാതന ധർമമാണു രാമൻ നടപ്പാക്കിയത്. പാണ്ഡവ പക്ഷത്തായിരുന്നിട്ടും ഭീമന് വർണസങ്കരത്തിലൂടെ ജനിച്ച ഘടോൽക്കചൻ വധിക്കപ്പെട്ടതിനെ കൃഷ്ണൻ ന്യായീകരിച്ചതും അതുകൊണ്ടാണ്. കാലഹരണപ്പെട്ട ധർമത്തിൽ സമുദ്രയാത്ര നിഷിദ്ധമാണ്.

ഇത്തരം വിഷയങ്ങളെല്ലാം ഇപ്പോൾ ആളിക്കത്തിക്കുന്നത് അധികാരം ഉറപ്പിക്കാനുള്ള വോട്ടുതന്ത്രം മാത്രമാണ്.

വാൽമീകി 2,800 വർഷം മുമ്പാണു രാമായണം രചിച്ചത്. അതിനു മുമ്പു വാൽമീകി തന്നെ രചിച്ച 'മാനിഷാദ' ശ്ലോകത്തിന് ഇന്നും പ്രസക്തി കുറഞ്ഞിട്ടില്ല. ക്രൗഞ്ചപ്പക്ഷിയെ അമ്പെയ്തു വീഴ്ത്തിയതിനാണു 'അരുതു, കാട്ടാളാ' എന്ന് വാൽമീകി അന്നു പാടിയതെങ്കിൽ ഇന്നു ജാതിയുടെ പേരിൽ മനുഷ്യരെ കൊന്നൊടുക്കുന്നവരോടാണ് അങ്ങനെ വിളിച്ചു പറയേണ്ടിവരുന്നത്.

സഹസ്രാബ്ദങ്ങൾക്കു മുമ്പേ ഉണ്ടായിരുന്ന കാലഹരണപ്പെട്ട നിയമങ്ങളിലേക്കു തിരിച്ചുപോകുന്നതു പ്രാകൃതയുഗത്തിലേക്കുള്ള മടക്കമായിരിക്കും. സമ്പൂർണ നാശത്തിലേ അതു കലാശിക്കൂ. സവർണാധിപത്യ ധർമമല്ല, മാനവിക ധർമമാണ്, സ്നേഹത്തിന്റെ, കരുതലിന്റെ നിയമമാണു നമുക്കു വേണ്ടത്.

## ഇന്ത്യയും ഭാരതവും

ഇന്ത്യയെന്നു കേട്ടാൽ അഭിമാനപൂരിതരാകണമെന്നതു പഴമൊഴിയായി. ഇന്ത്യയെന്നു കേട്ടാൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക്



ഇപ്പോൾ പേടിയാണ്. മോദിക്കു മാത്രമല്ല ബിജെപി അണികൾക്കെല്ലാം ഭീതിയാണ്. അടുത്ത വർഷാരംഭത്തിൽ നടക്കാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിന് 28 പ്രതിപക്ഷ കക്ഷികൾ ചേർന്നുണ്ടാക്കിയ മുന്നണിക്ക് ഇന്ത്യ എന്നു പേരിട്ടതോടെ തുടങ്ങിയതാണ് മോദിയുടെ ഇന്ത്യാപ്പേടി.

അതുകൊണ്ടാണ് രാജ്യത്തിന്റെ പേരുതന്നെ ഭാരത് എന്നു മാറ്റാൻ തിടുക്കംകൂട്ടുന്നത്. ഭരണഘടനയിൽ 'ഭാരതം എന്ന ഇന്ത്യ' എന്നാണ് നമ്മുടെ രാജ്യത്തെ വിശേഷിപ്പിക്കുന്നത്. 'ഇന്ത്യ ദാറ്റ് ഈസ് ഭാരത്' എന്നാണ് ഭരണഘടനയുടെ ഒന്നാം അനുച്ഛേദത്തിൽ പറയുന്നത്. റിപ്പബ്ലിക് ഓഫ് ഇന്ത്യ എന്നതാണ് ലോക രാജ്യങ്ങൾക്കിടയിൽ അംഗീകരിച്ച പേര്.

അയ്യായിരത്തിലേറെ വർഷത്തെ പാരമ്പര്യമുള്ള ഇൻഡസ് വാലി സിവിലൈസേഷൻ നിലവിലിരുന്ന ഭൂപ്രദേശത്തിനു കൈവന്നതാണ് ഇന്ത്യയെന്ന പേര്. പുരാണകാവ്യമായ മഹാഭാരതത്തിലെ ഭരത രാജാവു ഭരിച്ച ഭൂപ്രദേശമെന്ന നിലയിലാണു ഭാരതമെന്നു പേരുണ്ടായത്. ലോകം മുന്നോട്ടു കുതിക്കുമ്പോൾ പുരാണങ്ങളിലേക്കു മടങ്ങിപ്പോകാനാണ് മോദി സർക്കാരിന്റെ ശ്രമം.




ജി 20 ഉച്ചകോടിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളിലും ഇന്ത്യ എന്നതിനു പകരം ഭാരത് എന്നാണ് കേന്ദ്ര സർക്കാർ പ്രയോഗിച്ചത്. സമ്മേളന വേദിയുടെ പേര് ഭാരത് മണ്ഡപ്. ക്ഷണക്കത്തിൽ പ്രസിഡന്റ് ഓഫ് ഇന്ത്യ എന്നതിനു പകരം പ്രസിഡന്റ് ഓഫ് ഭാരത്. ഇങ്ങനെ സർവ മേഖലയിലും ലോക നേതാക്കൾക്കു മുന്നിൽ ഇന്ത്യയല്ല, ഭാരത് ആണെന്നു കാണിക്കാൻ മോദി സർക്കാർ ശ്രമിച്ചു.

പ്രതിപക്ഷ മുന്നണിക്ക് 'ഇന്ത്യ' എന്നു പേരിടുന്നതിനു മുമ്പേ ഭാരതവത്കരണം തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ രണ്ടു പാർലമെന്റ് സമ്മേളനങ്ങളിലും മോദി സർക്കാർ പാസാക്കിയ നിയമങ്ങളുടെ പേരുകളിലും ഇന്ത്യയെ ഒഴിവാക്കി ഭാരതത്തെ ആവാഹിച്ചിരുന്നു. നിയമങ്ങളുടെ പേരുകൾ ഇംഗ്ലീഷിലല്ല, ഹിന്ദിയിലാണ്. ചിലതിൽ സംസ്കൃത വാക്കുകൾ ചേർത്തിട്ടുമുണ്ട്.

ഭാരതീയ ജനതാ പാർട്ടിയെന്ന പേരിലെ ഭാരതത്തോടു ചേർന്നു നിൽക്കട്ടെയെന്നതു മാത്രമല്ല ഇതിനുള്ള ന്യായീകരണം. പുരാണത്തിലെ ഭാരതം വേണമെന്നതു സംഘപരിവാർ അജണ്ടയാണ്.

രാജ്യത്തിന്റെ പേരുമാറ്റുന്നതു ശുദ്ധ അസംബന്ധമാണ്. രാജ്യത്തിനും രാജ്യത്തെ എല്ലാ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഭീമമായ സാമ്പത്തിക നഷ്ടമുണ്ടാക്കുന്ന നടപടിയാണത്. കറൻസി നിരോധനംപോലുള്ള അസംബന്ധങ്ങൾ കേമത്തം നടിച്ചു ചെയ്തുകൂട്ടിയവർ പേരു മാറ്റുമോയെന്ന് കാത്തിരുന്നു കാണേണ്ടതുതന്നെ.

കപട ദേശീയതയും ഹിന്ദുത്വ വികാരങ്ങളും ആളിക്കത്തിച്ച് വോട്ടുനേടുകയാണു ല

ക്ഷ്യം. അയോധ്യയിലെ രാമക്ഷേത്രം ജനുവരിയിൽ ഉദ്ഘാടനം ചെയ്യും. ഗുജറാത്തിലേതുപോലെ മണിപ്പൂരിലും ഹരിയാനയിലെ നൂഹിലുമെല്ലാം വിദ്വേഷ പ്രചാരണവും വംശഹത്യയുമെല്ലാം നടത്തി ബഹുഭൂരിപക്ഷ വർഗീയതയുടെ കൈയൂക്കിലൂടെ തുടർച്ചയായ മൂന്നാംതവണയും ഭരണം പിടിച്ചെടുക്കാനുള്ള കരുനീക്കങ്ങളാണ്.

## ഒറ്റ വോട്ടെടുപ്പ്

ഒരു രാജ്യം, ഒറ്റ വോട്ടെടുപ്പ് എന്ന മുദ്രാവാക്യം മോദി സർക്കാർ ഉന്നയിക്കാൻ തുടങ്ങിയിട്ട് ആറു വർഷത്തിലേറെയായി. ലോക്സഭാ, നിയമസഭാ, പഞ്ചായത്ത് അടക്കമുള്ള ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾ ഒറ്റയടിക്കു നടത്തണമെന്നാണു നിർദേശം. ഈ നിർദേശം പഠിച്ചു റിപ്പോർട്ടു സമർപ്പിക്കാൻ കേന്ദ്ര സർക്കാർ മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് അധ്യക്ഷനായുള്ള എട്ടംഗ സമിതിയെ ചുമതലപ്പെടുത്തി. സമിതിയിൽനിന്ന് കോൺഗ്രസിന്റെ ലോക്സഭാ കക്ഷി നേതാവ് അധിർരഞ്ജൻ ചൗധരി പിന്മാറി.




ഏതാനും ദിവസങ്ങൾക്കകം സമിതിയുടെ റിപ്പോർട്ട് വാങ്ങി 18 മുതൽ 21 വരെ വിളിച്ചുകൂട്ടിയിരിക്കുന്ന പ്രത്യേക പാർലമെന്റ് സമ്മേളനത്തിൽ അവതരിപ്പിച്ചു പാസാക്കിയാലും അദ്ഭുതപ്പെടാനില്ല. തെരഞ്ഞെടുപ്പുകളെല്ലാം ഒന്നിച്ചു നടത്താവുന്നതാണെന്ന് തെരഞ്ഞെടുപ്പു കമ്മീഷന്റെ റിപ്പോർട്ട് കേന്ദ്ര സർക്കാർ വാങ്ങിവച്ചിട്ടുണ്ട്. ഭീമമായ സാമ്പത്തിക ചെലവുകളും നടപടിക്രമങ്ങളും കുറയ്ക്കാനകുമെന്നതാണ് ഒന്നിച്ചു തെരഞ്ഞെടുപ്പു നടത്തുന്നതിന്റെ പ്രധാന നേട്ടമായി മോദി സർക്കാർ ചൂണ്ടിക്കാണിക്കുന്നത്.

എന്നാൽ രാജ്യത്തെ ഫെഡറൽ തത്ത്വങ്ങൾക്കു വിരുദ്ധമാണ് ഈ നീക്കമെന്നാണു പ്രതിപക്ഷം ചൂണ്ടിക്കാണിക്കുന്നത്. പ്രധാനമന്ത്രിക്കും കേന്ദ്ര സർക്കാരിനും സർവാധികാരവും ലഭിക്കുന്ന പ്രസിഡൻഷ്യൽ ഭരണരീതിയിലേക്കാണു ഈ പരിഷ്കാരത്തിന്റെ ലക്ഷ്യമെന്നു പ്രതിപക്ഷം ചൂണ്ടിക്കാട്ടുന്നു.

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ ഇപ്പോൾതന്നെ പാർലമെന്ററി ജനാധിപത്യം ഇല്ലാതായിരിക്കുന്നു. പാർലമെന്റിൽ പ്രധാനമന്ത്രി നരേന്ദ്രമോദി വളരെ അപൂർവമായേ വരുന്നുള്ളൂ. പാർലമെന്റിൽ പ്രതിപക്ഷത്തിനു സംസാരിക്കാൻ അനുമതി നൽകുന്നില്ല. കഴിഞ്ഞ രണ്ട് പാർലമെന്റ് സമ്മേളനങ്ങളിലും അതാണു ലോകം കണ്ടത്. അദാനി വിഷയവും മണിപ്പൂർ വിഷയവും ഉന്നയിക്കാൻ അനുവദിക്കാതെ പാർലമെന്റിനെ വെറും ചന്തയാക്കി മാറ്റി. പ്രതിപക്ഷാംഗങ്ങൾ സംസാരിച്ചതെല്ലാം രേഖകളിൽനിന്നു നീക്കം ചെയ്തു.

ഇപ്പോൾ വിളിച്ചുകൂട്ടിയിരിക്കുന്ന പ്രത്യേക പാർലമെന്റ് സമ്മേളനത്തിൽ പ്രതിപക്ഷത്തിനു സംസാരിക്കാൻ അവസരം നൽകണമെന്നും പാർലമെന്റ് സമ്മേളനത്തിന്റെ അജണ്ട പ്രതിപക്ഷവുമായി ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ടു കത്തു നൽകിയ സോണിയാഗാന്ധിയെ പരിഹസിക്കുകയാണ് മോദി സർക്കാർ ചെയ്തത്.

പാർലമെന്റിൽപോലും ജനാധിപത്യത്തെ ഇല്ലാതാക്കുമ്പോഴും സ്വാതന്ത്ര്യത്തിന്റെ അമൃതമഹോൽസവത്തെക്കുറിച്ചുള്ള വീമ്പു പറച്ചിലിന് ഒരു കുറവുമില്ല. സ്വാതന്ത്ര്യസമരകാലത്ത് രാജ്യത്തെ ഒറ്റിയവരും പിന്നീടു വിറ്റവരുമെല്ലാം മേനി ചമയുന്നതിൽ അദ്ഭുതമൊന്നുമില്ല.

കഥ

# ഭ്രാന്ത് പൂക്കുന്ന ചില്ലകൾ...



**സുരേന്ദ്രൻ മങ്ങാട്ട്**



**മാ**നസീകാരോഗ്യ കേന്ദ്രത്തിന്റെ മുൻവശം വിശാലമായ ഗേറ്റ് കടന്നുവരുന്നവരെ കാണാവുന്ന പാകത്തിൽ, അൽപ്പമകലെ പടർന്നു പന്തലിച്ച മരത്തണലിൽ,അങ്ങിങ്ങു പൊട്ടിപൊളിഞ്ഞ പഴയ സിമെന്റ് ബെഞ്ചിൽ പകലെരിഞ്ഞു തീരുവോളം അയാളിരുന്നു, ഒരു ബുദ്ധ ധ്യാനം പോലെ.

മരച്ചില്ലകളിൽ ഈണത്തിൽ ശബ്ദമുണ്ടാക്കുന്ന കിളികളും ഉറക്കെ ചിലക്കുന്ന അണ്ണാർക്കണ്ണൻമാരുമെല്ലാം അയാൾക്ക് സുപരിചിതരാണ്. മൃദുവായ ആ കൈകളിൽ നിന്ന് ധാന്യങ്ങളും കുഞ്ഞു ഫലങ്ങളും തീറ്റയായെടുത്ത് വളർന്നവയാണവയെല്ലാം തന്നെ. ചുറ്റുമതിൽക്കെട്ടുള്ള ആവാസവ്യൂഹത്തിലെ പ്രധാന കണ്ണിയായി മാറിയിട്ട് എത്രയോ വർഷങ്ങൾ .....

പടർന്നു വളരുന്ന ആ മരം അയാളുടെ ജേത വനമായി. ജീവിതത്തിന്റെ ചാക്രികചലനത്തിൽ ഉൻമാദവും വിഷാദവും കടന്നുപോയത് ഈ ചുറ്റുപാടുമുള്ള ചെടികളോടും പൂക്കളോടും പുഴുക്കളോടും ശലഭങ്ങളോടും ഇടതടവില്ലാതെ സംസാരിച്ചു കൊണ്ടായിരുന്നു. അപ്പോഴും വളർന്നുകൊണ്ടിരുന്ന ഈ വൻമരം സാക്ഷി.

പകലിന്റെ തിളക്കം കുറഞ്ഞു വരുമ്പോഴും അയാളിൽ വിദൂരമായതെന്തോ ഒരു കാഴ്ചയായി മുന്നിലെത്തുമെന്ന ചിന്ത ഉണരാൻ തുടങ്ങി. കാത്തിരിപ്പിന്റെ അഗാധമായ നിശ്ചലതയെ മുറിച്ചുകൊണ്ട് ക്ഷീണിച്ച ചുമലിൽ ഒരു കൈത്തലം അമർന്നു വർഷങ്ങളായി കാണുന്ന നിഴലായും സ്വത്വമായും

ബോധത്തിലും അബോധത്തിലും തന്നോടൊപ്പമുള്ള അറ്റൻഡർ.

'ആരുമിനി വരുമെന്ന് തോന്നുന്നില്ല. ഉച്ചഭക്ഷണം പോലും കഴിച്ചില്ലല്ലോ, കല്യാണ സദ്യയുടെ പങ്കും കൊണ്ട് അവർ വരുമെന്ന് പ്രതീക്ഷിക്കുന്നതേ തെറ്റ്.നീ വാ, സ്റ്റാഫ് റൂമിൽ ചായ ഇരിപ്പുണ്ട്, അതെങ്കിലും കുടിക്ക്..'

തനിക്കൊന്നും വേണ്ടെന്ന രീതിയിൽ അയാൾ തലയാട്ടി.

ആ മുഖം തികച്ചും ശൂന്യവും നിർവ്വികാരമായിരുന്നു..

ഇന്നു മകളുടെ വിവാഹമാണ്.......

വിവാഹ ചടങ്ങ് കഴിഞ്ഞ് മകളെയും കൂട്ടി വരാമെന്നു ഭാര്യ രണ്ടാഴ്ച മുമ്പ് വിവാഹകാര്യമറിയിക്കുന്ന കൂട്ടത്തിൽ പറഞ്ഞിരുന്നു. സദ്യയുടെ ഒരു പിടി കഴിക്കണമെന്ന് അവൾ പറഞ്ഞപ്പോൾ, വേണ്ടെന്നു പറഞ്ഞില്ല. വിവാഹത്തിന് പങ്കെടുക്കുന്നതിനുള്ള ആഗ്രഹമൊന്നും മനസ്സിൽ തെളിയുന്നില്ല. ഇനി തന്റെ സാന്നിധ്യം മറ്റാരും താല്പര്യപ്പെടില്ല. പത്തിരുപത് വർഷം നിഗൂഢമായ ലോകത്ത് കഴിഞ്ഞയാൾ.

മറക്കാൻ ശ്രമിക്കുന്ന ഭൂതകാലത്തേക്ക് നിയന്ത്രണമില്ലാതെ ആഴങ്ങളിലേക്ക് നിപതിക്കുന്നതുപ്പോലെ അയാൾ സഞ്ചരിച്ചു.

നേടിയതല്ലാം ഭാര്യസഹോദരൻ സ്വന്തം പേരിൽ ഭൂമിയും വീടുമായി സമ്പാദ്യമാക്കിയതറിഞ്ഞത് എത്രയോ വൈകി കിട്ടിയ അറിവായിരുന്നു..

താനൊന്നുമല്ലാതായ നാളുകൾ. അന്യദേശത്തുകിടന്നു കെട്ടിയുയർത്തിയ സ്വപ്നങ്ങളെല്ലാം പാഴ്കിനാവുകൾ. പ്രവാസം തീർത്ത് നാട്ടിലേക്ക് വന്നത് പ്രസവാശുപത്രിയിൽ കിടക്കുന്ന ഭാര്യയെ കാണുവാൻ മാത്രമല്ലായിരുന്നു. കൊടും വഞ്ചനയ്ക്ക് കണക്കു ചോദിക്കണമെന്നുറപ്പിച്ചിരുന്നു. മൃഗീയമായ ബോധങ്ങൾ നിറഞ്ഞ മനസ്സിൽ അഗ്നിയാളുന്ന ചൂട് മാത്രം അനുഭവപ്പെട്ടു.

ലളിത മകൾക്കു ജന്മം കൊടുത്ത അന്നായിരുന്നു കുഞ്ഞിന്റെ അമ്മാവൻ തന്റെ കയ്യിൽ പിടഞ്ഞത്. തിളങ്ങുന്ന ആയുധമെടുത്തത് ആ ജീവിനെടുക്കനായിരുന്നു. പക്ഷേ തന്റെ കയ്യിലേക്കും മുഖത്തേക്കും ചിതറിത്തെറിച്ച രക്തം തന്റെ മനോനിലയെ തകിടം മറിച്ചു. അടങ്ങാത്ത വ്യഥയിൽ ഭ്രാന്തമായ അലർച്ചയൊതുങ്ങാതെ ഉയർന്നു പൊങ്ങി. മനസ്സിന്റെ അവിരാമമായ ചുറ്റലുകൾ. കാലത്തിന്റെ പിന്നിലേക്കും മുന്നിലേക്കും ശബ്ദമുഖരിതമായ കുതിച്ചു പായൽ.

ഭ്രാന്തന്റെ പൊട്ടിച്ചിരിക്കും പൊട്ടികരച്ചിലിനും പാരമ്പര്യങ്ങളുമായി ബന്ധമുണ്ടെന്നു കണ്ടെത്തൽ. നഷ്ടങ്ങൾ... നെയ്തു കൂട്ടിയ സ്വപ്നങ്ങൾ ആരോട് പറയും.. ആർക്കും ഒന്നും മനസിലാകുന്നില്ല. ലളിതക്കു പോലും... വധശ്രമകേസിലെ പ്രതിക്ക് മാനസീക വിഭ്രാന്തിയെന്ന് ബന്ധുക്കൾ, നാട്ടുകാർ, നിയമപാലകർ. ഒടുവിൽ ഭ്രാന്തനെന്ന് . സ്വയം ഉള്ളിൽ പറഞ്ഞു. യാതനകളെ ഉള്ളിലടക്കുകയല്ല, അവയെ തന്റെ സ്വത്വത്തിൽ നിന്ന് കുടഞ്ഞു കളഞ്ഞു. മനസിന്റെ ഘനം കുറഞ്ഞു. താനൊരു തൂവലായി മാറുന്ന സ്വപ്നങ്ങൾ കാണുന്ന രാത്രികൾ. തൂവൽ വായുവിലുയർന്നു പറക്കുന്നു, ഇന്ദ്രിയങ്ങളല്ലാം നിശ്ചലമാകുന്ന അനന്തമായ പറന്നു നീങ്ങൽ.

ആദ്യമൊക്കെ സന്ദർശകരില്ലാത്ത രോഗി..

രണ്ടുമൂന്ന് വർഷം കഴിഞ്ഞാണ് കൈകുഞ്ഞുമായി ലളിത മാനസികാരോഗ്യ കേന്ദ്രത്തിലെത്തിയത്അപ്പോഴും മൗനത്തിന്റെ നിറമില്ലാത്ത അറയിൽ ആർക്കും മുഖം കൊടുക്കാതെ താൻ ആകാശത്തിലൂടെ തെന്നിനീങ്ങുകയായിരുന്നു. മനസ്സ് കൈവിട്ടുപോയ എട്ടൊൻപത് വർഷങ്ങൾ. പിന്നെ ഉള്ളിൽ നീലിമയുള ആകാശം പോലെ,

തനിക്കു മുന്നിൽ വളർന്നു പൊങ്ങുന്ന പുതു ശാഖകൾ നീണ്ട പടരുന്ന മരം. കിളികൾ, മൃഗങ്ങൾ... തനിക്കു ചുറ്റും വിസ്മയങ്ങൾ തീർക്കുന്ന ലോകം.

പിന്നെയും ലളിത ഇടയ്ക്കൊക്കെ കാണാൻ വരാറുണ്ട്.... വീടിനടുത്തുള്ള പാൽ സൊസൈറ്റി യിലെ ചെറിയൊരു ജോലിയിൽ അവൾ ജീവിതം മുന്നോട്ടു തള്ളിനീക്കുന്നു.

പിന്നെ താളം വീണ്ടെടുത്ത മനസിനെയും ശോഷിച്ച ശരീരത്തെയും ഏറ്റെടുക്കാൻ ആരുമില്ലെന്ന തിരിച്ചറിവിൽ, മതിൽക്കെട്ടിനുള്ളിലെ മനോനില തെറ്റിയവർക്ക് പരിചരണവും ആശ്രയവും ആയി, പല ജീവിതങ്ങളും മുന്നിൽ കണ്ട്, ഒരു പതിറ്റാണ്ടിനപ്പുറം

കടന്നും മുന്നോട്ട് പോകുന്ന ജീവിതസഞ്ചാരം.

ചില അറിവുകൾ മൗനമായി സംവേദിക്കപ്പെടുന്നതാണ്. മനസ്സിപ്പോൾ സ്വസ്ഥമാണെങ്കിലും.ആശുപത്രി രേഖകളിൽ തന്റെ പേരിനുനേരെ ഭ്രാന്തിന്റെ ചില്ലകൾ പൂത്തുകൊണ്ടിരുന്നു.

മകളെ അവസാനം കണ്ടത് മൂന്നു വർഷം മുമ്പായിരുന്നു, ലളിതയുടെ കൈവിടാതെ, തന്നെ വിചിത്രജീവിയെ പോലെ നോക്കിയ ആ കണ്ണുകളിൽ ഭയമായിരുന്നോ, അറിയില്ല. ബിരുദ പഠനത്തിനു പട്ടണത്തിൽ പോകുന്നതിനുമുമ്പ് അച്ഛനെ കാണാൻ വന്ന മകൾ . മകളെ കൊണ്ടുവന്നത് അച്ഛന്റെ അനുഗ്രഹത്തിനു വേണ്ടിയെന്ന് പറഞ്ഞ് പുഞ്ചിരിക്കാൻ ശ്രമിച്ചു,ലളിത. മകൾ നിസ്സംഗയായിരുന്നു, നിശബ്ദയായിരുന്നു.പക്ഷേ താൻ സൗമ്യമായി ചിരിച്ചു.

സ്വന്തം ജീവചരിത്രത്തിൽ നിന്ന് വെട്ടിമാറ്റപ്പെട്ടവന്റെ ചിരി .

ഇപ്പോൾ, മകളുടെ വിവാഹക്ഷണം നടത്തിയത് ലളിത തന്നെ. അന്നു പറഞ്ഞതാണ് വിവാഹ നാൾ എല്ലാം കഴിഞ്ഞ് ഒന്നു കാണാനായി കൊണ്ടുവരുമെന്ന്.

ദീർഘമായ നിശ്വാസം... ആഗ്രഹങ്ങളെയും പ്രതീക്ഷകളെയും ദു:ഖങ്ങളെയും എല്ലാം തന്നിൽ നിന്ന് ഒഴുക്കി കളഞ്ഞതല്ലെ ?എന്നിട്ടും

താനിപ്പോൾ എന്തിനാണ് കാത്തിരിക്കുന്നത്.?സ്വയം ശൂന്യനാകാൻ ശ്രമിച്ച് താൻ പരാജയപ്പെടുകയാണോ ..?

ഭ്രാന്തന്റെ മകളെന്ന പേര് അവൾ വെറുക്കുന്നുണ്ടാകാം, വെറും അച്ഛന്റെ പേര് മതി. വിവാഹം നടത്തുന്നത് അമ്മാവന്റെ മേൽനോട്ടത്തിലാണ്. അച്ഛൻ വധിക്കാൻ ശ്രമിച്ച അമ്മാവൻ. ജീവതത്തിലേക്ക് തിരിച്ചു വന്നപ്പോൾ

ലളിതയോടും മകളോടും ഒരു കരുതലുണ്ടായിരുന്നുവെത്രെ. കുറ്റബോധം കൊണ്ടാകുമോ? ശരിയും തെറ്റും ഓരോ മനുഷ്യ ജീവിക്കും വ്യത്യസ്തമാകാം.

ചിന്തകളിൽ മറ്റുള്ള മനുഷ്യ രൂപങ്ങൾ തെളിയാറില്ല. തന്റെയുള്ളിൽ ഇപ്പോൾ ശത്രുക്കളില്ല. ആരുമില്ല.നിർവ്വികാര തയാണ് അകത്തും പുറത്തും എന്നുള്ള ശരീരബോധാവസ്ഥയിൽഎത്തിക്കഴിഞ്ഞിരിക്കുന്നു.

അയാൾ മരത്തണലിന്റെ ശീതളിമയിൽ സ്വസ്ഥമായി ശ്വസിച്ചു.

തന്റെ മകളെങ്ങനെയാകും മനസിൽ പിതാവിനെ രൂപപ്പെടുത്തിയെതെന്നറിയില്ല. ഈ മതിൽക്കെട്ടിനപ്പുറം അച്ഛനെ സ്വപ്നം കാണുന്ന മകളുണ്ടോ എന്നുമറിയില്ല. ഒന്നറിയാം, ലളിതക്കു അത്തരം സ്വപ്നങ്ങളില്ല... അവൾ നിസ്സഹായതയിൽ ബന്ധിക്കപ്പെട്ടത് ബന്ധുക്കളാലാകാം.

ഭ്രാന്തന് മുക്തിയുണ്ടാകില്ലെന്ന് വിശ്വാസമാകാം.

പാവം സ്ത്രീ...മകളുടെ .

വിവാഹം കഴിഞ്ഞ്, ഭ്രാന്താശുപത്രിയിലേക്ക് അവളെ കെട്ടിയൊരുക്കി കൊണ്ടുവരുത്താൻ ലളിതയ്ക്ക് കഴിയില്ല.

ഇനിയങ്ങനെയൊരുങ്ങിയാൽ തന്നെ ആരെങ്കിലും തടഞ്ഞുകാണും. അതുമല്ലെങ്കിൽ തിരക്കിൽ മറന്നുകാണും, എന്തൊക്കെയായാലും ഭ്രാന്തനല്ലെ. പുറം ലോകത്തിൽ നിന്നും നിർമാർജനം ചെയ്യപ്പെട്ടവൻ.

കാത്തിരിപ്പുകൾ അർത്ഥമില്ലായ്മയാണ്. തനിക്കു ചുറ്റുമുള്ള പച്ചപ്പിന് തണുപ്പുണ്ട്. ഒരു മൂടലെന്നപോലെ അതു തന്നെ ആശ്ലേഷിക്കുന്നുണ്ട്..അയാളുടെയുള്ളിൽ പ്രശാന്തമായ ഒറ്റമരം തീർത്ത മഹാവനവും ആകാശവും നിശബ്ദതയിലേക്ക് മെല്ലെ ചലിച്ചു.

ഇരുൾ പൊതിയാൻതുടങ്ങിയിരുന്ന മരച്ചുവട്ടിൽ, ഭ്രാന്തമല്ലാത്ത ധ്യാനത്തിലായിരുന്നു അയാൾ...

കഥ



# നിരാമയ രാധ



പിയാർകെ ചേനം

'രാധേ... രാധേ...'

ശ്രവണമധുരമായ താളത്തിൽ ആ നാദം കാതുകളിൽ മുഴങ്ങി. വൃന്ദാവനത്തിലെ വെണ്ണക്കല്ലാൽ നിർമ്മിതമായ അതിമനോഹരമായ പ്രേംമന്ദിർ എല്ലായിടവും നടന്നു കണ്ട് തിരിച്ചുപോരുമ്പോൾ പ്രധാന കവാടത്തിൽ നിന്ന് മെയിൻ റോഡിലേക്ക് കാലെടുത്തു കുത്തിയതേ ഉണ്ടായിരുന്നുള്ളൂ. ഇവിടെ എത്തിയതുമുതൽ പുറത്തിറങ്ങുമ്പോഴും എന്തിന് കൂട്ടത്തിലുള്ളവർ പരസ്പരം കാണുമ്പോൾപോലും ഉരുവിടുന്ന വാക്ക്. വ്രജഭൂമിയിലെ അഭിവന്ദനരീതി അതാണെന്ന് മനസ്സിലാക്കാൻ അതിനാൽതന്നെ അധികസമയം വേണ്ടിവന്നില്ല. 'കണ്ണന്റെ രാധ' വ്രജവാസികൾക്ക് എത്രമാത്രം പ്രിയങ്കരിയാണെന്ന് അത് ബോധ്യപ്പെടുത്തി. അറിയാതെതന്നെ അതേ താളത്തിൽ 'രാധേ... രാധേ...' എന്ന് പ്രത്യഭിവാദ്യം ചെയ്തുകൊണ്ട് തിരിഞ്ഞു നോക്കി.

ഒരു സുന്ദരിയായ പെൺകുട്ടി ഗോപികമാരുടെ വേഷവിതാനത്തോടെ കളഭത്തിൽ മുക്കിയ ഗോപിക്കുറിയുടെ അച്ചുമായി തന്റെ നെറ്റിയിലേയ്ക്ക് കയ്യുയർത്തുന്നു. നെറ്റിയിൽ യാതൊരു ചിഹ്നങ്ങളും വഹിക്കാൻ ഇഷ്ടമില്ലാതിരുന്നിട്ടും നിഷേധിക്കാൻ തോന്നിയില്ല. അവൾ മനോഹരമായി തന്റെ നെറ്റിയിൽ ഗോപിക്കുറി ചാർത്തി. അതോടൊപ്പം കളഭത്തട്ടിൽ കൈമുക്കി ഇരുകവിളുകളിലും അവളുടെ വിരലുകൾകൊണ്ട് ലേപനം ചെയ്തു. പിന്നെ ഒരു മടിയും കൂടാതെ കൈ നീട്ടി. അപ്പോഴാണ് അവളുടെ മുഖം ശ്രദ്ധിച്ചത്. ഇവിടെയെത്തിയതിനുശേഷം അവളെ എപ്പഴോ കണ്ടിട്ടുണ്ട്. എന്നാൽ അതെപ്പോഴാണെന്ന് അന്നേരം ഓർമ്മ വന്നില്ല.

പോക്കറ്റിൽ നിന്ന് പുറത്തെടുത്ത നോട്ടുകളിൽ നിന്ന് അമ്പതിന്റെ ഒരു നോട്ടെടുത്ത് അവൾക്കു നീട്ടി. അവൾ ഒന്നു പകച്ചു നിന്നു. നാണയത്തുട്ടുകളാണ് അവളുടെ കളഭതട്ടിൽ കിടന്നിരുന്നത്. ഇടവിട്ട് ഒന്നുരണ്ട് പത്തുരൂപാനോട്ടുകളും ഉണ്ടായിരുന്നു. അല്പം സങ്കോചത്തോടെ അവൾ അവളുടെ ഭാഷയിൽ പറഞ്ഞു.

'എന്റെ കയ്യിൽ ബാക്കി തരാൻ ഇല്ല. ഞാനിപ്പോൾ വന്നതേയുള്ളൂ.'

'അതു സാരമില്ല. വെച്ചോളൂ.' അതുംപറഞ്ഞ് അവളെ നോക്കി ഒന്നു പുഞ്ചിരിച്ചു. അവളും മനസ്സു നിറഞ്ഞ് ചിരിച്ചു.

'പേരെന്താണ്?' വെറുതേ ഒരു കൗതുകത്തിന് അവളോട് ചോദിച്ചു.

'രാധ'

അവൾ അല്പം നാണത്തോടെ, കൗതുകം നിറഞ്ഞ വാത്സല്യത്തോടെ മറുപടി പറഞ്ഞു.

'ശരി, ഇനിയും കാണാം.' എന്നിട്ട് തിരിഞ്ഞു നടന്നു. മുംബൈയിൽ കുറച്ചു കാലം ജോലിയ്ക്കായി താമസിച്ചിരുന്നതിനാൽ പ്രാദേശിക ഹിന്ദിയിൽ കുറെയെല്ലാം സംസാരിക്കാനാവുമായിരുന്നു. അവളോട് സംസാരിക്കുവാൻ അതൊരനുഗ്രഹമായി. ഇസ്കോണിന്റെ ശ്രീകൃഷ്ണബലറാം ക്ഷേത്രത്തിലേയ്ക്കുള്ള വഴിയിലൂടെ നടന്നുകൊണ്ട് അവളെ തിരിഞ്ഞുനോക്കി. അവളും തന്റെ ജോലികൾക്കിടയിലും തന്നെ തിരിഞ്ഞുനോക്കുന്നു ണ്ടായിരുന്നു.

ശ്രീകൃഷ്ണബലറാം ക്ഷേത്രത്തിലെത്തി ജപമാലയിൽ വിരലുകൾ ചേർത്ത് പ്രാർത്ഥനാമുറ്റത്തിന് ചുറ്റുമുള്ള ചവിട്ടുകളിൽ ഒന്നിലിരുന്നു.

'ഹരേ രാമ ഹരേ രാമ, രാമ രാമ ഹരേ ഹരേ,

ഹരേ കൃഷ്ണ ഹരേ കൃഷ്ണ, കൃഷ്ണ കൃഷ്ണ ഹരേ ഹരേ'

എന്ന വൈഷ്ണവ മഹാമന്ത്രവുമായി നിരവധി പേർ ജപസഞ്ചിയിലെ മാലയിൽ കയ്യിട്ട് തുടർച്ചയായി ഉരുവിട്ടുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. നൂറ്റെട്ടുരുദ്രാക്ഷമണികൾ കോർത്ത ജപമാലയിലൂടെ ഓരോ തവണ മന്ത്രമുരുവിടുമ്പോഴും ഓരോ മണികളെ പിന്തള്ളും. അങ്ങനെ നൂറ്റെട്ടു തവണ മന്ത്രങ്ങളുരുവിട്ടു കഴിഞ്ഞാൽ വീണ്ടും ആദ്യം തൊട്ട് തുടങ്ങും. കൂടെ വന്നവർ ജപം നിർത്തുമ്പോൾ പലപ്പോഴും പറയുന്നത് കേൾക്കാറുണ്ട്.

'ഞാനിന്ന് പന്ത്രണ്ട് മാല ജപിച്ചു.'

അതുകേട്ട് ഞാൻ മനസ്സിൽ കണക്കുകൂട്ടി. ഒരു മാല നൂറ്റെട്ട് അപ്പോൾ നൂറ്റിയെട്ട് ഗുണിക്കണം പന്ത്രണ്ട്. ആയിരത്തിഇരുനൂറ്റിതൊണ്ണൂറ്റാറ് തവണ അവർ ആ മഹാമന്ത്രം ഉരുവിട്ടിരിക്കുന്നു. ഇവിടെയെത്തിയ നേരത്ത് കൂടെയുള്ള ഭക്തശിരോമണികൾ തനിക്ക് സമ്മാനിച്ച ജപമാലയിലെ രുദ്രാക്ഷമണികളിൽ വിരലുകൾ ചേർത്ത് മിഴിയടച്ച് വെറുതേ ഇരുന്നു. എത്ര മാല ജപിക്കണമെന്നത് തന്റെ വിഷയമേ ആയിരുന്നില്ല. എന്നാൽ മനസ്സിനെ വറുതിയിലാക്കുക മാത്രമായിരുന്നു ലക്ഷ്യം.

അങ്ങനെയിരുന്നപ്പോൾ ആദ്യം ഓർമ്മയിലെത്തിയത് ഇരുപത്തിയെട്ട് പേരടങ്ങുന്ന സംഘത്തിൽ ചേർന്ന് തൃശൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും തിരുവനന്തപുരം ഡൽഹി കേരള എക്സ്പ്രസ്സിൽ ഏപ്രിൽ ഏഴിന് ആറുമണിയ്ക്ക് യാത്ര പുറപ്പെട്ടതാണ്. തേർഡ് ഏസി കോച്ചാണ് ബുക്ക് ചെയ്തിരുന്നതെന്നതിനാൽ പുറത്തെ കഠിനമായ ചൂട് അറിയാതെയുള്ള യാത്രയായിരുന്നു അത്. എന്നാൽ ചിലർ വൈകിയാണ് യാത്രയ്ക്ക് തയ്യാറായത്. അതിനാൽ ഏസി കമ്പാർട്ടുമെന്റ് കിട്ടാതെ പോയ ഒന്നുരണ്ടുപേരും ആ ട്രെയിനിൽ ഉണ്ടായിരുന്നു. അവർ ഏസി കമ്പാർട്ടുമെന്റിനും അഞ്ചാറു ബോഗികൾ ദൂരെ സ്ലീപ്പറിൽ യാത്ര ചെയ്യുന്നുണ്ടായിരുന്നു.

രാത്രി എല്ലാവരും ഉറങ്ങാൻ തയ്യാറെടുക്കുമ്പോഴാണ്. ശ്വസിക്കാനാവാതെ വലിച്ചുവലിച്ച് ഇപ്പോൾ തീരുമെന്ന അവസ്ഥയിൽ ഒരാളെ രണ്ടുപേർ ചേർന്ന് പിടിച്ചുകൊണ്ടുവരുന്നത് കണ്ടത്. ആദ്യം ഒന്നും മനസ്സിലായില്ല. പിന്നീട് കൂടെയുള്ളവർ പറഞ്ഞപ്പോഴാണ് അറിഞ്ഞത്. തങ്ങളുടെ സംഘത്തിലെ ഒരംഗമാണ് അയാൾ. ഒരു സഞ്ചി നിറയെ മരുന്നുമായാണ് അയാൾ യാത്രയ്ക്കായി ഇറങ്ങി പുറപ്പെട്ടിരിക്കുന്നത്. എല്ലാവിധ അസുഖങ്ങൾക്കും വിധേയനാണയാൾ. അദ്ദേഹത്തിനില്ലാത്ത അസുഖങ്ങളൊന്നും തന്നെയില്ല. ഏസി യുടെ തണുപ്പടിച്ചപ്പോൾ ശ്വാസമുട്ട് അതിരൂക്ഷമായി പ്രതികരിച്ചു. അവസാനം ശ്വാസം കിട്ടാത്ത അവസ്ഥയിൽ സ്ലീപ്പറിൽ ഇരിക്കുന്ന ആളുകളുടെ സീറ്റിൽ കൊണ്ടിരുത്താനാണ് കൊണ്ടു പോയത്. ആ സീറ്റിലുള്ളയാളെ പകരക്കാരനായി ഇങ്ങോട്ട് പറഞ്ഞയക്കുകയുമാകാം.

'ഭാര്യ വൃന്ദാവനത്തിലേക്ക് പുറപ്പെട്ടപ്പോൾ അയാളും മുന്നേ പുറപ്പെട്ടു. വീട്ടിലിരുന്നാൽ മതിയെന്ന് പല തവണ പറഞ്ഞതാണ്. അനുസരിക്കണ്ടേ.' അദ്ദേഹത്തെ പരിചയമുള്ള ഹേമലത ചേച്ചിയാണ് പറഞ്ഞ

ത്.

'അയാളെ കൂട്ടാതിരുന്നാൽ പോരായിരുന്നോ?'

'അതെങ്ങന്യാ, അരവിന്ദാക്ഷൻ വക്കീലല്ലേ ആള്. കെഞ്ചി പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മനസ്സലിഞ്ഞു.'

'എന്നാലും വയ്യാത്ത ഒരാളെയും കൊണ്ട് ഇത്രയും ദൂരം... യാത്ര റിസ്കല്ലേ?'

'അതിനെങ്ങന്യാ, എനിക്കൊരു പ്രശ്നോം ഇല്ല. എന്തെങ്കിലും സംഭവിച്ചാൽ വക്കീലിന് ഒന്നും വരില്ല എന്ന ഉറപ്പു പറഞ്ഞല്ലേ വന്നത്.'

'വീട്ടിൽ മറ്റാരും ഇല്ലേ?'

'ഇല്ലാതെയൊന്നുമല്ല. ഭാര്യയെ ഭീഷണിപ്പെടുത്തി ഓരോന്നു ചെയ്യിക്കുന്ന പോലെ മരുമക്കളെ പറഞ്ഞാൽ വിവരമറിയും. അതയാൾക്കറിയാം. അതോണ്ടാ ഭാര്യ പോന്നപ്പോൾ കൂടെ പോന്നത്.'

'കഷ്ടം. അല്ലാതെന്താ പറയാ...'

'മുഖ്യമന്ത്രീടേം മന്ത്രിമാരുടേം എം എൽ എ മാരുടെ വരെ ഡ്രൈവറായിരുന്നു. അതിന്റെ ശൗര്യം മക്കളോടും മരുമക്കളോടും എടുത്താൽ അവര് അനുവദിച്ചുകൊടുക്കോ... ഭാര്യ പിന്നെ പാവം, എല്ലാം സഹിക്കാതെ പറ്റില്ലല്ലോ.' കുറച്ചു നേരത്തേയ്ക്ക് അദ്ദേഹത്തെക്കുറിച്ചുള്ള സംഭാഷണം തുടർന്നു. പിന്നെ എല്ലാവരും ഉറങ്ങാനായി തയ്യാറെടുത്തു.

ഒമ്പതാം തിയ്യതി പതിനൊന്നരയ്ക്ക് മഥുരയിൽ ട്രെയിനിറങ്ങിയപ്പോൾ തീച്ചൂളയിലേക്ക് കാലെടുത്തു കുത്തിയതുപോലെയാണ് തോന്നിയത്. പുറത്തേയ്ക്ക് കണ്ണുകൾ തുറക്കാനാവാതെ കുറേ നേരം അന്ധാളിച്ചുനിന്നു. ചുട്ടുപൊള്ളുന്ന ചൂടിൽ ഒരടിപോലും മുന്നോട്ടു വെയ്ക്കാനാവാതെ വിയർത്തുകുളിച്ചു. ഫ്ളാറ്റ്ഫോമിലൂടെ മുന്നോട്ടു നടന്നപ്പോൾ തൊണ്ടയിലെ ജലമെല്ലാം വറ്റിവരണ്ട് അവിടെത്തന്നെ കുഴഞ്ഞു വീഴുമെന്ന മാനസികാവസ്ഥ യിലായി. ഉമിനീർ ഗ്രന്ഥികൾപോലും ഉണങ്ങിത്തീർന്നിരിക്കുന്നതായി തോന്നി. പുറത്തേയ്ക്കുള്ള പ്രവേശനകവാടത്തിൽ തണലുപറ്റി നിന്നിട്ടും ചൂടിൽ നിന്ന് രക്ഷ നേടാനായില്ല.

പന്ത്രണ്ട് കൊടുംവനങ്ങളും അനേകം ഉപവനങ്ങളും പുൽമേടുകളും കുറ്റിക്കാടുകളും നദികളും അരുവികളും തോടുകളും കുളങ്ങളും കൃഷിസ്ഥലങ്ങളും നിറഞ്ഞു നിന്നിരുന്ന വൃന്ദാവനത്തിന്റെ അയ്യായിരം വർഷങ്ങൾക്കിപ്പുറമുള്ള മാറ്റം സങ്കല്പങ്ങൾക്കുമപ്പു റമായിരിക്കുന്നു.

വൃന്ദാവൻ യാത്രയ്ക്കായി എത്തിയ ഇരുപത്തിയെട്ടുപേരും പുറത്ത് ഒത്തുചേർന്നപ്പോൾ സംഘാടകരിലാരോ ബസ് ഡ്രൈവറെ ഫോണിൽ വിളിച്ചു. അവർ റെയിൽവേ സ്റ്റേഷനുപുറത്ത് തയ്യാറായി കാത്തുകിടക്കുന്നുണ്ടായിരുന്നു. നാല്പത്തെട്ടു ഡിഗ്രിയിൽ ചുട്ടുപൊള്ളുന്ന വെയിലിലൂടെ ഇരുനൂറുമീറ്റർ ദൂരം ലഗ്ഗേജുമായി ഓടുകയായിരുന്നു. ബസ്സിൽ കയറിയതും അതൊന്നു വേഗം സഞ്ചരിച്ചാൽ മതിയെന്ന അവസ്ഥയിലായി. ആളുകളെ എണ്ണി തിട്ടപ്പെടുത്തി ലഗ്ഗേജുകൾ അടുക്കിവെച്ച് വരുമ്പോഴേയ്ക്കും എല്ലാവരും വിയർത്തു കുളിച്ച് അവശരായിട്ടുണ്ടായിരുന്നു. ഇങ്ങനെയൊരു യാത്ര വരേണ്ടായിരുന്നു എന്നാണ് അപ്പോൾ തോന്നിയത്.

വൃന്ദാവനത്തിലെ ചൈതന്യ വിഹാറിലെ ശ്രീ രാധാമാധവ് റസിഡൻസിയ്ക്കു മുമ്പിൽ ബസ് എത്തിയപ്പോൾ സമയം നട്ടുച്ച കഴിഞ്ഞിരുന്നു. വിശപ്പും ചൂടും എല്ലാവരേയും അവശരാക്കിയെങ്കിലും പൗരാണികതയുടെ ആത്മീയസൗന്ദര്യം എല്ലാവരേയും തഴുകിയുണർത്തുന്നതായി തോന്നി. എങ്കിലും ചൂടിന്റെ അസ്കിതയിൽ നിന്ന് രക്ഷ നേടുന്നതിനായി ഏസി പ്രവർത്തിക്കുന്ന റിസപ്ഷൻ കൗണ്ടറിലേയ്ക്ക് എല്ലാവരും തള്ളിക്കയറി. ഗ്രൂപ്പ് തിരിച്ച് റൂം അലോട്ടുചെയ്ത് കിട്ടുന്നതുവരേയും ആ തിരക്ക് അങ്ങനെ തുടർന്നു.

റൂമിലെത്തി ഏസി ഓൺ ചെയ്ത് ബെഡ്ഡിലേയ്ക്ക് വീണു. കൂടെയുള്ളവർ ഓരോരുത്തരായി കുളിച്ചു വരാൻ തുടങ്ങി. വിന്റോ കർട്ടൺ മാറ്റിയിട്ട് പുറത്തെ കാഴ്ചകൾ നോക്കി കിടന്നു. വഴി പിരിയുന്ന രണ്ടു റോഡുകളുടെ നടുക്കുള്ള ഒരു ട്രയാങ്കിൾ ഏരിയ കെട്ടിയുയർത്തി ഗ്രിൽ പിടിപ്പിച്ച് ഭദ്രമാക്കി വെച്ചിട്ടുണ്ടായിരുന്നു. അവിടെ കുറച്ചു മരങ്ങൾ തണൽ വിരിച്ചുനിന്നിരുന്നു. ആ തണലിൽ മേൽക്കൂരയോ മറകളോ ഇല്ലാതെ നാലഞ്ചുകുടുംബങ്ങൾ താമസിച്ചിരുന്നു. അന്നേരത്ത് അവിടെ സ്ത്രീകളും കുട്ടികളും മാത്രമാണ് ഉണ്ടായിരുന്നത്. ഒറ്റപ്പെട്ടു നിന്നിരുന്ന ഒരു മരത്തിന് കീഴേ കൊലുന്നനെയുള്ള ഒരു പെൺകുട്ടി തനിച്ച് ഇരിക്കുന്നത്

കണ്ട് അങ്ങോട്ടു ശ്രദ്ധിച്ചു. കാഴ്ചയിൽ തന്നെ അവളോട് ഒരടുപ്പം തോന്നി. കാണാൻ നല്ല സുന്ദരിയായതിനാലല്ല, അവളുടെ മുഖത്ത് നിറഞ്ഞു നിന്നിരുന്ന ലാസ്യഭാവം അവളിലേയ്ക്ക് ആകർഷിക്കുന്നതുപോലെ തോന്നി. അവളുടെ നീണ്ട മിഴികളിൽ നിന്ന് മിഴിയെടുക്കാൻ തോന്നിയില്ല. പെട്ടെന്ന് ഓർമ്മ വന്നു. അതേ, ആ പെൺകുട്ടിയാണ് പ്രേംവിഹാറിനുമുന്നിൽവെച്ച് ഇന്ന് തന്റെ നെറ്റിയിൽ ഗോപിയണിയിച്ചതും കവിളുകളിൽ കളഭം ചാർത്തിയതും.

അവളുടെ മുഖം അപ്പോൾ വ്യക്തമായി തെളിഞ്ഞുവന്നു. അതേ അത് അവൾ തന്നെ. അവളുടെ മുഖം മനസ്സിൽ കൂടുതൽ പ്രകാശിതമായി. അപ്പോൾ സ്നേഹത്തിന്റെ ഒരു ഉറവ ഉള്ളംപിളർന്ന് ഇറ്റ് വീഴുന്നത് അറിഞ്ഞു.

അവൾ ഒറ്റയ്ക്കാണ്. ഒന്നുകിൽ അനാഥ. അല്ലെങ്കിൽ അവളുടെ രക്ഷിതാക്കൾ മരണ പ്പെട്ടിരിക്കാം. ആ തെരുവിലെ അഞ്ചു കുടുംബങ്ങൾക്കൊപ്പം അവൾ ഏകയായ മറ്റൊരു കുടുംബം.

വൃന്ദാവനം രാധയുടേതാണ്. കൃഷ്ണൻ പോലും ഇവിടെ രാധയോടൊത്തുമാത്രമേ അറിയപ്പെട്ടു. സഹസ്രാബ്ദങ്ങളായി ജനങ്ങൾ രാധയുടെ പക്ഷത്ത് നിൽക്കുന്നു. രാധയാണ് അവർക്ക് ഏറ്റവും പ്രിയപ്പെട്ടവൾ. രാധയുടെ സന്തോഷം അവരുടേതുമാണ്. അതിനാൽ ആരെ കാണുമ്പോഴും അവർ രാധേ... രാധേ... എന്ന് അഭിസംബോധന ചെയ്യുന്നു. രാധയിലൂടെ മാത്രം അവർ കൃഷ്ണനെയോർക്കുന്നു. രാധയുടെ കാത്തിരിപ്പിന്റെ മധുരം അവരിപ്പോഴും രുചിച്ചറിയുന്നു. രാധയിലൂടെ മാത്രം കൃഷ്ണനെ അറിഞ്ഞാൽ മതിയെന്ന് അവർ ശാഠ്യം പിടിക്കുന്നു. 'രാധേ, രാധേ...' എന്നത് വ്രജവാസികളുടെ മഹാമന്ത്രമായി മാറിയിരിക്കുന്നു. ഒരിക്കൽ സമ്പന്നമായിരുന്ന വൃന്ദാവനം ഇന്ന് ദയനീയമായ കാഴ്ചയാണ്. പ്രേമപാരവശ്യതയോടെ കണ്ണനെ കാത്തിരിക്കുന്ന രാധയെപ്പോലെ, തന്നെയറിയാനെത്തുന്ന തീർത്ഥാടകരെ കാത്തിരിക്കുന്ന, വിശുദ്ധയെങ്കിലും ശുഷ്കമായിപ്പോയ വൃന്ദാവനം.

ഓരോ ദിവസം ഓരോ സ്ഥലങ്ങൾ സന്ദർശിച്ച് തിരിച്ചു വന്ന് ഏസി റൂമിലിരുന്ന് ജനലിലൂടെ വെറുതേ പുറത്തേയ്ക്ക് നോക്കും. അപ്പോഴെല്ലാം ചുട്ടുപൊള്ളുന്ന ചൂടിൽ ഇല പൊഴിഞ്ഞ ഒരു മരത്തണലിൽ അവൾ വിശ്രമിക്കുന്നുണ്ടാവും. ചൂടാറിയാൽ ജനങ്ങൾ ക്ഷേത്രങ്ങളി ലേയ്ക്ക് ഒഴുകാൻ തുടങ്ങുമ്പോഴേയ്ക്കും അവൾ തന്റെ പ്രവർത്തനങ്ങളിലേയ്ക്ക് തിരിച്ചു പോയിരിക്കും.

ഏസി മുറിയിലെ കർട്ടൻ നീക്കി, പുറത്ത് മരത്തണലുപ്പറ്റിയിരിക്കുന്ന അവളെ നോക്കിനോക്കിയിരിക്കുമ്പോഴെല്ലാം മനസ്സിലൊരു ആശ ഉടലെടുക്കും. കൂടെ നാട്ടിലേക്ക് കൂട്ടിയാലോ? വിളിച്ചാൽ അവൾ എന്തായാലും വരും. ജീവിതം കൈവിട്ട് നിൽക്കുന്ന അവസ്ഥയിൽ തേടിയെത്തുന്ന സുവർണ്ണാവസരം ആരും കൈവെടിയില്ലല്ലോ...

ഇതെല്ലാം ചിന്തിക്കുമ്പോഴും ഒരു സന്ദേഹമുണ്ട്. വീട്ടിൽ ചെന്നാൽ അമ്മ അംഗീകരി ക്കുമോ? നല്ലൊരു സംഖ്യ സ്ത്രീധനം കിട്ടാൻ സാധ്യതയുള്ള വീടുകൾതേടി പെണ്ണ് അന്വേഷിക്കുന്നതിന് ബ്രോക്കർമാരെ ചട്ടംകെട്ടി പറഞ്ഞയക്കുന്ന അമ്മയുടെ സമ്മതം മനസ്സറിഞ്ഞ് കിട്ടാൻ സാധ്യതയില്ല. എങ്കിലും മനസ്സിൽ അങ്ങനെ ഒരു മോഹം വളർന്നതിനെ നിഷേധിക്കാനായില്ല.

അവൾ നിത്യവും സ്ഥിരമായി നിൽക്കുന്ന സ്ഥലം തേടി അലഞ്ഞു. ഒരു ദിവസം പ്രേം മന്ദിരത്തിലാണെങ്കിൽ മറ്റൊരു ദിവസം കൃഷ്ണ ബലരാമ ക്ഷേത്രത്തിലായിരിക്കും. മറ്റുചിലപ്പോൾ ഭക്തരായ തീർത്ഥാടകർക്ക് ഗൈഡായി സഞ്ചരിക്കുന്നതും കാണാറുണ്ട്. ഇസ്കോണിന്റെ കൃഷ്ണബലരാമക്ഷേത്രത്തിനുമുന്നിൽ വെച്ച് അവളെ കണ്ടപ്പോൾ വൃന്ദാവൻ പരിക്രമത്തിന് എന്നെ സഹായിക്കാമോയെന്ന് ചോദിച്ചു. അവൾ ഉടനെ തയ്യാറായി. മുന്നൂറ് രൂപയാണ് അവളതിന് ആവശ്യപ്പെട്ടത്. അങ്ങനെ അവളുമായി അടുത്തിടപഴകുന്നതിന് ഒരു അവസരം ഒത്തുകിട്ടി.

രാവിലെ ആറുമണിയ്ക്ക് ഇസ്കോണിനടുത്തുള്ള സ്റ്റാർട്ടിംഗ് പോയന്റിലെത്തിയപ്പോൾ അവൾ തയ്യാറായി നിന്നിരുന്നു. യാത്രയാരംഭിച്ചപ്പോൾ മുതൽ അവൾ പറയാൻ തുടങ്ങി. വൃന്ദാവനത്തിന് ചുറ്റുമുള്ള പരിക്രമം പഞ്ചകോശി പരിക്രമ എന്നാണ് അറിയപ്പെടുന്നത്. പഞ്ചകോശി എന്ന വാക്കിന്റെ അർത്ഥം അഞ്ച് കോശങ്ങൾ അല്ലെങ്കിൽ ഏകദേശം പത്ത് മൈൽ എന്നാണ്, കൂടാതെ വൃന്ദാവനത്തിന്റെ അകക്കാമ്പ് നിർമ്മിക്കുന്ന പന്ത്രണ്ട് ഉപവനങ്ങൾ അല്ലെങ്കിൽ

ചെറിയ ഉപവനങ്ങൾ എന്നിവയ്ക്ക് ചുറ്റുമുള്ള ചുറ്റളവിനെയും അത് സൂചിപ്പിക്കുന്നു. പരിക്രമത്തിലായിരിക്കുമ്പോൾ എല്ലാ ക്ഷേത്രങ്ങളിലും ദർശനം സാധ്യമല്ലെങ്കിലും, കൊടിയോ, ചക്രമോ, കലശമോ ഉള്ള ഒരു ക്ഷേത്രത്തിന്റെ ശിഖരം കണ്ടാൽ അത് ദേവനെ ദർശിക്കുന്നതിന് തുല്യമായി കണക്കാക്കുന്നു. ഒരു വ്യക്തിക്ക് എല്ലാ വിശുദ്ധ കുണ്ഡങ്ങളിലും കുളിക്കാൻ കഴിയില്ല, പക്ഷേ ഒരാളുടെ തലയിൽ മൂന്ന് തുള്ളി വെള്ളം തളിച്ചാൽ അത് പൂർണ്ണമായി കുളിച്ചതിന് തുല്യമായി കണക്കാക്കപ്പെടുന്നു. അവളുടെ നാവ് ഇടതടവില്ലാതെ എന്നോട് പറഞ്ഞുകൊണ്ടിരുന്നു.

എനിക്ക് ഒരു വാക്കുപോലും പറയാൻ അവൾ ഇടം തന്നില്ല. അത്രമേൽ അവൾ വാചാലയായിരുന്നു. രണ്ടുമരങ്ങൾ ഇരട്ടകളായി നിൽക്കുന്നിടത്തെത്തിയപ്പോൾ അവൾ പറഞ്ഞു. ഇതാണ് ആദ്യത്തെ ഇടം, രമണ രേതി. കൃഷ്ണ ബലരാമവൃക്ഷമാണ് ആ ഇരട്ടമരങ്ങൾ. രമണ രേതി എന്ന പേരിന്റെ അർത്ഥം 'ആനന്ദ മണൽ' എന്നാണ്. കൃഷ്ണനും ബലരാമനും ശകത്തിക്കരയിൽ താമസിച്ചിരുന്ന കാലത്ത്, തങ്ങളുടെ ഗോപാലകരുമായി ഇവിടെ വന്ന് ഈ സ്ഥലത്തെ മൃദുവായ സിൽക്ക് മണലിൽ ആസ്വദിച്ച് കളിക്കാറുണ്ടായിരുന്നു. രണ്ടാമത്തെ സ്ഥലമെത്തിയപ്പോൾ അവൾ പറഞ്ഞു. ഇവിടെയാണ് കൃഷ്ണൻ തന്റെ രൂപം വിഷ്ണുവിന്റെ അവതാരമായ വരാഹനായി ഗോപികമാർക്ക് കാണിച്ചുകൊടുത്തത്. അടുത്ത സ്ഥലത്തെത്തിയപ്പോൾ അവൾ ഒരു കള്ളച്ചിരിയോടെ പറഞ്ഞു. ഇത് മദനതേർ ഘട്ട. ഈ സ്ഥലത്ത് നിലകൊള്ളുന്ന മനോഹരമായ ഒരു പൂന്തോട്ടത്തിൽ, കൃഷ്ണൻ ഒരിക്കൽ ഗോപികമാരോടൊപ്പം വിനോദങ്ങൾ ആസ്വദിക്കുകയായിരുന്നു, അപ്പോഴാണ് കാമദേവൻ കൃഷ്ണന്റെ നേരെ കാമാസ്ത്രം എയ്യാനുള്ള ഉദ്ദേശ്യത്തോടെ അവിടെയെത്തിയത്. എന്നാൽ കൃഷ്ണനെ കണ്ടപ്പോൾ, അവൻ കൃഷ്ണനുനേരെ അസ്ത്രം തൊടുക്കാനായി ഉന്നംവെച്ചപ്പോൾ കൃഷ്ണന്റെ മിഴികളിൽ അവന്റെ മിഴിയുടക്കി. ആ അതീന്ദ്രിയസൗന്ദര്യത്തിൽ ആകൃഷ്ടനായി, പൂർണ്ണമായും മതിഭ്രമത്തിൽപെട്ട് അവൻ മോഹാലസ്യപ്പെട്ട് വീണു. മോഹിപ്പിക്കാൻ വന്നവൻ മോഹിച്ചു വീണയിടം. ഗോഘട്ടയിലെത്തിയപ്പോൾ പറഞ്ഞു. വിഷസർപ്പമായ കാളിയനെ കൊന്ന് കൃഷ്ണൻ രക്ഷപ്പെട്ടതിൽ സന്തുഷ്ടനായ നന്ദരാജാവ് നന്ദിസൂചകമായി ധാരാളം പശുക്കളെ ബ്രാഹ്മണർക്ക് ദാനമായി നൽകിയ സ്ഥലമാണിത്. അവൾ യഥാർത്ഥത്തിൽ കൃഷ്ണന്റെ രാധയായി മാറിക്കൊണ്ടിരിക്കുന്നതായി അവളുടെ ആകാംക്ഷ മുറ്റിയ സംസാരങ്ങൾ എന്നെ ബോധ്യപ്പെടുത്തി. അടുത്ത ഘട്ടയിലെത്തിയപ്പോൾ അവൾ പറഞ്ഞു. ഇവിടെയാണ് കൃഷ്ണൻ കാളിയനെന്ന സർപ്പത്തെ അതിന്റെ പത്തികളിൽ ആനന്ദനൃത്തം ചെയ്ത് കീഴ്പെടുത്തിയത്. അവൾ ഒരു മരം കാണിച്ചുതന്നുകൊണ്ട് പറഞ്ഞു. ഈ കദംബമരത്തിൽ കയറി, കൃഷ്ണൻ വെള്ളത്തിലേക്ക് ചാടി, കാളിയനെ ആക്രമിക്കുകയായിരുന്നു. ഒപ്പം അവൾ ദൂരെയുള്ള യമുനാനദിയെ ചൂണ്ടി പറഞ്ഞു. പണ്ട് യമുനയിൽ നിന്നും ഒരു കൈവഴി കാളിന്ദിയെന്ന പേരിൽ ഇങ്ങോട്ട് ഒഴുകിയിരുന്നു. ഒരു തടാകമായി ഇവിടെ വെള്ളം കെട്ടി നിന്നിരുന്നു. അതിലായിരുന്നു കാളിയന്റെ വാസം. കാളിയന്റെ ഭാര്യമാർ തങ്ങളുടെ ഭർത്താവിനെ കൊല്ലരുതെന്ന് അപേക്ഷിച്ച് കൃഷ്ണന്റെ മുമ്പിലെത്തിയതിനാൽ കാളിയനെ കൊന്നില്ല. എന്നാൽ യമുനാനദിയുടെ പരിസരം ഉപേക്ഷിച്ച് ഭാര്യമാരോടും മക്കളോടുമൊപ്പം സമുദ്രത്തിലേക്ക് പോകാൻ കൽപ്പിക്കുകയും കാളിയൻ അതംഗീകരിക്കുകയും ചെയ്തു. ഇന്നലെ നടന്ന ഒരു സംഭവം വിവരിക്കുന്നതുപോലെയാണ് അവളിതെല്ലാം പറഞ്ഞത്. ഓരോ ഘട്ടയിലെത്തുമ്പോഴും അവൾ കൃഷ്ണനുമായി ബന്ധപ്പെട്ട വിശേഷങ്ങൾ കൈമാറിക്കൊണ്ടിരുന്നു. അത് തനിക്കറിയാത്ത ഒരുപാട് പൗരാണികകഥകൾ മനസ്സിലാക്കുന്നതിന് സഹായകമായി.

യാത്രകൾക്കിടെ പലരും കുരങ്ങുകളെ ഓടിപ്പിക്കുകയും അവർ പിടിച്ചെടുത്ത സാമഗ്രികൾ തിരിച്ചുകിട്ടുന്നതിനായി പരിശ്രമിക്കുന്നതും കണ്ടപ്പോൾ അവളൊരു കാര്യം പറഞ്ഞു. ഇവിടെ കുരങ്ങുകളെ സൂക്ഷിക്കണം. അവർ കയ്യിലുള്ള മൊബൈലുകൾ, ബാഗുകൾ, കണ്ണടകൾ നമ്മളിൽ നിന്ന് തട്ടിയെടുക്കും. എന്നിട്ട് തിരിച്ചു തരുന്നതിനായി കരം ചുമത്തും. ഞാൻ അത്ഭുതത്തോടെ അവളെ നോക്കി. അവൾ പറഞ്ഞു, സത്യം. അവർക്ക് ഒരു ഫ്രൂട്ടിയോ കോളയോ എറിഞ്ഞു കൊടുത്താൽ അവരത് പിടിച്ചെ

ടുത്ത് നമ്മളിൽ നിന്നും കൈവശപ്പെടുത്തിയതെന്തെന്നാൽ അത് താഴോട്ട് എറിഞ്ഞു തരും. കണ്ണടയും മൊബൈലും സൂക്ഷിക്കണമെന്ന് യാത്രയുടെ തുടക്കത്തിലേ അവൾ സൂചന തന്നതിന്റെ പൊരുൾ അപ്പോഴാണ് മനസ്സിലായത്. അവൾ മറ്റൊരു കഥ കൂടി പറഞ്ഞു. കഴിഞ്ഞ ദിവസം സംഭവിച്ചതാണത്രേ. ഒരാളുടെ ഒരു കണ്ണട ഒരു കുരങ്ങൻ തട്ടിയെടുത്ത് മരത്തിന്റെ ചില്ലയിലിരുന്നു. അയാൾ ഉടനെ ഒരു ഫ്രൂട്ടിയുമായി ഓടി വന്ന് അത് എറിഞ്ഞു കൊടുത്തു. അത് കൈപ്പറ്റിയ കുരങ്ങൻ തന്റെ സഹചാരിയായി അടുത്തുണ്ടായിരുന്ന കുരങ്ങിന് കണ്ണട കൈമാറി. കണ്ടു നിന്നിരുന്നവർ അത്ഭുതപ്പെട്ടു. പിന്നെ അയാൾക്ക് കണ്ണട തിരിച്ചുകിട്ടുന്നതിന് ഒരു ഫ്രൂട്ടി കൂടെ എറിഞ്ഞു കൊടുക്കേണ്ടി വന്നു.

ഇംലി താല എന്ന സ്ഥലത്തെത്തിയപ്പോൾ അവൾ പറഞ്ഞു. 'ഞാൻ പലപ്പോഴും വന്നിരിക്കാറുള്ള ഒരു സ്ഥലമാണിത്. രാധയ്ക്ക് കൃഷ്ണനിൽ നിന്ന് കടുത്ത വേർപാടുണ്ടായപ്പോൾ അവൾ ഇവിടെ വന്നിരുന്ന് കൃഷ്ണനാമങ്ങൾ ഉരുവിടുമായിരുന്നു. എന്നിട്ട് ഉന്മത്തമായ വേർപിരിയലിന്റെ ആഴത്തിലുള്ള മാനസികാവസ്ഥയിലെത്തി അവൾ കൃഷ്ണനായിത്തീരുമായിരുന്നു.'

'നീയെന്തിനാണ് ഇവിടെ പലപ്പോഴും വന്നിരിക്കാറ്. നിയും ആരെയെങ്കിലും കാത്തിരിക്കുകയാണോ?' ഞാൻ വെറുതേ ചോദിച്ചു. അവൾ അതിന് മറുപടി തന്നില്ല. പകരം പേടമാനിന്റെ മിഴികൾപോലെ അവളുടെ നയനങ്ങൾ ചടുലമായി.

കേശീഘട്ട് പിന്നിട്ട് ജഗന്നാഥഘട്ടിലെ മോക്ഷാധാം കണ്ടപ്പോൾ ഞാൻ അവളോട് വെറുതേ പറഞ്ഞു.

'കഴിഞ്ഞ ദിവസം ഞങ്ങളുടെ കൂടെ വന്ന ഒരാൾ മരണപ്പെട്ടിരുന്നു. അയാളെ ഇവിടെയാണ് സംസ്കരിച്ചത്. എന്നും ഓരോ സ്ഥലങ്ങൾ കാണാൻ പോകുമ്പോൾ അയാളും വണ്ടിയിൽ വരും. എന്നിട്ട് നടക്കാനാവാതെ വണ്ടിയിൽ തന്നെയിരിക്കും. ഒരു ദിവസം യാത്ര കഴിഞ്ഞ് റൂമിലെത്തിയതും അയാളുടെ വലിവ് കൂടി. രാത്രി എങ്ങനെയൊക്കെയോ കഴിച്ചുകൂട്ടി. രാവിലെ ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.'

'ഇവിടെ വന്ന് മരണപ്പെടുന്നവർ ഭാഗ്യവാന്മാർ. അവർ മുജ്ജന്മപാപങ്ങളടക്കം എല്ലാ പാപങ്ങളിൽ നിന്നും പുനർജന്മങ്ങളിൽ നിന്നുമെല്ലാം മോക്ഷം നേടുന്നു. അയാൾ ഭാഗ്യവാൻ തന്നെ.' അവൾ പറഞ്ഞു.

അയ്യായിരത്തോളം ക്ഷേത്രങ്ങൾ ഉൾക്കൊള്ളുന്ന ആ പുണ്യഭൂമിയെ ഒന്നുവലം വെച്ചുവരുന്നതിന് മൂന്നുമണിക്കൂറിലേറെ സമയം വേണ്ടി വന്നു. ഓരോ പ്രദേശത്തിന്റെയും ക്ഷേത്രങ്ങളുടെയും വിശേഷങ്ങൾ കേട്ട് അവസാനം ഒമ്പതരയോടെ തുടങ്ങിയിടത്തുതന്നെ യാത്ര അവസാനിച്ചപ്പോൾ ഞാനവൾക്ക് അഞ്ഞൂറുരൂപയുടെ രണ്ടു നോട്ടുകൾ എടുത്തുകൊടുത്തു. മുന്നൂറു രൂപ കിട്ടുമെന്ന് പ്രതീക്ഷിച്ച് കൂടെ നടന്ന അവൾക്ക് അതുൾക്കൊള്ളാനായില്ല.

'എന്താ ഇത്?'

'നിനക്കുള്ള കൂലി.'

'മുന്നൂറാണ് ഞാൻ പറഞ്ഞത്.'

'സാരമില്ല കയ്യിൽ വെച്ചോളൂ.'

അവൾ പോകാനൊരുങ്ങിയപ്പോളാണ് ഓർത്തത് ഇത്രയും നേരം കൂടെ നടന്നിട്ടും മനസ്സിൽ ഉണ്ടായിരുന്ന ഒന്നും അവളോട് തുറന്നു പറഞ്ഞില്ലയെന്നത്. എല്ലായ്പ്പോഴും അവളാണ് പറഞ്ഞുകൊണ്ടിരുന്നത്. അതെല്ലാംതന്നെ അയ്യായിരം വർഷം മുമ്പ് നടന്നെന്ന് പറയുന്ന ഇവിടത്തെ ഓരോ സ്ഥലത്തിന്റെയും ചരിത്രവും മിത്തുകളും കഥകളും. അവൾ യാത്ര പറഞ്ഞ് പോകാനൊരുങ്ങിയപ്പോൾ ഞാൻ പറഞ്ഞു.

'നമുക്ക് ഒരു ചായ കഴിച്ചു പിരിയാം.'

അവൾ അതിന് തയ്യാറായി എന്റെ കൂടെ റസ്റ്റോറന്റിലേയ്ക്ക് വന്നു. കൃഷ്ണബലരാമ ക്ഷേത്രകോമ്പൗണ്ടിലെ വെജിറ്റേറിയൻ ഭക്ഷണശാലയിലേയ്ക്ക് കയറി ഒരൊഴിഞ്ഞ കോർണറിൽ രണ്ടു പേരും അഭിമുഖമായി ഇരുന്നു. ഭക്ഷണം ഓർഡർ ചെയ്ത് അതുവരുന്നതിനായി കാത്തിരിക്കുന്നതിനിടയിൽ ചോദിച്ചു.

'കഴിഞ്ഞ ദിവസം ആരാണ് രാധയെ ശല്യം ചെയ്യാനെത്തിയത്?'

അവൾ ആ ചോദ്യം ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല. അവൾ ചോദിച്ചു.

'നിങ്ങളതെങ്ങനെ കണ്ടു.'

'ഞാൻ താമസിക്കുന്നത് നിങ്ങളുടെ എതിർവശത്തുള്ള രാധാമാധവിലാണ്.'

അവൾ പതുക്കെ പറഞ്ഞു. അവിടെ താമസിക്കുന്നവരൊന്നും എന്റെ ആരും അല്ല. എല്ലാം ഏജന്റുമാർ കൊണ്ടുവന്ന് താമസി

പ്പിച്ചിരിക്കുന്ന ഭിക്ഷക്കാർ. കുറച്ചു കാലം കഴിയുമ്പോൾ അവർ പോകും. പകരം മറ്റു ചിലർ വരും. അന്നുവന്ന് പ്രശ്നങ്ങളുണ്ടാക്കിയത് ഞങ്ങളുടെ ഏജന്റ് ആണ്. ഞാൻ കിട്ടിയ കളക്ഷന്റെ കണക്കുതെറ്റിച്ചു പറഞ്ഞ് അവരുടെ കമ്മീഷൻ നഷ്ടപ്പെടുത്തുന്നുവെന്നാണ് അവരുയർത്തിയ പരാതി.'

'എന്നിട്ട്?'

'ഞാൻ പറയുന്നതാണ് ശരിയെന്ന് അവരെ കണക്കുകൾ പറഞ്ഞ് ബോധ്യപ്പെടുത്തി.'

'അവർ വലിയ ശല്യമാണ് അല്ലേ?'

'ങാ, ശല്യമാണ്. എന്നാൽ അവരെ മറ്റുള്ളവർ ഭയക്കുന്നതിനാലാണ് ഞാനവിടെ സുരക്ഷിതയായിരിക്കുന്നത്.'

'അവർ പറഞ്ഞാൽ രാധയും ഇവിടെ നിന്ന് പോകുമോ?'

'എന്നെ മാത്രം അവർ ഇവിടെ സ്ഥിരമായി തങ്ങാൻ അനുവദിച്ചിരിക്കുന്നു.'

'അതെന്താ?'

'അവർക്കെന്നെ അറിയുന്നതുകൊണ്ട് തന്നെ.'

തെരുവിൽ കഴിയുന്നവർക്കും യജമാനന്മാരുണ്ടെന്ന അറിവ് വല്ലാത്ത ജിജ്ഞാസയുയർത്തി. കുറച്ചുനേരത്തെ മൗനത്തിനു ശേഷം ചോദിച്ചു.

'രാധ പോരുന്നോ?'

'എവിടേയ്ക്ക്?'

'എന്റെ നാട്ടിലേയ്ക്ക്. ഞങ്ങൾ നാളെ നാട്ടിലേയ്ക്ക് തിരിച്ചുപോകുന്നു'

അവൾ സംശയത്തോടെ എന്നെ നോക്കിയിരുന്നു. ഞാൻ തുടർന്നു.

'ഞാൻ രാധയെ വിവാഹം കഴിയ്ക്കാം.'

അവൾ ചിരിച്ചു. ആ ചിരിയിൽ എന്റെ ചോദ്യത്തിന്റെ വ്യർത്ഥത നിറഞ്ഞുനിന്നിരുന്നു. അവൾ പറഞ്ഞു.

'ഈ മണ്ണ് എനിക്ക് പ്രാണനാണ്. ഇവിടം വിട്ടാൽ കരയിൽ പിടിച്ചിട്ട മത്സ്യംപോലെയാവും ഞാൻ. ഇവിടെയാണ് ഞാനെന്റെ ബാല്യം ചിലവഴിച്ചത്. എന്നെ വിട്ടിട്ടു പോയ എന്റെ വസുദേവ ഇവിടെ തിരിച്ചെത്തുമ്പോൾ, എന്നെ കാണാതായാൽ? അവൻ ഹൃദയം പൊട്ടി ചാവും. അത്രയ്ക്കും ഇഷ്ടമായിരുന്നു അവനെന്നെ, എനിക്കവനെയും.'

'അവനെ വിവാഹം കഴിച്ചിരുന്നോ?'

'കുട്ടിക്കാലത്തെ ഓരോ കളികൾക്കിടയിലും ഞങ്ങൾ പരസ്പരം മാലയണിയിച്ച് എത്ര തവണയാണ് വിവാഹിതരായിരിക്കുന്നത്.'

'അതെല്ലാം കുട്ടിക്കളിയല്ലേ?'

'മറ്റുള്ളവർക്കതങ്ങനെയായിരിക്കാം. പക്ഷെ എനിക്കതങ്ങനെയല്ല.'

'എന്നിട്ട് അവൻ എവിടെപ്പോയി?'

'മഥുരയിലെ അമ്മാവൻ കൈവശപ്പെടുത്തിയ സ്വത്തുക്കൾ തിരിച്ചു പിടിച്ച് വരാമെന്നുപറഞ്ഞ് പോയതാണ്. എന്നിട്ട് സ്വന്തമായി ഇവിടെ ഒരു വീടുവെച്ച് ഒന്നിച്ചു താമസിക്കാമെന്നും വാക്കുതന്നിരുന്നു. എന്നാലിതുവരേയും അവൻ തിരിച്ചുവന്നില്ല.'

'അവൻ രാധയെ പറ്റിച്ചു കളഞ്ഞു അല്ലേ?'

'ആരു പറഞ്ഞു പറ്റിച്ചുപോയെന്ന്? എന്റെ വസുദേവയ്ക്ക് ആരേയും പറ്റിക്കാനാവില്ല. സ്നേഹിക്കാൻ മാത്രമേ അറിയൂ.'

'വരാതായപ്പോൾ അന്വേഷിച്ചില്ലേ?'

'അന്വേഷിച്ചു. അപ്പോഴറിഞ്ഞു. അമ്മാവനുമായുള്ള മൽപ്പിടുത്തത്തിൽ അമ്മാവൻ കൊല്ലപ്പെട്ടതോടെ പടിഞ്ഞാറോട്ട് ദൂരയാത്ര പോയെന്ന്. പോലീസിനേയും പട്ടാളത്തേയും ഭയക്കാത്ത ഇടംതേടി പോയെന്ന്. എന്റെ വസുദേവ വരും. എന്നെ തനിച്ചാക്കി അവന് ഒരിടത്തും ഒളിച്ചിരിക്കാനാവില്ല. എന്നായാലും വരും. അതുവരെ ഞാൻ ഇവിടെ കാത്തിരിക്കും.'

'ആരുമില്ലാതെ തനിച്ച് എങ്ങനെ ഒറ്റയ്ക്ക് കഴിയും?'

'ആരു പറഞ്ഞു എനിക്കാരുമില്ലെന്ന്. ഈ നാടാണെന്റെ വീട്, നാട്ടുകാർ വീട്ടുകാരും. പിന്നെ എങ്ങനെ ഞാൻ അനാഥയാവും.'

യാത്ര പറഞ്ഞ് പിരിയുമ്പോൾ അവൾ കൈക്കൂപ്പി. അവളുടെ നിഷ്കളങ്കമായ മിഴികൾ എനിക്കുനേരെ പ്രഭ ചൊരിഞ്ഞു. ഭക്തിരസം വന്നുനിറയുന്നത് എങ്ങനെയെന്ന് അനുഭവിച്ചറിഞ്ഞു. ഗ്രഹിച്ചതെല്ലാം ഒന്നുമല്ലെന്ന് ഒരോർമ്മപ്പെടുത്തൽ എവിടെയോ മുഴങ്ങി.

ഞാൻ കൃഷ്ണന്റെ പ്രിയസഖി വിരഹിണിയായ രാധയെ ഓർത്തു. ഒരിക്കലും തിരിച്ചുവരാത്ത, വൃന്ദാവനം വിട്ടുപോയ കൃഷ്ണനെ ഓർത്തു. വൃന്ദാവനത്തെ ഓർത്തു. പൊടിപിടിച്ച് ചൂടുപടർന്ന് ഊഷരമായ അവസ്ഥയിലും വൃന്ദാവനത്തിന്റെ സ്പന്ദനമറിഞ്ഞു. രാധയുടെ മഹത്വമറിഞ്ഞു. കാതുകളിൽ അപ്പോഴും ആ മഹാമന്ത്രം മുഴങ്ങി.

'രാധേ... രാധേ...'


കവിത

# തളിർക്കാലമെ



സ്റ്റെല്ല മാത്യു

ഒരു പക്ഷേ നിന്റെ വരവ്
പഴയ ചാരുനിലാപുസ്തകത്തിൽ
നിന്നാവാം.
അതിലെ പഴങ്ങൾ നിറയെ
നീ ശേഖരിച്ചെന്നും
എനിക്കറിയാം.
ഒന്നു രണ്ടു വിത്തുകൾ
നീ സൂക്ഷിച്ചത്
ഞാൻ കണ്ടു.
എനിക്കു തന്നുവെന്ന്
നീ ഓർമ്മിക്കാതെ
പറയുകയാണ്.
വന്നു നോക്കൂ,
തരിശായി കിടക്കുന്നയിവിടം
ഏത് വിത്തിന്റെ മഴ കൊണ്ടാണ്
ഉണ്ടായതെന്ന് നീ പറയണം.
വിത്തുകൾ നീ നട്ടിട്ടുണ്ട്.
കഴിഞ്ഞ ദിവസം കൂടി
അതിന്റെ തളിർപ്പിൽ
ഒരു പുൽച്ചാടി കുഞ്ഞുങ്ങളെ നോക്കു
ന്നുണ്ടായിരുന്നു.



# അറിയില്ലല്ലോ



ടോണി എം ആന്റണി

ചെറുപ്പത്തിലേ സ്കൂളിൽ പോവുമ്പോൾ
എണ്ണകറുപ്പുള്ള, തലയിൽ പേനുള്ള,
ഒരു കൂട്ടുകാരിയെനിക്കുണ്ടായിരുന്നു.
അവളുടെ പീളകെട്ടിയ കണ്ണുകൾ
എനിക്കുമാത്രം ആകർഷണീയമായിരുന്നു.
എന്നാൽ, ഇങ്ങിനെ ചേർത്ത് പിടിക്കാൻ
അറിയാത്തതിനാൽ,ഞാൻ അവളോടന്നു മിണ്ടിയില്ല ...............

പിന്നെയും മുതിർന്നപ്പോൾ അവൾ എന്നൊക്കെയോ
ഞാൻ സുന്ദരിയാണോ? കൊള്ളാവോയെന്ന്
പലകുറി ചോദിക്കുമായിരുന്നു.
അവളുടെയച്ഛനുറക്കാത്തരാത്രികളുടെ
വേദന, അവളുടെ കണ്ണും മൂക്കും പറഞ്ഞിരുന്നു.
എനിക്കന്നും ചേർത്ത് പിടിക്കാൻ അറിയില്ലല്ലോ,
അതുകൊണ്ടുതന്നെ ഞാൻ ഒന്നും മിണ്ടിയില്ല....
ഇന്നലെയാരോ പറഞ്ഞു
അവൾ ആത്മഹത്യ ചെയ്തുവെന്ന് ..
ഒന്നവിടെ പോവണമെന്നുണ്ടായിരുന്നു
അവളുടെ പീളകെട്ടിയ, ഇനിയൊരിക്കലും
തുറക്കാത്ത ആ കണ്ണുകൾ കാണാൻ.
എനിക്കിപ്പോഴും ചേർത്ത് പിടിക്കാൻ അറിയില്ലല്ലോ,
അതുകൊണ്ടുതന്നെ ഞാനവളെ കണ്ടില്ല, പോയില്ല....





ഷീജ പള്ളത്ത്



# ഭാവങ്ങൾ

ഒരുവന്റെ ഭാവങ്ങളെ
ഭാവമാറ്റങ്ങളെ,
അറിയേണമോ?

അവനെ, പ്രകൃതിയിലേക്ക്
ഇറക്കി നിറുത്തണം
ഋതുക്കളോട്
ചേർത്തു നിർത്തണം.

എന്നുമവൻ സൂര്യനെപ്പോലെ
ഉദിക്കും, മനോഹരമായൊരു
കാഴ്ചയായി മനസ്സിനെ
ഉണർത്തും, ഇളം ചൂടുള്ള
കിരണങ്ങൾ കൊണ്ട് ചുംബിക്കും.

പുലർമഞ്ഞിൽ,
വിയർപ്പിറ്റിയ പെണ്ണിന്റെ
മുഖത്തെന്ന പോലെ
മഴവിൽ വർണ്ണങ്ങളെ വിരിയിക്കും.

കാറ്റുപോലെ തലോടിക്കടന്നു
പോയവൻ, തീജ്വാലപോലെ
കത്താൻ തുടങ്ങും, ഉച്ചിയിൽ
കനലെരിച്ചു പൊള്ളിക്കും.

ആറിതണുക്കുമ്പോഴേക്കും
മുങ്ങിമറയാൻ നേരമാകും.
ശാന്തത, പകലിനെ മറന്ന്
നിഗൂഢതയിലേക്ക് ഒരാഴ്ന്നിറക്കം.

മഞ്ഞു പോലെ കുളിർപ്പിച്ചും
ചെറുമഴയായി നനച്ചും,
ആർത്തലച്ചു പെയ്ത്
പ്രളയജലം പോലെ ഭ്രാന്തമായി
കവർന്നെടുത്തും ഒഴുകി നീങ്ങും.

കടലെന്ന് അവന്റെയുപ്പിലേക്ക്
അലിയിപ്പിച്ചു കൊണ്ടേയിരിക്കും
എന്റേതെന്നു തീരത്തെ,അനുമിഷം
പുൽകിക്കൊണ്ടേയിരിക്കും.

ഇരുട്ടുകനക്കുമ്പോൾ നിലാവുപോലുദിച്ച്
സ്വപ്നങ്ങളിക്ക് കൈപിടിച്ചു
നടത്തും, അറിയാനിനി
ഏറെയുണ്ടെന്ന് ഓർമ്മിപ്പിച്ചു
കൊണ്ടേയിരിക്കും.

വസന്തങ്ങൾ അവനെയൊരു
മധുപനാക്കും, ചുണ്ടിൽ
ഈണങ്ങളെ കോർത്ത്
രാഗമാലിക തീർക്കും,

കാടകങ്ങളിലേക്ക്,
കുതിച്ചു പായുന്ന
വേട്ടമൃഗമാകും,
കാടിറങ്ങിയ ഒറ്റയാനാകും.

വ്യതിയാനങ്ങളുടെ
തീവ്രതയറിയാതെ
അഴിഞ്ഞുവീണ
ആവരണങ്ങളെ
കുടഞ്ഞുടുത്ത്
അവൻ വീണ്ടുമുദിക്കും
ഉദിക്കാനായിമാത്രം
അസ്തമിച്ചുകൊണ്ടുമിരിക്കും....

# ഭാഷയില്ലാത്തവന്റെ ഭാഷയിൽ എഴുതിയ കവിത

വീട്ടിലുള്ളവരെല്ലാം
അടുത്ത ബന്ധുവിന്റെ
കല്യാണത്തിന് പോയിരിക്കുന്ന ഒരു പകൽ

പുറത്തുനിന്നാരെങ്കിലും  വരുന്നുണ്ടോ
എന്ന ജാഗ്രതയോടെ കാവൽ നായയെപ്പോലെ
അടഞ്ഞ വാതിലിനിപ്പുറം  കാവൽ നിൽക്കുന്നുണ്ട്
വരാന്തയിലൊരു കസേര

അതിനു കുരക്കാൻ കഴിഞ്ഞെങ്കിലെന്നൊരാശ
എന്റെ ഉള്ളിൽ വന്നു കുരക്കുന്നു

നമുക്കറിയാത്ത ഭാഷയിൽ
വീടും, വീട്ടിലുള്ള വസ്തുക്കളും സംസാരിക്കുന്നുണ്ടാ
കാമെന്ന വിശ്വാസത്തിൽ ഞാനവയൊക്കെ
സ്നേഹത്തോടെ തലോടുന്നു!

സംസാരിക്കാൻ ഒരു
ഭാഷയുണ്ടായിരുന്നെങ്കിൽ,
അവയ്ക്കൊക്കെയും ജീവനുണ്ട്
എന്ന് നാമുറപ്പിച്ചേനെ

ഇരുന്നവന്റെ ഭാരം താങ്ങി മുതുക് തളരുമ്പോൾ
'എഴുന്നേറ്റ് പോടാ തെണ്ടീ ' എന്ന് ചീത്ത പറയുന്ന കസേരയും

ആധാർമികതയിലൂടെ നടന്നു തേഞ്ഞുപോകുമ്പോൾ
'നിന്റെ കൂടെ നടക്കാൻ മനസില്ല '
എന്നു പിണങ്ങുന്ന പാദരക്ഷയുമുണ്ടാകും

കൂട്ടം കൂടി  നിരപരാധിയായ ഒരു മനുഷ്യനെ
ആക്രമിക്കുമ്പോൾ  കൈകളിൽനിന്ന്
കുതറിമാറി ആക്രമികളെ ഭീഷണിപ്പെടുത്തുന്ന
ആയുധങ്ങളും

വിദ്വേഷപ്രചരണം നടത്തുന്ന പ്രസംഗകനേക്കാൾ ഉറക്കെ
സ്നേഹ സംഭാഷണം നടത്തുന്ന മൈക്കുകളും,

അനീതിക്ക് കൂട്ട് നിൽക്കുന്ന നീതി
പാലകർക്കെതിരെ  വാദിക്കുന്ന
കോടതി കെട്ടിടങ്ങളുമുണ്ടാകാം

പുഴക്ക് ഭാഷയുണ്ടായിരുന്നെങ്കിലെത്രയോ
മുങ്ങി മരണങ്ങളിൽ നിന്ന് മനുഷ്യർ രക്ഷപ്പെട്ടേനെ!

മരങ്ങൾക്ക് ഭാഷയുണ്ടായിരുന്നെങ്കിൽ
മനോഹരമായ ഗാനങ്ങൾ പാടി ഈ ഭൂമി നൃത്തം വെച്ചേനെ!

കാറ്റിനു ഭാഷയുണ്ടായിരു ന്നെങ്കിലേതെല്ലാം
രഹസ്യങ്ങളുടെ ചുരുളഴിഞ്ഞേനെ!

ഭാഷയില്ലാത്തത് കൊണ്ടാണ് ഇവയ്ക്കൊന്നും
അർഹിക്കുന്ന പരിഗണന ലഭിക്കാതെ പോകുന്നത്

ഭാഷയില്ലാത്തവർക്ക് സംസാരിക്കാനൊരു
ഭാഷയുണ്ടാക്കണം

ആ ഭാഷയിലൊരു കവിത എഴുതണം.



ബഷീർ മുളിവയൽ




# ജീവൽ സ്പന്ദനം

അടയാളപ്പെടുത്താതെ പോകുന്ന പലതിലും
വാക്കുകളുടെ വനരോദനം .
പിന്നേറ്റ മുദ്രകൾ ആടി തിമിർക്കാതെ
മുന്നേറ്റമായെന്നിൽ നിറയാത്തതെന്തു നീ. ഏകാന്തവീഥിയിൽ
നിൻ പാദസ്വനത്തിനായ് കാതോർത്ത് കാതോർത്ത്
കാത്തിരിപ്പാണ് ഞാൻ.
തത്തികളിക്കുന്ന അക്ഷരകുഞ്ഞുങ്ങൾ
ഒന്നായ് , പലതായ്
വിരിയുന്നതും പിന്നെ ,
നിലയില്ലാ കയങ്ങളിൽ എതിരേ തുഴഞ്ഞും,
കുതിതുള്ളിയാർത്തും
അക്ഷരഗീതങ്ങൾ തൻ സപ്തസ്വരധാര വാരിധി.
പകലെന്നോ , രാവെന്നോ ഭേദമില്ലാതെയവർ
നിലാവിൽ ശയിക്കുന്നു ,പിന്നെ
താരക വൃന്ദങ്ങളിൽ ചുംബന -
പ്പേമാരിയുതിർക്കുന്നു.
വസന്തവും ഗ്രീഷ്മവും
പ്രഭാത ധവള ശോഭയും ,
സായാഹ്ന ശോണിമയും
ആറ്റിക്കുറുക്കി
ഞാനെൻ കവിത തൻ സ്പന്ദനമാക്കുന്നു.
വസന്തമെ നീ തന്ന നിറവാണെൻ യൗവ്വനം
കുളിർക്കാറ്റേ നീ തന്ന തഴുകലാണെന്റെ കിനാവുകൾ.
വർഷമേഘമേ നിൻ മൗനമാണെന്നിലെ
ആർദ്ര സ്വരമാധുരി.
കാലമേ നീ തന്നയനുഗ്രഹം തന്നെ
അക്ഷര കുരുന്നിലകളാൽ തീർത്ത
ഞാനെന്നൊരു കവിത.



ജയപ്രകാശ് എറവ്



# അച്ഛനെ വരക്കുമ്പോൾ...

അച്ഛനെ വരക്കുകയെന്നാൽ
സഹനത്തിന്റെ മങ്ങിയ
ചായക്കൂട്ടിൽ നിറമില്ലാത്ത
വിയർപ്പിൻ ഉപ്പുതുള്ളികൾ ചാലിച്ച്,
ജീവിതമെന്ന ഒറ്റക്യാൻവാസിന്റെ
വെണ്മയിലേക്ക് പരിവർത്തനപ്പെടുത്തുകയെന്നാണ്...!



ദിവ്യ ഗിരീഷ്

വറുതികളെ വറ്റിച്ച് വരണ്ടുപോയ
രണ്ടു കണ്ണുകൾ വരക്കുമ്പോൾ
അഴങ്ങളിലൊതുക്കി വച്ച വാത്സല്യത്തിന്റെ നിർവചനങ്ങളെ
കറുപ്പു വെളുപ്പിലടയാളപ്പെടുത്താൻ
മറക്കരുത്...

ഉത്തരമില്ലാത്ത ചോദ്യചിഹ്നങ്ങളെയത്രയും
ഒരായുഷ്കാലം ചുമടേറ്റി ശോഷിച്ചതെങ്കിലും,
അസ്ഥിത്വം ക്ഷയിക്കാത്ത ആ നട്ടെല്ല് പകർത്തുമ്പോൾ
നിവർന്നു തന്നെ എന്നുറപ്പാക്കണം...

കുടിച്ചിറക്കിയ കയ്പ്പുനീർ പുരണ്ട്
കരുവാളിച്ചുപോയ ചുണ്ടുകൾക്കിടയിൽ
ഉടുത്തുകെട്ടുകളില്ലാതെ
ചുരത്തിയ പുഞ്ചിരി, വെളിച്ചത്തിന്റെ
ഏറ്റക്കുറച്ചിലുകളിലൂടെ തെളിഞ്ഞു തന്നെ നിൽക്കണം...

തലമുറകളെ നട്ടുനനച്ച് തഴമ്പിച്ച
കൈപ്പത്തികളെ പകർത്തുമ്പോൾ
അതിജീവനത്തിന്റെ ഹസ്തരേഖകളെ വ്യക്തതയോടെ കോറിയിടണം...

ഇരുപാദങ്ങളെ വരക്കുമ്പോൾ
വിണ്ടുകീറിയ വടുക്കളിലോരോന്നിലും
താണ്ടിയ മുൾവഴികളുടെ ഭൂപടം
തെളിഞ്ഞു കാണണം...

അച്ഛനെ വരക്കുകയെന്നാൽ ഇന്നലെകളിലെ
കാഴ്ചകൾക്ക് നേരിന്റെ നിറം കൊടുത്ത്
ഇന്നിന്റെ കാഴ്ചപ്പാടുകളായ് വിവർത്തനപ്പെടുത്തിയ
നമ്മുടെ ആത്മവിശ്വാസത്തെ പകർത്തി
വക്കുക എന്നു കൂടിയാണ്...!

കവിത

# ഓഗസ്റ്റ്





രമ പിഷാരടി

ഋതുവെഴുത്തിന്റെ സ്നിഗ്ദ്ധമാം ഭാഷ നീ-
സ്മൃതി വിലങ്ങഴിക്കുന്ന മണ്ണാണ് നീ

ഉയിരുയിർക്കൊണ്ട് *ക്രാന്തിമൈതാനത്ത്
പുതുമതേടിക്കുതിച്ച വാക്കാണ് നീ

സ്മരണ ചെന്തീക്കനൽ തൊട്ട വിപ്ളവ-
ത്തരിയിൽ നിന്ന് പടർന്ന തീക്കാറ്റ് നീ

ഇരുളിലർദ്ധരാവിൽ പക്ഷിപാടിയ-
ഹൃദയസങ്കീർത്തനത്തിന്റെ കനവ് നീ

പകുതികീറിയ ഭൂപടത്തുണ്ടിലെ-
രുധിരരോഷം തുടച്ച കാറ്റാണ് നീ!

മൃതിയിൽ നിന്നമരത്വത്തിലേയ്ക്കൊരു
കൊടിയുമായ് വന്ന പുലർസന്ധ്യയാണ് നീ.

യമുനയിൽ കണ്ട നീലമേഘദ്യുതി-
യ്ക്കരികിലെന്നും തളിർത്ത കടമ്പ് നീ

മഴയിൽ നിന്നേകതാളം, ശ്രുതി, കണ്ണിലുറവ-
വറ്റാതെ കണ്ണുനീരെങ്കിലും

പക തിമിർക്കുന്ന ലോകയുദ്ധത്തിന്റെ
നിറുകയിൽ വീണൊരാണവപ്പകല് നീ

മരണഗന്ധത്തിലാഴ്ന്ന് പോകാതെ പോർ-
വഴിയിൽ നിന്നൂർജ്ജമുൾക്കൊണ്ടുയർന്നവർ

ഉദയസൂര്യനെ വീണ്ടും മിനുക്കവേ-
ഉലയിലായഗ്നി സൂക്ഷിച്ച പകല് നീ

തിമിരമാറ്റുവാൻ മിന്നാമിനുങ്ങിനെ-
മിഴിയിലേറ്റിത്തെളിച്ച പ്രതീക്ഷ നീ.

ഭ്രമതലങ്ങളിൽ നിന്ന് പ്രശാന്തമാം-
തിരകൾ തൻ ശാന്തസാഗരമാണ് നീ

പുതിയ ദർപ്പണം, മുന്നിൽ *ഹിരോഷിമ-
ക്കതിരു കാക്കുന്ന പൂന്തോട്ടമാണ് നീ.

കണ്ണിനായ് കണ്ണ് ചൂഴ്ന്നെടുക്കാതെയുൾ-
ക്കണ്ണിലെ കാഴ്ച തേടുന്ന കണ്ണ് നീ.

ദിക്ക് തെറ്റിക്കുതിച്ച കാലത്തിന്റെ
ചിത്രമെല്ലാമൊഴുക്കിലാക്കിക്കൊണ്ട്

പെയ്ത്ത് നിർത്താത്ത മേഘമോഹത്തിന്റെ
ദൃഷ്ടിവീണ പ്രളയമാകുന്നു നീ

സൂര്യചന്ദ്രതാരങ്ങൾ പകുക്കാത്ത
ധ്യാനലീനപ്രപഞ്ചസ്വരം പോലെ

ആധിയും, വ്യാധിയാഹ്ളാദഹർഷങ്ങൾ
ഭൂമി പോലെ സഹിക്കുന്നുവെങ്കിലും

നിന്നോടൽപ്പം പ്രിയം വിലങ്ങിൽ തൊടും
മണ്ണ് സ്വാതന്ത്ര്യമെന്നും കൊതിച്ചിടും

നിന്നോടൽപ്പം പ്രിയം അർദ്ധരാവിലെ
നിർണ്ണയത്തിന്റെ മൂവർണ്ണഭാഷ നീ..

കഥ



# കനവുണരുന്ന കടൽരാശി



ദിവ്യ സി ആർ

**അ**യാളൊരു നാടോടിയാണ്. യാദൃശ്ചികമായൊരു പരിചയപ്പെടലായിരുന്നു തുടക്കം. കടലിന്റെ നീലിമയോട് അഗാധമായ പ്രണയം മനസ്സിൽ സൂക്ഷിച്ചതുകൊണ്ടാണ് ജീവിതത്തിൽ ഒറ്റപ്പെട്ടുപോയെന്നു തോന്നിയ നിമിഷം വിശാലമായ സാഗരനീലിമയിലേക്ക് നടന്നിറങ്ങാമെന്ന് തീരുമാനിച്ചത്. ചുറ്റുപാടും നന്നായി നിരീക്ഷിച്ച് ആരുമില്ലെന്ന് ഉറപ്പു വരുത്തി, അധികം തിരക്കുകളില്ലാത്ത ബീച്ചിന്റെ ഒരു ഭാഗത്തേക്ക് ചെന്നിരുന്നു. അപ്പോഴാണ് ഒരു കൂട്ടം കാമുകീകാമുകന്മാരുടെ സങ്കേതമാണ് അവിടമെന്ന് മനസിലായത്. എങ്കിലും അധികം തിരക്കുകളില്ലാത്ത അവിടെ തന്നെ തുടരാൻ തീരുമാനിച്ചു. കുറച്ചകലെ ലൈഫ് ഗാർഡുകളും പോലീസും അവരുടെ സാന്നിധ്യം ഉറപ്പിച്ചിട്ടുമുണ്ട്. ലക്ഷ്യം ആത്മഹത്യയായതുകൊണ്ടു തന്നെ വളരെയധികം സംയമനം പാലിച്ചേ മതിയാകൂ.

ചക്രവാളങ്ങൾ ചുവന്നു തുടങ്ങിയപ്പോൾ പ്രണയസല്ലാപങ്ങൾ മതിയാക്കി ചുറ്റുലുമുണ്ടായിരുന്നവർ യാത്രയായി. കണ്ണെത്താ ദൂരത്തോളം വിശാലമായ കടൽ അത്യധികം ആവേശത്തോടെ എന്നെ ക്ഷണിക്കുന്നു!

ഒരിക്കൽ കൂടി ആരുമില്ലെന്നുറപ്പിച്ച് പതിയെ എഴുന്നേറ്റ് ധീരമായി കടലിലേക്കിറങ്ങി നടന്നു. കരയെ പുണർന്ന് കടലിലേക്കിറങ്ങുന്ന തിര, ആവേശത്തോടെ വരുന്ന തിരകളിൽ എത്ര ദുർബലമായാണ് തല്ലിത്തകരുന്നത്. ഞാനും ആ തിരയുടെ ഭാഗമായി ഇതാ നിന്നിലേക്ക് വരുന്നു!

എന്റെ നടത്തത്തിന്റെ വേഗത കൂടി. ആരെങ്കിലും ശ്രദ്ധിക്കുന്നതിന് മുൻപ് തിരയിൽ മറയണം. കാലുകൾ വേഗത്തിൽ മണൽപ്പരപ്പ് കടന്ന് വെള്ളത്തിന്റെ നനവിൽ തൊട്ടു. കാൽപാദം കഴിഞ്ഞ് മുകളിലേക്ക് വെള്ളത്തിന്റെ ആഴമുയരുമ്പോൾ സാരി കാലിൽ ഒട്ടിപ്പിടിച്ച് വേഗം കുറച്ചു. പെട്ടെന്നാണ് കൈകളിൽ ആരോ ബലമായി മുറുകെ പിടിച്ചത്. ഒരു നിമിഷം സർവ്വശക്തിയുമെടുത്ത് അയാളെ തള്ളി മാറ്റി, വീണ്ടും കടലിന്റെ അഗാധതയിലേക്കിറങ്ങാൻ തിടുക്കം കൂട്ടി. കടൽ വെള്ളത്തിൽ വീണ് ശരീരം മുഴുവൻ നനഞ്ഞ അയാൾക്ക് ദേഷ്യം വന്നു. വീണ്ടും ശക്തമായി എന്നെ പിടിച്ചു വലിച്ച് കവിളത്ത് ആഞ്ഞടിച്ചു. സ്ഥലകാല ബോധം നഷ്ടപ്പെട്ട എന്നെ മണൽ

ത്തീരത്തേക്ക് വലിച്ചടുപ്പിച്ചു. അയാളുടെ വസ്ത്രത്തിൽ പറ്റിപ്പിടിച്ച മണൽത്തരികളെ കുടഞ്ഞുണക്കി വീണ്ടും എനിക്കരുകിലേക്ക് വന്നിരുന്നു. അയാളുടെ നോട്ടം വകവയ്ക്കാതെ ദേഷ്യത്തോടെ തലവെട്ടിച്ച് തിരിഞ്ഞിരുന്നു.

' എന്താ നിങ്ങളുടെ പ്രശ്നം?'

'എന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ നിങ്ങളാരാ.?'

'എന്റെ അച്ഛനാണോ? അതോ ഭർത്താവോ ?'

'അതോ ആങ്ങളയോ കാമുകനോ?'

അവസാനത്തേത് വേണമെങ്കിൽ ആവാം.'

' ആഹാ! കൊള്ളാലോ. ഞരമ്പ് രോഗി!'

അടക്കിവച്ചിരുന്ന രോഷം തിളച്ചു തുടങ്ങിയപ്പോൾ ഞാൻ എഴുന്നേറ്റ് തിരിഞ്ഞു നടക്കുവാൻ തുടങ്ങി.

' എനിക്കിതു വേണം! ജീവൻ രക്ഷിച്ചതിന്റെ പ്രതിഫലം!'

'ഹ ഹ ഹ '

അയാളുടെ അലറിയ ചിരി എന്റെ കാതുകളിൽ രാക്ഷസത്തിര പോലെ അലയടിച്ചു കൊണ്ടേയിരുന്നു.

ആത്മഹത്യാശ്രമം പരാജയപ്പെടുത്തിയ മനുഷ്യനോട് ജാള്യത കലർന്ന നീരസം ഉയർന്നു വന്നതിനാൽ തിരിഞ്ഞു നോക്കാൻ തോന്നിയതേയില്ല.

വീട്ടിലേക്ക് തിരിച്ചെത്തുമ്പോൾ പതിവ് വഴക്കുകളുടെ കോലാഹലങ്ങൾ കെട്ടഴിഞ്ഞിരുന്നു. ഭർത്താവ് വീട്ടിൽ നിന്നിറങ്ങി പോയിരിക്കുന്നു. മക്കൾ അവരവരുടെ മുറികളിൽ അവരുടെതായ തിരക്കുകളിൽ വ്യാപരിക്കുന്നു. അവരെ ശ്രദ്ധിക്കാതെ ഞാനെന്റെ മുറിക്കുള്ളിലേക്ക് കയറുമ്പോൾ, ഉണങ്ങിപ്പിടിച്ച മണൽത്തരികളും ഉപ്പുവെള്ളവും ശരീരത്തെ വരിഞ്ഞു മുറുക്കാൻ തുടങ്ങി. കുളിമുറിയിൽ കയറി കുളിക്കാനായി ഷവർ തുറന്നു വച്ചു. തണുത്ത വെള്ളം തലയിൽ വീണപ്പോൾ പരിസരബോധം വീണ്ടെടുത്തു. കവിൾത്തടത്തിലൂടെ ഒലിച്ചിറങ്ങിയ വെള്ളത്തിന് പൊള്ളുന്ന ചൂട് അനുഭവപ്പെട്ടു. മെല്ലെ വിരലുകൾ ചേർത്തപ്പോൾ ഞെട്ടി.

അയാൾ തല്ലിയ കവിൾത്തടം തിണുർത്തിരിക്കുന്നു!

വല്ലാതെ വേദനിക്കുന്നു!

'എന്നെ വേദനിപ്പിക്കാൻ അയാൾ ആരാണ്? ഇന്നേവരെ ആരും എന്നെ ഉപദ്രവിച്ചിട്ടില്ല. എന്നിട്ടും ഞാനെന്താ ഒന്നും മിണ്ടാതെ തിരിച്ചു വന്നത്?'

അതുവരെ ഉണ്ടായിരുന്ന കുടുംബപ്രശ്നങ്ങളും അതിന് പരിഹാരമായി തിരഞ്ഞെടുത്ത വഴിയും മറന്ന് എന്റെ ചിന്തകൾ അയാളുടെ പിന്നിലെയായി.

അയാൾ അതിക്രൂരമായി എന്നെ തല്ലിയിരിക്കുന്നു. മുറിക്കുള്ളിലെ കണ്ണാടിയിൽ പലതവണ മുഖം നോക്കി. കൈ ചേർത്ത പാടുകൾ വളരെ വ്യക്തമായി പതിഞ്ഞിട്ടുണ്ട്.

' അമ്മാ.. ഞങ്ങൾക്ക് അമ്മയോടും അച്ഛനോടും കുറച്ചു കാര്യങ്ങൾ സംസാരിക്കാനുണ്ട്.'- മക്കളുടെ മുമ്പിൽ വിശദീകരണത്തിനുള്ള സമയമാണ്.

' എന്താ നിങ്ങൾക്ക് പറയുവാനുള്ളത്?'

ഭർത്താവിനോടുള്ള ദേഷ്യം ഉച്ചസ്ഥായിയിൽ ഉറഞ്ഞു തുള്ളുന്ന പതിവിൽ നിന്ന് വളരെ ശാന്തമായി ചോദിച്ചു.

'എന്തിനാണ് നിങ്ങൾ രണ്ടു പേരും ഇങ്ങനെ വഴക്കിടുന്നത് ? ഞങ്ങൾക്ക് ഇത്തിരി സമാധാനം തന്നൂടെ?'

'അയാളുടെ എല്ലാ തോന്ന്യാസങ്ങളും ക്ഷമിച്ച് ഞാൻ മിണ്ടാതിരിക്കണമെന്നാണോ?'

' നിങ്ങൾക്ക് രണ്ടു പേർക്കും ഒന്നിച്ചു പോകാൻ കഴിയില്ലെന്ന് അറിയാമല്ലോ. വേർപിരിഞ്ഞ് സമാധാനമായി ജീവിക്ക്. ഞങ്ങൾ ഹോസ്റ്റലിൽ പൊയ്ക്കോളാം. ഞങ്ങളെ ഓർത്ത് ആരും ഒന്നും സഹിക്കുകയും ക്ഷമിക്കുകയും വേണ്ട.'

മക്കൾ വളർന്നു പോയിരിക്കുന്നു. അവർ ജീവിതത്തെക്കുറിച്ച് വളരെ വ്യക്തമായി ചിന്തിച്ചിരിക്കുന്നു!

' ഞാനോ..?'

ഭർത്താവ്, മക്കൾ, വീട്..!

എത്ര ബാലിശമായിരുന്നു..!

'ഞങ്ങൾ അച്ഛനോട് സംസാരിച്ചു. ഇനി അമ്മയുടെ തീരുമാനം പറയാം.'

എന്നോ പൊട്ടിപ്പോയൊരു ബന്ധം ഇനിയും ചേർത്തു വച്ചിട്ടെന്തിനാണ്?മക്കളായിരുന്നു ഇതുവരെ പിടിച്ചു നിർത്തിയത്. ഇന്ന് അവർ തന്നെ തീരുമാനങ്ങളെടുക്കുന്നു.

നന്നായി!

'എനിക്കും സമ്മതം.'

തുടർന്നുള്ള ദിവസങ്ങളിൽ അത് തന്നെ

സംഭവിച്ചു. പരസ്പരം പഴി ചാരി രക്ഷപ്പെടാൻ ശ്രമിക്കാതെ, വിഴുപ്പുകെട്ടിന്റെ ഒരു ചെറിയ ഭാണ്ഡം പോലും പൊട്ടിക്കാതെ അങ്ങനെ ഒരു ദാമ്പത്യം ആ കോടതി വരാന്തയിൽ അവസാനിപ്പിച്ചു.

ഇന്ന്, കടലിലേക്ക് നോക്കിയിരിക്കുമ്പോൾ വളരെയധികം ആത്മസംതൃപ്തി തോന്നുന്നു. ആരുടെയും അധികാരങ്ങൾക്കോ അവകാശങ്ങൾക്കോ അടിമപ്പെടാത്ത പെൺമനസ്സ് എത്രത്തോളം സന്തോഷം അനുഭവിക്കുന്നുണ്ടെന്ന് ചോദിച്ചാൽ..

'ദാ..ഈ കടലോളം!' എന്നാവും പറയുക.

' ഹേയ്.. ഇന്നും കടലിലേക്കിറങ്ങി പോകാൻ തോന്നുന്നുണ്ടോ.?'

അനുമതി കാത്തു നിൽക്കാതെ അയാൾ എനിക്കരുകിലെ മണൽത്തിട്ടമേലിരുന്നു. അല്പം സങ്കോചത്തോടെ ചിരിക്കാൻ ശ്രമിച്ചുവെങ്കിലും പരാജയപ്പെട്ടു. അസ്തമിക്കാനായി ചക്രവാളങ്ങളെ പുൽകുന്ന സൂര്യനെ നോക്കി; വർണ്ണങ്ങൾ വാരി വിതറിയ ആ മനോഹരമായ യാത്ര പറച്ചിൽ നോക്കി അങ്ങനെയിരുന്നു പോയി.

'ഇതിനേക്കാൾ മനോഹരമായി തിരിച്ചു വരുമെന്ന ഓർമ്മപ്പെടുത്തൽ!'

എന്റെ മനസ് വായിച്ചിട്ടെന്നോണം അയാൾ പറഞ്ഞു. വേർപാടിന്റെ വേദനയോടെ ഒരു ഗസൽ അയാൾ ആരും കേൾക്കണമെന്നോ ആസ്വദിക്കണമെന്നോ വാശി പിടിക്കാതെ മൂളിത്തുടങ്ങി. ആ മധുരശബ്ദത്തിൽ എന്റെ ഈർഷ്യകളെല്ലാം അലിഞ്ഞിറങ്ങി. ആ ഗാനം ആസ്വദിച്ചിട്ടെന്ന പോലെ സൂര്യൻ പൂർണ്ണമായും രംഗം ഉപേക്ഷിച്ചിരുന്നു. ശ്രോതാക്കളുടെ പ്രശംസയും കൈയടിയും പ്രതീക്ഷിക്കാത്ത ഗായകനെ പോലെ അയാൾ മണൽത്തരികൾ തട്ടിക്കുടഞ്ഞ് എഴുന്നേറ്റ് നടന്നു. അയാൾക്കൊപ്പം ഞാനും അനുഗമിച്ചു.

'ഞാൻ മായ.'

'ഞാൻ നാടോടി.'

'ങേ..?' പൊട്ടിയ ചിരി ഉള്ളിലൊതുക്കി ഞാൻ അതിശയം കൂറി.

'പേരിനും വീടിനും നാടിനും ഒറ്റ മേൽവിലാസം: നാടോടി.'

'ഞാൻ..'

'കൂടുതൽ നിങ്ങളെ കുറിച്ച് അറിയണമെന്നില്ല. വിളിക്കാനൊരു പേര്. അതുതന്നെ ധാരാളം.'

അയാളിലെ അരാജകവാദിയോട് വല്ലാതെ അരിശം തോന്നി.

സാധാരണ നാടോടി എന്ന് കേൾക്കുമ്പോൾ വായിച്ചും സിനിമകളിൽ കണ്ടുമൊരു രൂപമുണ്ട്. പക്ഷേ ഈ മനുഷ്യനിൽ അതെല്ലാം തികച്ചും അപ്രായോഗികം. മനോഹരമായി തുന്നൽപ്പണികൾ ചെയ്തൊരു തുണിസഞ്ചി മാത്രമാണ് പേരിനോട് ചെറിയ രീതിയിൽ നീതി പുലർത്തുന്നത്.

വീണ്ടും വീണ്ടും കണ്ടുമുട്ടലുകൾ ആവർത്തിച്ചു. ഓരോ ദിവസവും സംസാരിക്കുന്ന വിഷയങ്ങൾ ഓരോന്നായി. ആ കടൽത്തീരങ്ങളും ആളൊഴിഞ്ഞ സിമന്റ് ബെഞ്ചും ഇളം ചൂടിൽ തർക്കശാസ്ത്രങ്ങളിലേർപ്പെട്ടു.

ആകാശത്തോളം പടർന്ന ആഗ്രഹങ്ങളുടെ വർണ്ണരാജികളെ കുറിച്ച് ഞാൻ പറയുമ്പോൾ പതുപതുത്ത നനവുള്ള പുതുമണ്ണിനെ അയാൾ ഓർമിപ്പിച്ചു. ഞാൻ സ്വപ്നങ്ങളെ കുറിച്ചും പാറിപ്പറക്കുന്ന അപ്പൂപ്പൻ താടിയുടെ സ്വാതന്ത്ര്യത്തെ കുറിച്ചും വാചാലമാകുമ്പോൾ ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളെ കുറിച്ചും പൊള്ളയായ ഭ്രമങ്ങളെ കുറിച്ചും എന്നോട് വാദിച്ചു കൊണ്ടേയിരുന്നു. പരസ്പരമൊരു ആത്മബന്ധത്താൽ ഞങ്ങൾക്കിടയിലെ ബന്ധനം മുറുകുന്നതു പോലെ എനിക്ക് തോന്നി. കൗതുകം ജനിപ്പിക്കുന്ന അയാളുടെ കണ്ണുകളിലെ തിളക്കം ഒരിക്കലും എന്നെ വിട്ടു പോകരുതെന്ന വാശി എന്നിൽ ആധിപത്യം സ്ഥാപിച്ചു കഴിഞ്ഞിരുന്നു.

ആദ്യമായി കണ്ടുമുട്ടിയ കടൽത്തീരത്തു വച്ചാണ് അവസാനമായി വീണ്ടും കണ്ടത്. അസ്തമയ സൂര്യന്റെ ചുവപ്പ് പടർന്നിറങ്ങും ജലരാശിയെ നോക്കി,

'എനിക്ക് നിങ്ങളെ പിരിയാൻ വയ്യെ'ന്ന് പറയണമെന്ന് തോന്നി.

മൗനം കടന്നു വന്ന വഴികളെ ബലപ്പെടുത്താൻ എന്നോണം തിരകളെ താലോലിക്കുന്ന അയാളുടെ കണ്ണുകളിൽ നോക്കി പറയാൻ ധൈര്യം പതറി നിന്നു.

കടലിന് അഭിമുഖമായി കുറച്ചു സമയം കൂടി നോക്കിയിരുന്ന്, നിശബ്ദനായി അയാൾ ആ മണൽത്തരികളിലൂടെ നടന്നകന്നു പോയി.

കഥ

# ചെതുമ്പലുകളില്ലാത്ത ഞാൻ





നിത്യാലക്ഷ്മി. എൽ. എൽ

**ബ**സ് തിരിഞ്ഞു കയറുന്ന വളവിൽ നിന്നാണ് അവൾ എന്നും കയറിയിരുന്നത്. അന്നും പതിവ് പോലെ ബസ്സ്റ്റോപ്പിൽ നിൽക്കുമ്പോഴാണ് മഴ തുടങ്ങിയത്. പെട്ടന്നുള്ള മഴയായതിനാൽ മരത്തണലത്തോട്ട് കയറി നിന്ന് നനയുകയേ നിവൃത്തി ഉണ്ടായിരുന്നുള്ളൂ. എന്നത്തെക്കാളും താമസിച്ചു വന്ന ബസിന് കൈ കാണിക്കുമ്പോൾ അവളുടെ ശരീരം മൊത്തം തണുപ്പിൽ വിറയ്ക്കുന്നുണ്ടായിരുന്നു.

അന്നും അവൾക്ക് സീറ്റ് കിട്ടിയില്ല. പിന്നിൽ നിന്ന് രണ്ടാമത്തെ സീറ്റിനോട് ചേർന്ന് നിൽക്കുമ്പോൾ, അവൾ മൂലയറ്റത്തെ സീറ്റിലേക്ക് ഒന്ന് പാളി നോക്കി.

‘ഉണ്ട്, ഇന്നും അയാൾ അവിടെ തന്നെയുണ്ട്.‘ അവൾ ചുണ്ടിൽ ഒരു പുഞ്ചിരി ഒളിപ്പിച്ച് വച്ച് തിരിഞ്ഞു നിന്നു.

അധരങ്ങളിൽ നിന്ന് ജലകണികകൾ ഇറ്റു വീണുകൊണ്ടിരുന്നു, പൂവിൽ നിന്ന് തേൻകണങ്ങൾ ഇറ്റ് വീഴുന്ന പോലെ. മുടിയിൽ ചൂടിയിരുന്ന മുല്ലപ്പൂവും കനകാംബരവും ഒന്നിറങ്ങിപ്പോകൂ എന്ന മട്ടിൽ മഴത്തുള്ളികളെ ആട്ടിപ്പായിച്ചു കൊണ്ടിരുന്നു. സമയാസമയങ്ങളിൽ അവളുടെ കൈകൾ തല തുവർത്തും മുടിയിലേക്ക് നീങ്ങിക്കൊണ്ടിരുന്നു.

ഇതിനൊക്കെ ഇടയിലും അവളുടെ ഉള്ളം ഒന്ന് തിരിഞ്ഞു നോക്കുവാൻ കൊതികൊണ്ട് നിൽക്കുകയായിരുന്നു.

പക്ഷേ, അവൾ തിരിഞ്ഞു നോക്കാൻ ധൈര്യപ്പെട്ടില്ല. അല്ലാതെ തന്നെ, അയാളുടെ കണ്ണുകളുടെ കാന്തവലയം വന്ന് അവളുടെ ഹൃദയത്തിൽ പതിക്കുന്നുണ്ടായിരുന്നു. അയാളുടെ ഓരോ നോട്ടത്തിലും അവളുടെ ഹൃദയം ശക്തിയായി മിടിച്ചു കൊണ്ടിരുന്നു. നെഞ്ചിടിപ്പിന്റെ താളം ഉയർന്നു കൊണ്ടിരുന്നു.

കഴിഞ്ഞ രണ്ട് മാസമായാണ് അവൾ അയാളെ ശ്രദ്ധിക്കാൻ തുടങ്ങിയത്. അതിനും എത്രയോ മുൻപ് തൊട്ടേ അയാൾ ഈ ബസിൽ തന്നെ ഉണ്ടായിരുന്നിരിക്കണം! തന്നെത്തന്നെ നോക്കിയിങ്ങനെ മണിക്കൂറുകളോളം ഇരുന്നിരിക്കണം.

അയാളെ രണ്ട് മാസം മുൻപ് ആദ്യമായി ശ്രദ്ധിക്കാൻ ഇട വന്ന ദിവസത്തെക്കുറിച്ച് നിന്ന നിൽപ്പിൽ അവളോർത്ത് പോയി.

അന്ന് അവൾ സാരിയുടുത്ത ദിവസമായിരുന്നു. ബി.എഡ് വിദ്യാർത്ഥിനികൾക്ക് എന്നൊമൊരു ഭാരമാണല്ലോ ആഴ്ചയിൽ രണ്ട് ദിവസത്തെ സാരിയെന്ന യൂണിഫോം. സാരിയുടുക്കുന്നത് വളരെ ഇഷ്ടമുള്ള സംഗതിയൊക്കെ തന്നെയായിരുന്നെങ്കിലും, ഇതും വാരിച്ചുറ്റി രാവിലെ തന്നെ തിരക്കുള്ള ബസിൽ തള്ളിയുന്തി കോളജിലേക്ക് പോകേണ്ടി വന്നപ്പോൾ മുതലാ

ണ് സാരി അവൾ വെറുത്തു തുടങ്ങിയത്. ആൺകുട്ടികളോട് യൂണിഫോം എന്ന പേരിൽ ആഴ്ചയിൽ രണ്ട് ദിവസം മുണ്ടുടുത്ത് വരാൻ നിർബന്ധിക്കാത്തതിലെ പക്ഷപാതം മനസിലിട്ട് കലിയിളകി നിൽക്കുമ്പോഴാണ് അവൾ നിൽക്കുന്നതിന്റെ തൊട്ടടുത്ത സീറ്റിലെ വൃദ്ധന്റെ കണ്ണുകൾ അശ്ലീലച്ചുവയോടെ തന്റെ ശരീരത്തിലേക്ക് പായുകയാണെന്ന് അവൾ മനസിലാക്കിയത്. വിമ്മിഷ്ടത്തോടെ സാരിയുടെ പലഭാഗങ്ങളും പിടിച്ച് പിടിച്ച് മറയ്ക്കാൻ ശ്രമിച്ചുവെങ്കിലും മിനുസമായ ഉദരം തുറന്ന് തന്നെ കിടന്നു. അന്ന് അങ്ങനെ വാച്ചിലേക്കും പുറത്തേക്കും മാറിമാറി നോക്കി, ഇറങ്ങാനുള്ള സ്റ്റോപ്പ് എപ്പോൾ എത്തുമെന്ന് വെപ്രാളപ്പെടുന്നതിനിടയ്ക്കാണ് അവളുടെ നേർക്ക് ചുരുട്ടിപ്പിടിച്ച ഒരു കൈ നീണ്ടു വന്നത്. അവളത് വാങ്ങി നോക്കുമ്പോൾ, ഒരു സേഫ്റ്റി പിൻ ആണ്. ഉദരം മറച്ച് പിന്ന് കുത്തി, സമാധാനത്തോടെ ഒരു ദീർഘനിശ്വാസം വിട്ട്, അത് തന്നയാളെ നോക്കി. അയാൾ ചിരിക്കുന്നു. സുമുഖനായ ഒരു ചെറുപ്പക്കാരൻ. അന്ന് ബസ് ഇറങ്ങുന്നതിന് മുൻപ്, ഒരു പത്ത് വട്ടമെങ്കിലും അവൾ അയാളെ പാളി നോക്കിയിട്ടുണ്ടാകും, അവൻ തിരിച്ചും. അതിനിടയ്ക്ക് നാലിലധികം തവണ അവരുടെ കണ്ണുകൾ തമ്മിൽ കൂട്ടിമുട്ടുകയും എത്രയും വേഗം രണ്ട് പേരും പിൻവലിക്കുകയും ചെയ്തു. ബസിറങ്ങി നടക്കുമ്പോൾ തിരിഞ്ഞു നോക്കാതിരിക്കാൻ അവൾ കഷ്ടപ്പെടുന്നുണ്ടായിരുന്നു.

അതിന് ശേഷമുള്ള ഓരോ ദിവസവും അവൾ പൊട്ട് കുത്തിയതും പൂവ് ചൂടിയതും കണ്മഷി വരച്ചതുമൊക്കെ അയാൾക്ക് വേണ്ടിയായിരുന്നു. ഒരിക്കൽ അവളുടെ അടുത്ത് നിൽക്കുകയായിരുന്ന, പ്രായം കൂടിയ ഒരു സ്ത്രീക്ക് തല ചുറ്റാൻ തുടങ്ങിയപ്പോൾ, അയാൾ തന്റെ സീറ്റ് ഒഴിഞ്ഞു കൊടുക്കുകയും അവളുടെ അടുത്തേക്ക് വന്ന് നിൽക്കുകയും ചെയ്തു. അവളന്ന് നാണം കൊണ്ട് തുടുത്തു പോയി. അവൾക്കടുത്തുള്ള രണ്ട് സീറ്റുകളുടെ കമ്പികളിലും കൈകൾ പിടിച്ച്, അവൾക്ക് ചുറ്റിലുമൊരു സംരക്ഷണകവചം പോലെയാണ് അയാൾ നിന്നത്. വിടർന്നു വരുന്ന പനിനീർദളത്തിന്റേത് പോലൊരു സുഗന്ധം അവളുടെ നാസാരന്ധ്രത്തിലേക്ക് അരിച്ചു കയറി. അവൾ ആദ്യമായി അയാളുടെ ഗന്ധം അറിയുകയാണ്.

അത് അയാളുടെ ഗന്ധം തന്നെയോ!?

അതോ പ്രണയത്തിന്റെ ഗന്ധമോ?

'നന്ദി.' അവൾ എന്തെങ്കിലും സംസാരിക്കണമെന്ന ആഗ്രഹത്തോടെ ഇറങ്ങാൻ അഞ്ച് മിനിറ്റ് മാത്രം ബാക്കി നിൽക്കെ പറഞ്ഞു.

'എന്തിന്?' ഹാ, അയാളുടെ ശബ്ദം. പാർവ്വതത്തിലെ മഞ്ഞ്, ഉരുകിയൊലിച്ച് സമുദ്രത്തിന്റെ ഉപരിതലത്തിൽ എത്തുമ്പോഴെന്നതുപോലെയൊരു സുഖം. ആ ശബ്ദത്തിന് എന്തൊരു മധുരം! എന്തൊരു ഭംഗി!

'അന്ന് തന്ന സേഫ്റ്റിപ്പിന്നിന്.' അയാൾ അത് കേട്ട് വെറുതെയൊന്ന് ചിരിക്കുകയേയുള്ളൂവെന്ന് കരുതിയ അവൾക്ക് തെറ്റി.

'അത് തനിക്ക് തരാൻ വേണ്ടി എത്ര നാളായി ഞാൻ കാത്തിരിക്കുകയായിരുന്നു.' ആ മറുപടി കേട്ട് തിരിഞ്ഞ് നോക്കുമ്പോഴേക്ക് കണ്ടക്ടർ ബെല്ലടിച്ച് കഴിഞ്ഞിരുന്നു. അവൾക്ക് ഇറങ്ങേണ്ട സ്റ്റോപ്പ് ആയിരുന്നു അത്.

അയാൾ പറഞ്ഞതിന്റെ അർത്ഥം എത്രയാലോചിച്ചിട്ടും അവൾക്ക് മനസിലായതേയില്ല. എങ്കിലും അയാളെ കാണാനും അയാളോട് സംസാരിക്കാനും അയാളുടെ നോട്ടം കണ്ട് നാണിച്ച് തലകുനിക്കാനുമുള്ള ആഗ്രഹം അവളുടെ മനസ്സിൽ ആഴത്തിൽ വേരോടിത്തുടങ്ങിയത് അന്ന് മുതലാണ്.

അവളുടെ മനസിലിപ്പോൾ കുളിർ മഴ പെയ്തുകൊണ്ടിരിക്കുകയാണ്. അയാളുടെ നമ്പർ കിട്ടിയിരുന്നെങ്കിലെന്ന് അവൾ കൊതിച്ചു. എങ്കിലും ചോദിക്കാനൊരു മടി. ഹൃദയം അയാൾക്ക് വേണ്ടി തുള്ളുമ്പോഴും അതിനെ തളച്ചിടേണ്ടി വരുന്ന അവസ്ഥ! അവൾ തിരിഞ്ഞ് അയാളെ നോക്കി. ഇപ്പോൾ അയാൾ പുറത്തേക്ക് നോക്കിയിരിപ്പാണ്, ഏതോ ഭാവനാലോകത്ത് എന്നത് പോലെ. ഈറനണിഞ്ഞു നിന്ന കാറ്റ് വന്ന് അയാളുടെ മുടിയിഴകളിൽ തലോടിക്കൊണ്ടിരുന്നു. കണ്ടക്ടർ ബെല്ലടിക്കുന്നതിന് മുൻപ് തന്നെ അവൾ ഡോറിനടുത്തേക്ക് നീങ്ങി നിന്നു. ഇപ്പോഴും പുറത്ത് ചെറിയ ചാറ്റൽ മഴയുണ്ട്. കൈയിൽ മടക്കിപ്പിടിച്ച കുട, ബസിൽ നിന്ന് ഇറങ്ങി, തുറക്കുന്നതിനിടയിലാണ്, 'ഒരാള് കൂടെ ഇറങ്ങാനുണ്ടേ' എന്ന വിളിച്ചു പറയലിനു പിന്നാലെ ബസിന്റെ ഡോർ അടയുന്ന ശബ്ദം അവൾ കേട്ടത്. തിരിഞ്ഞു നോക്കുമ്പോൾ അയാളിതാ

തന്റെ തൊട്ട് പിന്നിൽ. അവൾക്ക് ഒന്നും മിണ്ടാനാകുന്നില്ല. ജന്മനാ താനൊരു ഊമയായിരുന്നുവോ എന്ന സന്ദേഹത്തോടെ അവൾ നിൽക്കുമ്പോൾ, അയാൾ ഉറക്കെ ചോദിച്ചു ;

'എന്താടോ, കുടയിലേക്ക് എന്നെക്കൂടെ ക്ഷണിച്ചു കൂടെ? ഞാനിങ്ങനെ നിന്ന് നനയട്ടെ എന്നാണോ?'

താൻ സ്വപ്നം കാണുകയാണോ എന്ന് അവൾ സംശയിച്ചു. അവൾ അയാൾക്ക് നേരെ കുട നീട്ടിപ്പിടിച്ചു.

എങ്ങോട്ടാണ് നടക്കേണ്ടതെന്ന് അവൾക്ക് അറിയില്ലായിരുന്നു. ബസ് കോളേജ് സമയത്തിനും വളരെ മുൻപാണ് മിക്കവാറും ദിവസങ്ങളിൽ എത്തുന്നത്. മുൻവശത്തെ ഗേറ്റ് തുറക്കാറായിട്ടില്ല. ഒന്ന് ചുറ്റി പിൻഗേറ്റ് വഴി വേണം അകത്തേക്ക് കടക്കാൻ. അയാളോട് ഒന്നും ചോദിക്കാൻ അവൾക്ക് വാക്കുകൾ കിട്ടുന്നുണ്ടായിരുന്നില്ല. അവൾ പിന്നിലെ ഗേറ്റ് ലക്ഷ്യമാക്കി നടന്നു. അയാളും അവൾക്കൊപ്പം ഈറനണിഞ്ഞ അന്തരീക്ഷത്തിന്റെ കുളിരിൽ തൊട്ടിയുരുമ്മി നടന്നു. ഒരാൾക്ക് മാത്രം നടക്കാനാകുന്ന ഇടുങ്ങിയ വഴി കടന്ന് വേണം മുന്നോട്ട് പോകാൻ. അവിടെ എത്തിയപ്പോൾ എന്ത് ചെയ്യണമെന്നറിയാതെ അവൾ അവിടെ തന്നെ നിന്നു.

'എടൊ, ഞാനിനി അങ്ങോട്ട് വരുന്നില്ല.' അയാൾ തൊണ്ടയനക്കി.

'തന്നോട് ഒരു കാര്യം പറയാൻ ഞാൻ ഒരുപാട് കാലമായി കൊതിക്കുന്നു. താനത് എങ്ങനെ എടുക്കുമെന്നറിയാഞ്ഞിട്ടാണ് ഇത് വരെ ഒന്നും പറയാതിരുന്നത്.' അയാൾ എന്തോ ഓർത്തെടുക്കുവാനെന്ന വണ്ണം ഒന്ന് നിർത്തി.

എന്താണ് അയാൾ പറയാൻ പോകുന്നതെന്ന് അവൾക്ക് മനസിലായിരുന്നു.

'ഉം.' അവൾ കേൾക്കുന്നുണ്ടെന്ന ഭാവത്തിൽ ഒന്ന് മൂളി.

'എടൊ, എനിക്ക് തന്നെക്കുറിച്ച് ഒന്നുമറിയില്ല. താൻ എവിടെന്ന് വരുന്നുവെന്നോ, എന്താണ് പഠിക്കുന്നതെന്നോ, എന്തിനേറെ പറയുന്നു, തന്റെ പേര് പോലും എനിക്കറിയില്ല. പക്ഷേ, കഴിഞ്ഞ കുറേ മാസങ്ങളായി ബൈക്ക് പോലുമെടുക്കാതെ ഞാനീ ബസിൽ വരുന്നത് തന്നെക്കാണാനാ. തന്റെ ഈ ചിരി, ഈ കണ്ണുകൾ, ഈ ഉടക്കി വലിക്കുന്ന നോട്ടം. തനിക്കറിയോ തന്റെയീ മുല്ലപ്പൂവും കനകാംബരവും ഒന്നിച്ച് ചേർത്ത് കെട്ടിയുള്ള പൂക്കൾ പോലും എനിക്ക് ഇഷ്ടാ. താനിപ്പൊ ഒന്നും പറയണ്ട. നന്നായിട്ട് ആലോചിച്ചിട്ട് പറഞ്ഞാ മതി. നാളെ രാവിലെ ബസിൽ കാണാം.'

അവൾ എല്ലാം കേട്ട് മതിമറന്ന് നിൽക്കുകയായിരുന്നു. കാതിൽ തിരത്തുള്ളലിന്റെ മാധുര്യം അവൾ നുകർന്നു.

പക്ഷേ, പെട്ടന്ന് ഭൂതകാലത്തിന്റെ ഓർമ്മകൾ അവളെ പ്രണയക്കുളിരിൽ നിന്ന് തിരിച്ചു വിളിച്ചു. നടന്നകലുകയായിരുന്ന അയാളുടെ പിറകേ ഓടിച്ചെന്ന് ഒന്ന് വിളിച്ചു.

'അതേ, ഒന്ന് നിൽക്കൂ.'

അയാൾ തിരിഞ്ഞ് നിന്നു.

'എന്നെക്കുറിച്ച് ഒന്നുമറിയാതെ എന്നെ ഇഷ്ടപ്പെട്ടിട്ട് കാര്യമില്ല.' അവൾ പറഞ്ഞു തുടങ്ങി.

'വേണ്ട, ഇപ്പോൾ എനിക്ക് കൂടുതലൊന്നും അറിയണ്ട.' അവനവളെ നിശബ്ദയാക്കാൻ ശ്രമിച്ചപ്പോൾ പണ്ടെപ്പോഴെങ്കിലും മുറിഞ്ഞു പോയ ഒരു പ്രണയബന്ധത്തെക്കുറിച്ചാകും അയാൾ ചിന്തിക്കുന്നതെന്ന് അവൾ നിസ്സാരമായി ഊഹിച്ചു.

'അല്ല, അങ്ങനെ അല്ല.എന്നെക്കുറിച്ച് മറ്റൊന്നും അറിഞ്ഞില്ലെങ്കിലും ഒരൊറ്റ കാര്യം നിങ്ങൾ അറിയണം. എന്നിട്ടും നിങ്ങൾക്ക് എന്നോട് ഇഷ്ടം തോന്നുന്നുണ്ടെങ്കിൽ പറയുക. അതിന് ശേഷം എനിക്ക് നിങ്ങളുടെ പേര് പോലും അറിഞ്ഞാൽ മതി.' അയാളുടെ മനസ് അവൾ പറയാൻ പോകുന്നതെന്തെന്ന് ഊഹം കിട്ടാതെ പരുങ്ങി.

'എന്റെ പേര് ജിസ. ഇപ്പോൾ എനിക്ക് ഇരുപത്തിനാല് വയസ്. ഈ ക്രൈസ്റ്റ് കോളേജിൽ ബി.എഡിന് പഠിക്കുന്നു.' അയാൾ ശരി ബാക്കി പറയൂ എന്ന ഭാവത്തോടെ തലയാട്ടി.

'എന്നാൽ പത്ത് വർഷം മുൻപ് എന്റെ പേര് ജിസ എന്നായിരുന്നില്ല.' അവളത് പറയാണമോ വേണ്ടയോ എന്നറിയാതെ നിന്നപ്പോൾ, അയാൾ ഞെട്ടലോടെ അവളുടെ മുഖത്തേക്ക് നോക്കി. ആ ഭാവം എന്തായാലും പറഞ്ഞേക്കാമെന്നൊരു ആശ്വാസം അവൾക്ക് നൽകി.

'പത്ത് വർഷം മുൻപ് ഞാൻ ജിഷ്ണു ആയിരുന്നു.' അവൾ അത് പറയുമ്പോൾ അയാൾ കേട്ടത് വിശ്വസിക്കാനാകാതെ അവളെത്തന്നെ നോക്കുകയായിരുന്നു.

'അതേ, ഞാനൊരു ട്രാൻസ്ജെൻഡർ ആണ്.' അയാൾ നാവ് തരിച്ച്, വാക്കുകൾ മരവിച്ച്, ശബ്ദത്തിന്റെ ഒരു കണിക പോലും പുറത്തേക്ക് എടുക്കാനാകാതെ നിന്നതേയുള്ളു.

തിരിഞ്ഞ് കോളജിലേക്ക് നടക്കുന്നതിന് മുൻപ് അവൾ അയാളോട് പറഞ്ഞു ;

'എന്ത് മറുപടിയായാലും പറഞ്ഞോളൂ. ഞാൻ നാളെ ബസിൽ നിങ്ങളെ തിരയും.'

അത് പറയുമ്പോഴും ആ പ്രണയം നഷ്ടമാകില്ലെന്ന് അവൾ വിശ്വസിച്ചു.

അന്ന് ക്ലാസ്സിലിരിക്കുമ്പോൾ മുഴുവൻ ഒരു പ്രണയകാലത്തിലേക്ക് കടക്കുന്നതിന്റെ കുളിര് അവളുടെ ഉള്ളിലുണ്ടായിരുന്നു.

നിന്റെ ശരീരമോ, സൗന്ദര്യമോ എനിക്ക് വേണ്ടെന്നും, നിന്നെയാണ് ജീവിതകാലം മുഴുവനും എനിക്ക് വേണ്ടതെന്നും, നിന്റെ ഈ ചിരി കണ്ടുകൊണ്ടിരിക്കാനാണ് എനിക്കെന്നും ഇഷ്ടമെന്നും അയാൾ പറയുമെന്ന് അവൾ സ്വപ്നം കണ്ട് കൂട്ടി. അയാൾക്കൊപ്പം ചുറ്റിക്കറങ്ങുന്നത്, ഒരുമിച്ച് ആഹാരം കഴിക്കുന്നത്, സിനിമ കാണുന്നത്, വിവാഹം കഴിക്കുന്നത്....

എല്ലാമെല്ലാം അവളുടെ മനസിലൂടെ ഓടി നടന്നു. അവളുടെ ഹൃദയത്തിൽ ഒരു പെൺപൂമ്പാറ്റ ചിറകടിച്ച് പറന്നു.

പിറ്റേന്ന് പതിവിലുമധികം പൂവ് ചൂടി, കട്ടിയിൽ കരിമഷിയെഴുതി, ഏറ്റവും പ്രിയപ്പെട്ട ചുവന്ന സാരിയുമുടുത്താണ് അവൾ ബസിൽ കയറിയത്.

അയാൾ നോക്കുന്നത്, ചിരിക്കുന്നത്, എഴുന്നേറ്റ് അടുത്ത് വന്ന് നിൽക്കുന്നത്, ചുറ്റുമൊരു കവചം തീർത്ത് ചേർന്ന് നിൽക്കുന്നത് ഒക്കെ അവൾ ആഗ്രഹിച്ചു. ആഗ്രഹങ്ങൾ വിഫലമാകുന്തോറും തിരിഞ്ഞൊന്ന് നോക്കാൻ അവൾ കൊതിച്ചു. ഒടുവിൽ, രണ്ടും കല്പ്പിച്ച് തിരിഞ്ഞു നോക്കി.

അവളുടെ ഹൃദയം ശൂന്യമായിപ്പോയി. എന്നും അയാളിരിക്കുന്ന ആ ഇടത്തിൽ, നര വന്ന് മൂടിയ ഒരു വൃദ്ധനിരിക്കുന്നു. അവൾ ബസ് മുഴുവൻ അയാൾക്ക് വേണ്ടി പരതി. ഇല്ല, ഇന്ന് ഈ ബസിൽ അയാൾ കയറിയിട്ടില്ല. അയാളുടെ പ്രണയം നിറഞ്ഞ ഓരോ നോട്ടങ്ങളും അവളുടെ കണ്ണിൽ തെളിഞ്ഞു. വെറുമൊരു പെണ്ണായിട്ടല്ല അയാൾ തന്നെ പ്രണയിച്ചതെന്ന് അവൾ വീണ്ടും വീണ്ടും മനസിനോട് പറഞ്ഞുകൊണ്ടിരുന്നു. അയാൾ അടുത്ത സ്റ്റോപ്പിൽ എവിടെ നിന്നെങ്കിലും അയാൾ കയറി വരുമെന്ന് അവൾ പ്രതീക്ഷ വച്ചു. തനിക്ക് ഇറങ്ങാനുള്ള ഇടമായപ്പോൾ ആ പ്രതീക്ഷ നാളേക്ക് വേണ്ടി മാറ്റി വച്ചു. അവളുടെ ഹൃദയത്തിൽ മണിമുഴക്കമുണ്ടായി.

അഞ്ച് വർഷം മുൻപുള്ള ഒരു വസന്തകാലത്ത്, കൈ നിറയെ പൂക്കളുമായി വന്ന് തന്നോട് പ്രണയം പറഞ്ഞ്, ചുണ്ടിൽ ഉമ്മ വച്ച ചെറുപ്പക്കാരനെ അവൾ പെട്ടന്ന് ഓർത്ത് പോയി. ദിവസം മുഴുവനും ചുറ്റി നടന്ന ശേഷം, ഒരു മതിൽക്കെട്ടിന്റെ ഒഴിഞ്ഞ മൂലയിൽ തന്റെ അരക്കെട്ടിനെ ചുറ്റി വരിഞ്ഞ് നിൽക്കുന്ന അവനോട് അവൾ അത്ര വലിയ കാര്യമല്ലാത്ത മട്ടിൽ പറഞ്ഞു,

'ദീപക്, ഞാനൊരു ട്രാൻസ് വുമൺ ആണ്.'

അത് കേട്ടതും അവൻ ചേർത്ത് നിർത്തിയ ആ പിടിയൊന്ന് അയച്ചു. താൻ കേട്ടതെന്താണെന്ന് ദഹിപ്പിച്ചെടുക്കാൻ അവന് അഞ്ച് നിമിഷം വേണ്ടി വന്നു.

'ഒൻപതാണെന്ന് കണ്ടാൽ തോന്നുമോ?' അവളെ, ആദ്യമായി കാണുന്ന അന്യഗ്രഹ ജീവിയെപ്പോലെയാണ് ആ നിമിഷത്തിൽ അടിമുടി അവൻ നോക്കിയത്.

'പ്രേമിച്ചത് ഒരു ഒൻപതിനെയാണെന്ന ഈ നാണംകെട്ട കാര്യം ലോകത്താരും അറിയില്ലേ, ഭാഗവാനേ. ത്ഫൂ' അവളെ ചുംബിച്ച ചുണ്ടിൽ തന്നെ അവനൊന്ന് ആഞ്ഞ് തുപ്പി.

ആ തുപ്പൽ കാലങ്ങളോളം അവളുടെ ചുണ്ടിലും കവിളിലും കണ്ണിലും ഹൃദയത്തിലും മനസിലും പതിഞ്ഞ് കിടന്നു. വർഷങ്ങളോളം പ്രണയമെന്ന വാക്ക് കേട്ടാൽ അവളുടെ ഉള്ളിൽ പുച്ഛം മാത്രം നിറയുന്ന ഒരു പെണ്ണായി അവൾ മാറിയത് ആ കൗമാരത്തിലാണ്. കാലം കടന്നപ്പോൾ അവൾ അതൊക്കെ മറന്നു. മറവിയുടെ ഭാഗ്യമേറിയ ദീർഘരേഖ അവളെ അനുഗ്രഹിച്ചപ്പോഴാണ്, വസന്തത്തിന്റെ കുളിർമയുമായി ആ ബസിന്റെ അങ്ങേ മൂലയിൽ അയാൾ ഇരിപ്പുറപ്പിച്ചത്.

അടുത്ത ദിവസവും അയാൾ വരുമെന്ന പ്രതീക്ഷ അവളിലുണ്ടായി. ആരോ ഒരാൾ സ്നേഹിക്കാനും കാത്തിരിക്കാനും തനിക്കുമുണ്ടെന്ന തോന്നലിൽ അവൾ ഓരോ ദിവസവും കഴിച്ചു കൂട്ടി.

പക്ഷേ, അയാൾ വന്നതേയില്ല.

തങ്ങൾ കണ്ടുമുട്ടിയതിന്റെ അവസാനദിവസത്തിൽ അയാൾക്കൊരു ആക്സിഡന്റ് പറ്റിയെന്നും ലോകത്തിന്റെ ഏതോ ഒരു കോണിലിരുന്ന് അയാൾ തന്നെ സ്നേഹിക്കുന്നുവെന്നും അവൾ കരുതി.

ഒരിക്കലും അവൾ അയാളെ തിരഞ്ഞ് ചെന്ന് കിട്ടാതെ പോയ മറുപടിക്ക് വേണ്ടി കാതോർത്തില്ല; തിരഞ്ഞ് പോയാൽ ഒരു പക്ഷേ മുറിപ്പെട്ട് പോയാലോ?!

കഥ

# വെള്ളിയാഴ്ച രാത്രി പന്ത്രണ്ട് മണി



ബി. ജോസുകുട്ടി

ഗ്രാമത്തിലേക്കുള്ള അവസാന ബസ്സിൽ കയറി പുഴക്കടവിലേക്കുള്ള പോകാനുള്ള കവലയിലെ സ്റ്റോപ്പിൽ ഇറങ്ങി. പത്തുമിനിട്ട് നടന്ന് പുഴക്കടവിലെത്തുമ്പോൾ അയാളെ മാത്രം കാത്തിരുന്നതുപോലെ കടത്തുതോണിക്കാരൻ വള്ളത്തിന്റെ തുഞ്ചത്ത് തുഴ തോളിൽ ചാരി ബീഡിയും വലിച്ചിരിക്കുന്നുണ്ടായിരുന്നു. വള്ളത്തിൽ കയറി അയാളിരുന്നതും തോണിക്കാരൻ കടവത്തെ കുറ്റിയിൽ കെട്ടിയിരുന്ന കയറഴിച്ച് വള്ളത്തിലിട്ട് തുഴയാൻ തുടങ്ങി. നിങ്ങൾ ആരാണ് ? എങ്ങോട്ടു പോകുന്നു ? എന്താണീ അസമയത്ത് ?

എന്നീ ചോദ്യങ്ങൾ വള്ളം തുഴയുന്നതിനിടയിൽ തോണിക്കാരൻ സ്വാഭാവികമായും ചോദിക്കുമെന്നയാൾ പ്രതീക്ഷിച്ചു. പക്ഷേ, ഒരു ചോദ്യവുമുണ്ടായിരുന്നില്ല. മയക്കത്തിലായിരുന്ന പുഴ അസ്വസ്ഥതയോടെ ഉരുവിട്ട ജലമർമ്മരങ്ങൾ മാത്രം നിശബ്ദതയെ മുറിവേൽപ്പിച്ചു. പതിനഞ്ച് മിനിട്ട് മാത്രമുണ്ടായിരുന്ന കടത്തുതോണി യാത്ര തീരത്തെത്തിയപ്പോൾ അയാൾ പോക്കറ്റിൽ നിന്നും ചില്ലറകളെടുത്ത് വള്ളപ്പടിയിൽ വെച്ച് കടവത്തിറങ്ങി.

തോണിക്കാരൻ ഒന്നും ചോദിക്കാതിരുന്നതു കൊണ്ട് അയാൾ യാത്ര പറഞ്ഞില്ല. കടവത്തിറങ്ങി വയൽ വരമ്പിലൂടെ നടക്കാൻ തുടങ്ങിയപ്പോൾ ആകാശക്കോണിൽ മിന്നൽപ്പിണരുകൾ അമൂർത്തചിത്രങ്ങൾ വരച്ചു തുടങ്ങിയിരുന്നു. തൊട്ടുപിന്നാലെ ഇടി മുഴക്കവും.

അഗാധ ദൂരങ്ങളിൽ നിന്ന് മഴയുടെ ചിറകടിയൊച്ചകൾ കേൾക്കുന്നുണ്ടായിരുന്നു. വയൽവരമ്പത്തുകൂടി പതിനഞ്ചു മിനിറ്റ് നടന്നു കേറുന്നത് അമ്പലപരിസരത്താണ്. അവിടെ നിന്ന് താഴോട്ടിറങ്ങി ചെറുതോടിനു കുറുകെയുള്ള പാലം കഴിഞ്ഞാൽ ഏഴിലം പാല അതിന്റെ അതിരിലാണ് യാമിനിയുടെ വീട്. ഒരു വ്യാഴവട്ടക്കാലം മുമ്പ് യാമിനി അയാളുടെ കാമുകിയായിരുന്നു. ഇപ്പോളവൾ അയാളുടെ സുഹൃത്ത് വിനോദിന്റെ ഭാര്യ യാണ്. പത്തു വയസ്സുകാരി യാമിനിയുടെ വിധവയായ അമ്മയുമാണ്. ഒരു മാസം മുമ്പാണ് വിനോദ് ഇടിമിന്നലേറ്റ് മരണപ്പെട്ടത്.

ഒരു സന്ധ്യയിൽ ആറ്റിറമ്പിൽ ചൂണ്ടയിടുന്ന വേളയിലായിരുന്നു ചൂണ്ടക്കൊളുത്തിൽ മൃത്യുവിന്റെ ഇരയായി സുരേഷ് അകപ്പെട്ടുപോയത്. ദീർഘകാലത്തെ ബന്ധമായിരുന്നു വിനോദുമായി പുലർത്തിയിരുന്നത്. ഒരേ ക്ലാസിലെ പഠനം ഒരേ ചിന്തകൾ, മനോഭാവങ്ങൾ. പഠനത്തിലെ ഉഴപ്പലും സാമർത്ഥ്യവും ഒരുമിച്ച്. പത്താം ക്ലാസിലെ തോൽവിയും തുടർന്നുള്ള പാരലൽ കോളേജിലെ പഠനവും ഒരുമിച്ച്... ബാല്യവും കൗമാരവും യൗവ്വനാരംഭവും അങ്ങേയറ്റം ആസ്വദിച്ച് ആഘോഷമായി ഒരുമിച്ച് കഴിഞ്ഞിരുന്ന സുന്ദരകാലം. ഉത്സവം കാണാനും പള്ളിപ്പെരുനാൾ കൂടാനും നാടകങ്ങളും കഥാപ്രസംഗവും ഗാനമേളയും വെള്ളിയാഴ്ച പുതിയ സിനിമ വരുമ്പോഴുള്ള സെക്കന്റ് ഷോ കാണലുകളും ഞങ്ങളുടെ പതിവു കലാപരിപാടികളായിരുന്നു.

പാരലൽ കോളേജ് പഠനം കഴിഞ്ഞ് നഗരത്തിൽ അയാൾ ജോലിയിൽ പ്രവേശിച്ചപ്പോൾ വിനോദ് ഗൾഫിലേക്ക് കുടിയേറാനുള്ള ശ്രമത്തിലായിരുന്നു. ആയിടയ്ക്കാണ് അയാളൊരു കാമുകനായത്. നഗരത്തിൽ തന്നെ തുണിക്കടയിൽ ജോലി ചെയ്യുന്ന യാമിനിയെന്ന സുന്ദരി അയാളുടെ പ്രണയഭാജനമായി. നഗരത്തിലെ റെസ്റ്റോറന്റുകളിലും ഉദ്യാനങ്ങളിലും കടൽത്തീരത്തും അവർ പ്രണയം ധൂർത്തടിച്ചു നടന്നു. തമ്മിൽ രഹസ്യങ്ങളൊന്നുമില്ലാത്ത വിനോദുമായി തന്റെ പ്രണയബന്ധം മാത്രം അയാൾ പറഞ്ഞില്ല. പക്ഷേ, ഒടുവിൽ വിനോദ് അതറിയുകയും ചെയ്തു. അവൻ പരിഭവിച്ചു 'നീയിതെന്നോട് ഒളിച്ചുവച്ചത് ശരിയായില്ല, ഇത്രയ്ക്കേ ഉള്ളോടാ നമ്മുടെ ബന്ധം ? അവനങ്ങനെ പറഞ്ഞപ്പോൾ അയാൾക്ക് കുറ്റബോധം തോന്നി. പിറ്റേന്നു തന്നെ യാമിനിയോടയാൾ പറഞ്ഞു. 'എന്റെയൊരു കൂട്ടുകാരനുണ്ട് വിനോദ്, യാമിനി അവനെയൊന്നു പരിചയപ്പെടണം' ഉദ്യാനത്തിലെ കൂടിക്കാഴ്ചയിൽ അയാളുടെ ചുംബന കരവലത്തിൽ നിന്ന് മോചിതയായി അവൾ ചോദിച്ചു. 'ശ്ശ്യോ... അതു വേണോ ? ' വേണം. ഞാനവനോട് എല്ലാം പറഞ്ഞു' താൻ പറഞ്ഞിട്ടല്ല അവനതറിഞ്ഞത് എന്ന സത്യം അയാളവളോട് പറഞ്ഞില്ല. ഒടുവിൽ വിനോദിനെ കാണാമെന്ന് യാമിനി സമ്മതിച്ചു. പക്ഷേ, വിദേശത്തു പോകുന്നതിനുള്ള തയ്യാറെടുപ്പിലും വിസ പെട്ടെന്നു വന്ന ആകസ്മികതയിലും അയാളും യാമിനിയും വിനോദും തമ്മിലുള്ള കൂടിക്കാഴ്ച നടന്നതുമില്ല. ഒരു വെള്ളിയാഴ്ച സായാഹ്നത്തിലായിരുന്നു വിനോദ് കടൽ കടക്കാനെത്തിയത്.

യാത്ര അയയ്ക്കാൻ എയർപോർട്ടിൽ ചെന്നപ്പോൾ അയാൾ അവളുടെ ഫോട്ടോ സുഹൃത്തിനെ കാണിച്ചു. വിനോദിന്റെ കണ്ണുകൾ ആർത്തിയോടെ തിളങ്ങുന്നത് നേരിയ ഒരസ്വസ്ഥതയോടെ കണ്ടു. 'എന്നാലും നീയെന്നോടൊന്നാദ്യം പറഞ്ഞില്ലല്ലോ... അവൻ പരിഭവിച്ചു. 'നീ ഭാഗ്യവാനാണെടാ, സ്വന്തം നാട്ടിൽ ജോലി, മുടിഞ്ഞ ഗ്ലാമറുള്ള കാമുകി... പിന്നേ... നീയിവളെ വേഗം കൂട്ടി കൂടെ പൊറുപ്പിക്കാൻ നോക്ക്, ഇല്ലേല് വേറെ ആമ്പിള്ളേര് അവളെ തട്ടിക്കൊണ്ടുപോകും' ഇത്രയും പറഞ്ഞ് വിനോദ് കൈവീശി യാത്രയായി. പക്ഷേ, അയാളുടെ മനസ്സിൽ ഒരു മുള്ളുകൊണ്ടു. പിറ്റേന്നു തന്നെ അയാൾ യാമിനിയെ കണ്ടു. ' കൂട്ടുകാരൻ പോയോ ? അവൾ ചോദിച്ചു. ഉം... അയാൾ അമർത്തിമൂളി. 'എനിക്കൊന്നു കാണാൻ പറ്റിയില്ല.' അവൻ മരിച്ചു പോയതൊന്നുമല്ല, തിരിച്ചു വരും' ലേശം നീരസത്തോടെയാണ് അയാളതു പറഞ്ഞത്. യാമിനിയുടെ മുഖം മങ്ങി. ഒന്നു ചുംബിച്ച് അയാളവളുടെ മുഖത്തെ പ്രകാശിപ്പിച്ചു.

'എത്രയും വേഗം നിന്നെ കെട്ടണമെന്നാണ് അവൻ പറഞ്ഞിരിക്കുന്നത്' പക്ഷേ, അവളിൽ ഒരു നടുക്കമുണ്ടായത് അയാളറിഞ്ഞില്ല. അടുത്ത ദിവസം കണ്ടപ്പോൾ അവൾ അസ്വസ്ഥതയോടെ പറഞ്ഞു, ആകെ പ്രശ്നമായിരിക്കുന്നു. നമ്മുടെ ബന്ധം വീട്ടിലറിഞ്ഞു. അവർക്ക് ജാതിയും മതവുമാ പ്രശ്നം' എന്നാൽ അതിനു മുമ്പേ തന്റെ വീട്ടിലും ഇതറിഞ്ഞിട്ട് ഇതിലും വലിയ പ്രശ്നമായി കഴിഞ്ഞെന്ന് അയാൾ പറഞ്ഞില്ല. 'നിന്റെ നിലപാടെന്താണ് ? അയാൾ ചോദിച്ചു. 'അതിനിയും മനസ്സിലായില്ലേ ? പരിഭവച്ചുവയോടെ അവൾ തിരിച്ചു ചോദിച്ചു. 'നമ്മുക്കൊരു യാത്ര പോയാലോ ? ' അയ്യോ എങ്ങോട്ട്...?

വെള്ളിയാഴ്ച രാവിലെ കൂട്ടുകാരിയുടെ കല്യാണത്തിൽ പങ്കെടുക്കാനെന്നു പറഞ്ഞാണ് അവൾ അയാളോടൊപ്പം മഞ്ഞു പെയ്യുന്ന നാട്ടിലെത്തിയത്. കമ്പിളിവസ്ത്രങ്ങളണിഞ്ഞ് ചൂടുകാപ്പി കഴിച്ച് മസാല നിലക്കടല കൊറിച്ച് നീലക്കുറിഞ്ഞിപ്പൂക്കളെ കണ്ട് ഒരു പുതപ്പിനുള്ളിൽ ശരീരവിഭവങ്ങൾ പങ്കുവെച്ച് അവർ ഒന്നും സംഭവിക്കാത്തതു പോലെ മടങ്ങിയെത്തി. യാദൃശ്ചികമായിരു

ന്നു ജോലിസംബന്ധമായ അയാളുടെ ഡൽഹി യാത്ര. മൂന്നു മാസത്തെ പരദേശ ജീവിതത്തിൽ അയാൾക്ക് അവളും അവൾക്കയാളും പരിധിക്കു പുറത്തായിരുന്നു. തൊഴിൽ സംബന്ധിച്ചുള്ള അയാളുടെ യാത്രകൾ തുടർന്നു. നഗരങ്ങളിൽ നിന്നു മെട്രോ നഗരങ്ങളിലേക്ക് മഹാനഗരങ്ങളിലേക്ക്...

ഒരുപാട് മഴ പെയ്തു, മഞ്ഞു പെയ്തു, വേനൽ പെയ്തു... മഹാമാരിക്കാലം വന്നു പിന്നെ അതും കടന്നുപോയി. ഇതിനിടയിൽ പ്രിയ സുഹൃത്തിന്റെ വല്ലപ്പോഴുമുള്ള ഓൺലൈൻ ബന്ധങ്ങൾ, എപ്പോഴോ അകന്നു പോയ നിദ്രാരഹിതമായ യാമിനി നഷ്ടങ്ങൾ. സ്വപ്നങ്ങളിൽ മാത്രം നിലാവു പോലെ വരികയും പോകുകയും ചെയ്യുന്ന യാമിനി സ്വപ്നങ്ങൾ. യാത്രയ്ക്കാടുവിൽ ഈറ്റില്ലത്തിന്റെ മണ്ണിലെത്തുമ്പോൾ ഒരു വിശേഷം അയാളെ നൊമ്പരപ്പെടുത്തി. യാമിനി ഒരു ഭാര്യയായിരിക്കുന്നു അമ്മയായി മാറിയിരിക്കുന്നു. അതയാളുടെ ഹൃദയത്തിലുണ്ടാക്കിയ പച്ചമുറിവിൽ തീത്തെലത്തുള്ളികൾ വീണതുപോലെയുള്ള മറ്റൊരു വിശേഷം, അവളുടെ ഭർത്താവ് തന്റെ പ്രിയ കൂട്ടുകാരൻ വിനോദ്...!

പിന്നെയും യാത്ര ഒരു ഒളിച്ചോട്ടം പോലെ ഒരു രക്ഷപെടൽ പോലെ. എങ്ങോട്ടു പോകാൻ, എന്തിനു പോകാൻ ? മനസ്സു നിശ്ചലമെങ്കിൽ ഒരു യാത്രയും യാത്രയല്ല. മനസ്സും മനസാക്ഷിയും യാമിനിയിലും വിനോദിലുമാണ്. അവരെ കാണണം. വിനോദിന്റെ പഴയ കുട്ടുകാരനാകണം. യാമിനിയെ അല്ല അവന്റെ ഭാര്യയെ കാണണം അവന്റെ കുഞ്ഞിനെ കാണണം പരിചയപ്പെടണം. അയാൾ തീരുമാനിച്ചു. അടുത്ത വെള്ളിയാഴ്ച പോകാം. അയാൾ നിശ്ചയിച്ചുറപ്പിച്ചു. പണ്ടെങ്ങോ അയാൾ മനസ്സിന്റെ സിമ്മിൽ സേവ് ചെയ്തു വെച്ചിരുന്ന രണ്ടു ഫോൺ നമ്പരുകളിലേക്ക് ഡയൽ ചെയ്തു നോക്കി. രണ്ടും നിലവിലില്ലെന്നുള്ള കിളിനാദം അയാളെ നിരാശനാക്കി. അന്നു രാത്രിയിൽ അയാൾ ശാന്തമായുറങ്ങി. സന്ധ്യ മുതൽ കനത്ത മഴയായിരുന്നു. ഒപ്പമുണ്ടായിരുന്ന അതിശക്തമായ ഇടിമിന്നലിൽ നിന്നുണ്ടായ പേടിയുടെ കനൽ ജ്വാലകൾക്ക് മൃത്യുവിന്റെ മരവിപ്പും ഗന്ധവുമുണ്ടായിരുന്നു അകലെ നിന്നു വന്ന കാറ്റിൽ അയാൾക്കതനുഭവപ്പെട്ടു.

വൈദ്യുതി നിലച്ചുപോയ ഇരുട്ടിൽ അയാൾക്കു ശ്വാസം മുട്ടി. അയാൾക്കു വീടും വീടിന് അയാൾക്കും മാത്രമുള്ള വീട്ടിൽ നിന്ന് പുലർച്ചെ എഴുന്നേറ്റ് മുഖം കഴുകി ഉമ്മറത്തെ ചാരുകസേരയിലിരിക്കുമ്പോൾ ദൂതുമായി വാർത്താപ്പത്രം പറന്നയാളുടെ മടിയിൽ വീണു. ഗൃഹനാഥൻ ഇടിമിന്നലേറ്റു മരിച്ചു വിനോദ് (40)... വാർത്തയോടൊപ്പമുള്ള ചിത്രത്തിൽ അയാൾ ഒന്നേ നോക്കിയുള്ളൂ....

മാസം ഒന്നു കഴിഞ്ഞിരിക്കുന്നു. എന്തുകൊണ്ടോ ജഢമായി കഴിഞ്ഞ വിനോദിനെ കാണാൻ അന്ന് തോന്നിയില്ല. ഇന്നു വെള്ളിയാഴ്ചയാണ് ഇന്ന് പോകാം. വെള്ളിയാഴ്ചകൾ ഞങ്ങളുടെ ഇഷ്ട ദിനമായിരുന്നുവല്ലോ. അവന്റെ നനഞ്ഞു കുതിർന്ന ചിതയിൽ അൽപ്പനേരം മഴ കൊണ്ടിരിക്കാം പിന്നെ, യാമിനിയോടൊത്ത് കുറച്ചു മദകര നിമിഷങ്ങൾ, കാലങ്ങൾക്കു മുമ്പ് കോടമഞ്ഞ് പൊഴിയുന്ന നാടിന്റെ യാമിനീ നിമിഷങ്ങളും ചൂടു പങ്കുവെച്ച സ്വർഗീയ നിമിഷങ്ങളും അയാൾ ഓർത്തു. പഴകിയ വീഞ്ഞു പോലെ വീര്യവും രുചിയുമേറിയ അവളുടെ ഉടൽ കാമസൗഗന്ധികമാണെന്ന് അയാൾ ഊഹിച്ചു.

യാമിനിയുടെ വീട്ടിലേക്ക് അയാൾ സമീപിച്ചു കൊണ്ടിരിക്കേ, അതാ പുഴക്കടവിൽ ചൂണ്ടയിടുന്നു. മൂന്നുപേർ വിനോദും, യാമിനിയും പിന്നെ അവരുടെ ഓമനപ്പെൺകുട്ടിയും, ചാറ്റൽമഴയിൽ നനഞ്ഞ നിശീഥിനി അവരെ പൊതിഞ്ഞു നിന്നു. പെട്ടെന്ന് ഭീകരമായ ഇടിമിന്നൽ. അയാൾ പകച്ചു പോയി.... നിദ്രാടത്തിൽ നിന്നെന്ന പോലെ ഞെട്ടിയുണർന്നു. ബസ്സിൽ കണ്ടക്ടറും ഡ്രൈവറും കയറിയിട്ടില്ല അയാൾ ഉണർന്നു ബസ്സിൽ മൂന്നോ നാലോ യാത്രക്കാർ മാത്രം 'അവർ സങ്കടത്തോടെ പറയുന്നത് അയാൾ വ്യക്തമായും കേട്ടു. 'കഴിഞ്ഞ മാസമാ ഇടിമിന്നലേറ്റ് ഭർത്താവ് മരിച്ചത്, ഇപ്പക്കണ്ടില്ലേ ഇന്നലെ രാത്രി പന്ത്രണ്ടു മണിക്ക് അയാളുടെ ഭാര്യയും കൊച്ചും ഇടിമിന്നലേറ്റ് തന്നെ പോയി...!

അടുത്ത നിമിഷം അയാൾക്കു മുമ്പിൽ യാഥാർത്ഥ്യവും സ്വപ്നവും തമ്മിൽ ഇടകലർന്നുള്ള ജീവിത യാഥാർത്ഥ്യങ്ങളുടെമാജിക്ക് റിയലിസം വലിയ കാൻവാസ്സിൽ ചിത്രീകരിക്കപ്പെട്ടു. അയാളുടെ മനസ്സിന്റെ മായാ ഘടികാരത്തിലെ പെൻഡുലം വെള്ളിയാഴ്ച രാത്രി പന്ത്രണ്ടു മണിക്ക് നിശ്ചലമായി.

●

# മൂക്കിലൂടെയുള്ള ചെറിയകാറ്റ്



കഥ

എ എൻ സാബു

നിർത്താതെയുള്ള മുട്ടുകേട്ട് വാതിൽ തുറന്നപ്പോൾ നനഞ്ഞകുട മടക്കി മൂലയിൽ ചാരിവച്ച് ചെരിപ്പൂരി പടിയിൽ വച്ചുകൊണ്ടു നിൽക്കുന്നു, ജോജി.

എൽഈഡിബൾബിന്റെ പ്രഭയ്ക്കുചുറ്റും പറക്കുന്ന ഈയലുകളെ ഒരുനിമിഷം നോക്കിനിന്ന ശേഷം

വാതിൽപ്പടിയിൽ നിൽക്കുന്ന എന്നെ പതിയെ തള്ളിമാറ്റി അവൻ മുറിയിലേക്കു കടന്ന് കസേരയിലിരുന്നു.

പുറത്ത് മഴ ആർത്തലച്ചു പെയ്തു കൊണ്ടിരുന്നു.

' ടേ ... ഒരു കഥ വേണം. നാളെ ഓൺലൈൻ മാഗസിൻ റിലീസാണ്.

എനിക്കൊന്നും മനസിൽ വരുന്നില്ല. നീയൊരെണ്ണം പെട്ടെന്നെഴുതിത്താ ... എന്റെ പേരിലേ ഇടൂ ... എപ്പോഴെങ്കിലും ഒരെണ്ണം തിരിച്ചു തരാം '. മേശപ്പുറത്തെ കടലാസുകൾ മറിച്ചുനോക്കിക്കൊണ്ട് ജോജി പറഞ്ഞു.

വിചിത്രമായ ഒരാവശ്യമായിട്ടാണെനിക്കു തോന്നിയത്. മാഗസിനിൽ ഞാനെഴുതിയ കഥ അവന്റെ പേരിലിടുന്നു , പകരമായി അവനെഴുതുന്ന കഥ പിന്നീടെപ്പോഴെങ്കിലും എന്റെ പേരിലിടുന്നു.

ഒരു കുഞ്ഞുചിരി വരുത്തി ഞാൻ അവനെ നോക്കിയങ്ങനെ നിന്നു.

ഞങ്ങളുടെ മൗനവും വ്യത്യസ്തവുമായ ആലോചനകൾക്കിടയിലേക്ക് മൊബൈൽ റിങ്ങ്ചെയ്യാൻ തുടങ്ങി. ഒരു

മരണവാർത്തയാണ് ഹ്രസ്വമായ സംഭാഷണത്തിലൂടെ അങ്ങേത്തലക്കൽ നിന്നും എന്നെത്തേടി വന്നത്. എന്റെ മുഖത്തെ ഭാവവ്യത്യാസം കണ്ടിട്ടാവും, ജോജി ചോദിച്ചു.

' എന്തു പറ്റീടാ ? '

' ഒരു മരണവാർത്ത '

' ആരാണ് ? '


' പഴയ സഹപ്രവർത്തകൻ..ഉസ്മാനിക്ക '

' എന്തുപറ്റി ? '

' കാർഡിയാക്ക് ....'

പിടിച്ചുനിർത്തിയപോലെ സംഭാഷണം നിന്നുപോയി . ജോജി കണ്ണടച്ച് എന്തോ ആലോചിക്കുന്നപോലെയിരുന്നു.

പുറത്ത് അപ്പോഴും മഴ വന്യമായി പെയ്തുകൊണ്ടിരുന്നു.



' ഉസ്മാനിക്ക പറയുമായിരുന്നു, എന്തിനീ നെട്ടോട്ടം? എന്തിനീ ആർത്തി ?

ഒരു ചെറുകാറ്റില്ലേൽ എല്ലാം തീരില്ലേ ? '

ആരോടെന്നില്ലാതെയാണ് ഞാനിത്രയും പറഞ്ഞത് . ജോജി അവന്റെ ധ്യാനം മതിയാക്കി എന്നെ ശ്ര

ദ്ധിച്ചു തുടങ്ങി.

'പലതവണയായപ്പോൾ ഞാൻ ചോദിച്ചു, ഏതുകാറ്റിന്റെ കാര്യമാണ് ഇക്ക പറയുന്നതെന്ന്. സംശമേതുമില്ലാതെ ഇക്ക പറഞ്ഞു,

മൂക്കിലൂടെയുള്ള ചെറിയ കാറ്റുതന്നെയെന്ന് ...

എന്തൊക്കെ ക്രൂരത കാട്ടി എത്ര ഉണ്ടാക്കിയാലെന്താ?

ആ ചെറുകാറ്റിനെ പിടിച്ചു നിർത്താൻ ആർക്കു കഴിയും? '

ജോജി എന്റെ സംസാരം ശ്രദ്ധിച്ച് മിണ്ടാതെ ഇരുന്നു. പുറത്ത് ശക്തമായ കാറ്റിൽ മരങ്ങൾ ആടിയുലയുന്നുണ്ടായിരുന്നു . മരച്ചില്ലകൾ ഒടിഞ്ഞു വീഴുന്നത് അരണ്ട വെളിച്ചത്തിൽ ജനാലയിലൂടെ കാണാമായിരുന്നു.

"ഓഫീസിൽ ജോലിക്കു ചേരുന്നതിനു മുന്നെ ഇക്ക പലതരം ജോലികളിൽ ഏർപ്പെട്ടിരുന്നു. ഉത്സവപറമ്പിലെ കടലക്കച്ചവടം, വിവാഹദല്ലാൾ , ഹോട്ടൽപണി, തുനിക്കച്ചവടം അങ്ങനെ ഇക്കാക്ക് വഴങ്ങാത്തതായി ഒന്നുമില്ലായിരുന്നു.

ഒരു മഴക്കാലത്ത് കടലിൽ മീൻ പിടിക്കാൻ പോവുമ്പോൾ വഞ്ചിതകർന്ന് കൂടെയുള്ളവർ എല്ലാം പലവഴിക്കായി.

ആദ്യം കുറേനേരം നീന്തിനോക്കിയെങ്കിലും എങ്ങുമെത്തില്ലെന്നുറപ്പുള്ളതിനാൽ വെറുതെ നീന്തി ഊർജ്ജം നഷ്ടപ്പെടുത്തേണ്ടെന്ന് ഇക്ക കരുതി. ചെറുപ്പത്തിൽ മണിക്കൂറുകളോളം ജലോപരിതലത്തിൽ പൊങ്ങിക്കിടന്ന് ശീലിച്ചിട്ടുള്ളതുകൊണ്ട് , കാർമേഘങ്ങൾ നിറഞ്ഞ വാനംനോക്കി നടുക്കടലിൽ പൊങ്ങിക്കിടന്നു.മണിക്കൂറുകൾ കടന്നുപോയി , കൂട്ടാളികളുടെയൊന്നും ശബ്ദമോ സാന്നിദ്ധ്യമോ ഇല്ല. ഭയാനകമായ കടലിന്റെ നിശ്ശബ്ദത മാത്രം. ദാഹത്തിനായി ഒരിറ്റു വെള്ളവും കിട്ടാനില്ല. സമയം പോവുന്നതിനൊപ്പം ക്ഷീണം കൂടിക്കൊണ്ടിരുന്നു.

ഇരുട്ടിന്റെ അർത്ഥമെന്തെന്നറിഞ്ഞത് രാത്രിയിലാണ്. അകലെ പൊട്ടു പോലെയെങ്കിലും വെളിച്ചം കണ്ടു ശീലിച്ച നമ്മൾക്ക് സങ്കൽപ്പിക്കാൻ പറ്റാത്തതാണ് മേഘാവൃതമായ ആകാശത്തിനുകീഴെ പുറങ്കടലിലുള്ള യഥാർത്ഥ ഇരുട്ട്.

മരണം തന്നെയാവും വിധിയെന്നുറച്ച് മെല്ലെ കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുന്ന തളർച്ചയെ പുൽകി ഒരു ദിവസത്തോളം കിടന്നു. മലന്ന് പൊങ്ങിക്കിടക്കാൻ അധികം ആയാസമില്ലെങ്കിലും ഏതു നിമിഷവും അഗാധതയിലേക്ക് ആണ്ടുപോവാം എന്നു തോന്നിത്തുടങ്ങി. മരണത്തെ മുന്നിൽ കണ്ടു തുടങ്ങിയ നിമിഷങ്ങളിലാണ് ഒരു ബോട്ട് ഇക്കയെ രക്ഷപ്പെടുത്തുന്നത്. അന്ന് ഇക്കയോടൊപ്പം വഞ്ചിയിലുണ്ടായിരുന്ന ആരും രക്ഷപ്പെട്ടില്ല.'

അറിയാതെ ഒരു നെടുവീർപ്പ് എന്നിൽ നിന്നുയർന്നു.

'മരണമൊന്നും ഒന്നുമല്ലെന്നാണ് ഇക്ക പറയാറ് , ജീവിക്കുക തന്നെ പ്രധാനം ......

ആ ഉസ്മാനിക്കയാണ് പോയത് .... ഇക്കയുടെ മൂക്കിലൂടെയുള്ള കാറ്റ് എന്നെന്നേക്കുമായി നിലച്ചിരിക്കുന്നു.'

മുറിയിൽ കുറേയധികനേരം നിശബ്ദത തളം കെട്ടിനിന്നു. തുറന്നിട്ട ജനാലയിലൂടെ പുറത്തെ മഴയുടെ താണ്ഡവവും നോക്കി ഞങ്ങളിരുന്നു.

' ഞാൻ പോട്ടേ '.'.'.'

ജോജി പോകുവാനായി എഴുന്നേറ്റു കഴിഞ്ഞു.

' കഥ വേണ്ടേ ? '

ഒരെണ്ണം ഉടൻ എഴുതിക്കൊടുക്കാമെന്ന് വിചാരിച്ചാണ് ഞാൻ ചോദിച്ചത്.

' കഥ കിട്ടി '

പുറത്തേക്കിറങ്ങുന്നതിനിടയിൽ അവൻ പറഞ്ഞു.

' മഴ ഒന്നു ശമിച്ചിട്ട് പോയാപ്പോരേ? '

ഇടമുറിയാതെ പെയ്യുന്ന മഴയെ നോക്കിക്കൊണ്ടു ഞാൻ ചോദിച്ചു .

അവനും ആരോടോ വാശി തീർക്കാനെന്നോണം തകർത്തു പെയ്യുന്ന മഴയെ നോക്കി കുറച്ചു നേരം നിന്നു.

' പോട്ടേ:..: "

ജോജിക്ക് ഇനിയും നിൽക്കാനുള്ള ക്ഷമയില്ലായിരുന്നു.

ചവിട്ടുപടിയിൽ കിടന്ന ചെരുപ്പിട്ട് ഒരിക്കൽ കൂടി എന്നെ നോക്കിയ ശേഷം നിവർത്തിയ കുടയുമായി അവൻ കോരിച്ചൊരിയുന്ന മഴയിലേക്കിറങ്ങി. നടവഴിയിലൊക്കെ നിറഞ്ഞ പെയ്ത്തു വെള്ളത്തിലൂടെ, പുതിയകഥ നൽകുന്ന വെളിച്ചത്തിലൂടെ നടന്നു മറയുന്ന ജോജിയെ നോക്കി ഞാൻ നിന്നു. നിൽപ്പിനിടയിൽ എപ്പോഴോ വലതു കൈയിലെ ചൂണ്ടുവിരൽ അറിയാതെ മൂക്കിനോട് ചേർത്തു , ഇളംചൂടുള്ള ചെറിയകാറ്റിന്റെ സാന്നിദ്ധ്യം ഞാൻ തിരിച്ചറിഞ്ഞു.

●

# നിറം മങ്ങുന്ന പൂക്കളം

തൊടിയിലൊരു മൂലക്ക്
തുമ്പച്ചെടി തലകുനിച്ച് ഇരിക്കുന്നു തൊട്ടാ
വാടി ഇടയ്ക്കിടെ
കൺചിമ്മി തുറക്കുന്നു
നീട്ടി നീട്ടിയോടുന്ന
ഒരു പൂക്കൊട്ട സ്വപ്നം കണ്ടു
അരിപ്പൂച്ചെടി ഞെട്ടിയുണരുന്നു വെള്ളികൊ
ലുസിന്റെ
കൊഞ്ചികിലുക്കങ്ങൾ
തുള്ളിത്തുളുമ്പുന്നൊരോർമയിൽ
നീലക്കോളാമ്പിയും കൃഷ്ണകിരിടവും
നീറ്റലടക്കുന്നു....
ഓണാരവത്തിന്റെ താളകൊഴുപ്പിൽ ഉള്ളപ്പാ
ടെ പൊള്ളിയിട്ടും
കനൽ ചോപ്പിൽ തുടുക്കുന്നുണ്ട്
ചെമ്പരത്തി ...
കുഞ്ഞു പട്ടങ്ങളില്ലാത്ത വാനിൽ
ഒറ്റക്ക് പാറുന്ന പൂമ്പാറ്റകൾ...
കതിർമണി തേടിപ്പോകുന്ന
തത്തയെ കാത്ത്
ക്യാമറ കൺ തുറന്നിരിക്കുന്നു.
പണക്കൊഴുപ്പിന്റെയൂഞ്ഞാലിൽ
നീറവയറിലിൽ ചിരിച്ച
വിശപ്പിന്റെയാത്മക്കൾ ഞെരിഞ്ഞമരുന്നു.

ഓണക്കിറ്റിൽ
അടഞ്ഞൊതുങ്ങിപ്പോയ കുത്തരി ശാപമോ
ക്ഷം തേടി
ശ്വാസം അടക്കിപ്പിടിക്കുന്നു
ഓണത്തിനു മുമ്പേ
കാണവും കാത്ത്,
കൈ കെട്ടിയിരിക്കുന്നവർ
കണ്ണിൽ കണ്ണിൽ പരസ്പരം
കാണാതിരിക്കുന്നു..
ഓണക്കോടി വേഷം മാറി
കേരള വസ്ത്രമായി കേളികൊട്ടുന്നു ...
ഓണപ്പൂക്കൾ വഴി വരമ്പകന്ന്
നാട്ടു ചൂരു കെട്ട്,

കെട്ടുകെട്ടായി ചന്തയിൽ
കെട്ടിരിക്കുന്നു.
ആമസോൺ കമ്പനി
ആയിരക്കണക്കിനോണ സദ്യ
ഒരിക്കലും വാടാത്തില കെട്ടി
പൊതിയാക്കുന്നു
തേടി വരാനും പാടിവരാനും നേരമില്ലാത്ത
കാലത്ത് ....


വേറെ പണിയൊന്നമില്ലാത്ത നീ
വർഷാവർഷം വരുമെന്ന്
ഞങ്ങൾക്കറിയാം.
ഓൺലൈനിൽ
അമ്മക്കൊരു പൂക്കളവും
ഭാര്യക്കു വേണ്ടി സദ്യയും
മകൾക്കുള്ള - കേരള സാരിയും -
എനിക്കൊരല്പം ......:
ഓർഡർ ചെയ്യുമ്പോൾ
ഒരു പ്രാർത്ഥിച്ചുള്ളൂ ... :
മാവേലി ... :
നിനക്കെങ്കിലും
ഒരിക്കലും മടുക്കാതിരിക്കട്ടെ

**കവിത**





**സരസ്വതി. കെ.എം.**



കവിത

# വരയ്ക്കുവാൻ കഴിയാത്തത്



രാജു കാഞ്ഞിരങ്ങാട്

കഴിയില്ല ഒരു സ്ത്രീയെ മുഴുവനായും
വാക്കുകളാൽ വരയ്ക്കുവാൻ
ചിത്രങ്ങളായ് തുന്നുവാൻ

അവനിൽ ഒരു അവളുണ്ടെന്നതുപോലെ
അവളിൽ ഒരവനുമുണ്ട്
അടങ്ങാത്ത ആഴക്കടലുണ്ട്

നിങ്ങൾ സ്നേഹിക്കുന്ന അത്രതന്നെ
ഭയപ്പെടേണ്ടതുണ്ട് .
വരയ്ക്കാൻ പാകത്തിൽ അരികിലേക്ക്
ചേർന്നു നിൽക്കും
വരച്ചു തുടങ്ങുമ്പോഴാണറിയുക
എത്ര അകലെയെന്ന്

ഇത്രമാത്രമെന്താണ് അവളിലുള്ളതെന്ന്
നിങ്ങൾക്കുതോന്നാം!
ഒരു ശരീരം മാത്രമല്ല അവൾ ഒരു ഭൂമി -
തന്നെയെന്ന് നിങ്ങളറിയും
പാടവും പറമ്പും, കുന്നും, പുഴയും -
കാടും എല്ലാമുള്ള ഭൂമി

അവയവങ്ങളുടെ അളവെടുക്കുന്ന
കണ്ണുകൾക്കറിയില്ല
അവളെന്ന ഭൂമിയെ
അല്ലെങ്കിലും, അവളൊരു ഭൂമി മാത്ര-
മല്ലല്ലോ കടലും കൂടിയല്ലേ
ആഴങ്ങൾ കണ്ടെത്തുവാൻ കഴിയാത്ത -
കടൽ





സിന്റി സ്റ്റാൻലി

# പഞ്ചമം

എത്രപേർ ചെമ്പുകുടങ്ങൾ നിറയ്ക്കിലും
തെല്ലുമേ താഴാത്ത ജലാശയം നമ്മൾ.
എത്ര ഭൃംഗങ്ങൾ മൂളിപ്പറക്കിലും
പൂവിൽ നിന്നൊഴിയാത്ത മധുകണം നമ്മൾ

കിഴക്കുദിക്കുന്ന സൂര്യപ്രഭയും
വടക്കുനിന്നെത്തും തത്ത തൻ കൊഞ്ചലും
പകുത്തു നാമീ മണ്ണിലേറെ കനകാംബര -
പ്പൂമരങ്ങൾ കുലുക്കിപ്പൊഴിക്കവേ,

ചെങ്കല്ലിൻ ചായത്തിൽ ചാരുതയാർന്നെത്ര -
ചിത്രങ്ങൾ ചെമ്മണ്ണിൽ പതിഞ്ഞുപോയി
ചെമ്മേ , ചെമ്മരിയാട്ടിൻകൂട്ടങ്ങളീ -
പച്ചപ്പുൽമേടൊന്നിറങ്ങും പോലെ .

മാഞ്ഞുപോകുന്നൊരീ മഞ്ഞിലവ്യക്തമായ്
മന്ത്രങ്ങളേതോ കുറിച്ചുവച്ചപോലെ
മാതളം പൂത്ത മനയ്ക്കലെ കാവിൽ
മാൻമിഴിയാളൊരാളുറഞ്ഞു തുള്ളുംപോലെ.

പിന്നെയുമെന്തിനായ് തിരയുന്നു പഞ്ചമം
പണ്ടുപണ്ടേയുള്ള കോകിലസ്വനമല്ലോ?
പാരിതിൽ ഗീതമായ്ത്തീർന്നതല്ലോ ?
പേമാരി പോലെ ചൊരിഞ്ഞതല്ലോ ?

കവിത

# നിഴൽ ചിത്രങ്ങൾ



ആരിഫ മെഹ്ഫിൽ



പുണരുവാനാകില്ലെന്നറിഞ്ഞിട്ടും
പുഴയും മരങ്ങളും തമ്മിൽ
പ്രണയിക്കുന്നത് കണ്ടിട്ടില്ലേ
തൊട്ടു തൊട്ടില്ലെന്ന മട്ടിൽ
ചില്ലകൾ ചായ്ച്ച് മരങ്ങളും
നിഴലിനെ പുണർന്ന് പുഴയും
പ്രണയം പകുക്കുന്നു

രാപകൽ കണ്ണിൽ നോക്കി
അവരെത്ര കഥകളാണ്
പറഞ്ഞു കൊണ്ടിരിക്കുന്നത്
അടിവേരുകൾ മണലാഴങ്ങളോട്
ചേരുമ്പോൾ
നട്ടുച്ചയുടെ പൊള്ളലുകളിലേക്ക്
ഹിമ തടാകങ്ങൾ പതഞ്ഞൊഴുകുന്നു

ഇലത്തുമ്പിലൂടിറ്റു വീഴുന്ന
മഴച്ചാർത്തുകൾ
വിരഹ നോവിൽ ഘനീഭവിച്ച
ശിലാതന്തുവായി
പുഴയുടെ ആഴങ്ങൾ
തേടിയെത്താറുണ്ട്.







ശോഭ ജി ചേലക്കര

# നീ പോയതിൽപ്പിന്നെ

ഇരുൾത്തേരുപൂട്ടി രാത്രി,
വന്നുനിന്നെന്റെ
ജനലിനപ്പുറം;
വിഷാദക്കറുപ്പെന്റെ
കണ്ണുകൾ യാത്രപോ-
യൊരുതുടു താരയെത്തേടി.
ഇനിയകംകാഴ്ചക-
ളതിൽ കതിർമണ്ഡപം;
മഞ്ഞച്ച ചരടൊ-
രുമണിത്താലി;
സദ്യയുണ്ടാളുകൾ പിരിഞ്ഞു;
സന്ധ്യയായി, നിൻമുഖ-
ത്തഞ്ചാറു കലിക !
തേൻ കുടിക്കുവാൻ
ശലഭച്ചിറകുമായ് ഞാൻ!

പിറ്റേന്നെൻ മീൻവണ്ടിയിൽ
വസന്തോത്സവം!
മീനുകൾക്കൊക്കെയും
പൂക്കണ്ണുകൾ.
തൊടിയിൽ നീ മത്തനു
തടമെടുക്കുമ്പോ-
ളലസമായ് ഞാൻ മീങ്കഥകൾ തൂക്കിത്തന്നു!
ജീവിതം കയ്പുനിറഞ്ഞതെന്ന്
നീ പാവലിനു നീരുപാകി.
തണുവള്ളികളെൻ
ജീവനിൽ പന്തലിച്ചു.
കപ്പച്ചുവടു മീങ്കറിയിൽ മുങ്ങി!
തോട്ടത്തിൽ പാട്ടൊഴുകിയനേരം
തയ്ത്തെങ്ങ് കോടികായ്ച്ചു.
പുഴയ്ക്കക്കരെ നിന്നൊരു
വയറ്റാട്ടി
മൂന്നുവട്ടം വീട്ടിൽ വന്നു,
പോയി.
കോടിമുണ്ടും വെറ്റിലയും
നാളികേരവും കൊടുത്തു.
പല വേനലുകൾ കുടിച്ച്,
ഇടമഴകൾ നനഞ്ഞ്
ജീവിതാഹവം തോറ്റി നാം!
മക്കൾ,
വിമാനസ്വപ്നങ്ങളുമാ-
യകലേക്കു
പറന്നപ്പോൾ
നാമിരുവരും മുഖാമുഖം
തുളുമ്പി!
കാബൂളി,ലുക്രൈയിനിൽ
സമാധാനമൊപ്പുവെക്കുന്നതും കാത്ത്,
രാവിലൊരൊറ്റമുറിയി-
ലൊരുദൃശ്യസർവ്വത്തിൽ നീ
കണ്ണുംനട്ടിരുന്നു!
ഉറങ്ങുവാൻ
നേരമായപ്പോൾ
കാത്തോളണേയെന്ന്
ടെലിവിഷൻസ്വിച്ചിൽ
നീ വിരലമർത്തി.
എനിക്കു ചാരെ വന്ന്
പനിനീർപ്പൂ വിടർന്നു!

ലോകമാകെ പനിക്കുളിരിൽ
പുതച്ചുകിടന്നകാലം;
കോവിഡിൻ കാളകൂടമേറ്റു
നീ പിടഞ്ഞു,
തെരുവുനായ്ക്ക-
ളോരാതെയോരിയിട്ടൊരർദ്ധരാത്രിയിൽ
നീലച്ചു!
നീ പോയതിൽപ്പിന്നെ-
യിന്നോളം
പെയ്യാത്ത
പെരുമേഘക്കാർത്തെയ്യമുള്ളിൽ;
വീട്ടിലുമെന്നിലും
അനാഥത്വം മാറാല കെട്ടി !
തുരുമ്പിച്ചവണ്ടി,യതിന്മേൽ
നീ നട്ട ചെടികൾ തൻ
വള്ളിക്കൈകൾ;
ഞാൻ ചെന്നു നോക്കുമ്പോ-
ളതിലൊരു ധവളാഭ,
വിടരുന്ന മല്ലികപ്പൂവ് !
അതിനു നിന്നുടൽമണം;
നിന്റേതപുഞ്ചിരി,
ചുടുമഴ പെയ്തുതോരുന്നു!

കവിത

# ഒരേ സമയം രണ്ടിടങ്ങളിൽ




മനീഷ

1. കുരുന്നിന്റെ കൈയിൽ
മരുന്ന് കേറാനൊരു
സൂചിമുന ആഴ്ന്നപ്പോൾ
അമ്മ തേങ്ങി,
കണ്ണുനീർ ഒഴുകി.
അച്ഛന്റെ നെഞ്ചിൽ ആയിരം
സൂചിമുനകൾ ആഴ്ന്നു.
അസുഖമൊന്നു മാറിയെങ്കിൽ.
കുരുന്നുമുഖമൊന്നു
പുഞ്ചിരിയാൽ തെളിഞ്ഞെങ്കിൽ.
ഭയം കൊളുത്തിവലിക്കുന്നു.

2. കുഞ്ഞുമോളെ കാണുന്നില്ല.
നെഞ്ചിലൊരു ഹിമാലയം.
അമ്മനോവും, അച്ഛൻവേവും
സമം.
കാണ്മതില്ല കണ്മണിയെ.
ഭയം കനം വെച്ച്,
ശ്വാസംമുട്ടിച്ച്,
ആഴ്ന്നിറങ്ങുന്നു.
കണ്ടുകിട്ടിയപ്പോഴോ
ചവുട്ടിയരച്ച പൂമൊട്ട്.
അമ്മ മനം
കർക്കടക കണ്ണീരായി
അച്ഛനതാ,
ചമ്പാരനിലെ
'കേസരിയാ '
സ്തൂപം പോലെ

ഏത് കോണിലും
അമ്മക്കണ്ണീരിനും
അച്ഛനാധിക്കും
ഭാഷയൊന്നല്ലോ
കുഞ്ഞുപുഞ്ചിരിയെക്കാൾ
വലുതായി ഒന്നുമില്ലല്ലോ.





# നനഞ്ഞു കുതിരുന്നു ഞാനീ മഴയിൽ...

മഴവന്ന് നിറഞ്ഞിട്ടും
പേമാരിയായ് കുടഞ്ഞിട്ടും
കടൽ തിരമാലകളായ്
വന്നടിച്ചിട്ടും
ഉൾത്തടം വിങ്ങിയിട്ടും
മതിവരുന്നില്ലെന്റെ കടലേ ..

സായാഹ്നത്തിലെ
തണുപ്പാർന്ന സമയം
ഞാൻ നിന്നോടൊപ്പം
കൂടുമ്പോഴും
നിന്റെ ആഴങ്ങളിൽനോക്കി
ഞാൻ മതിമറക്കുമ്പോഴും
എന്റെ കാലുകളിൽ
നിന്റെ ചുംബനം ഞാൻ
ആസ്വദിക്കുമ്പോഴും
മൺതരികളിൽ ഞാൻ
പൂഴ്ന്നിരിക്കുമ്പോഴും
മഴ വന്ന് കുളിരിടുമ്പോഴും
മതിവരുന്നില്ലെന്റെ കടലേ ..
നിന്നോടുള്ള എന്റെ പ്രണയം .

ആഴങ്ങളിൽ , ചിറകുകൾ
പൊങ്ങി പറന്നിട്ടും
ഈ കർക്കിടകത്തിലെ
ഒരു സുന്ദരിയായി
നിറഞ്ഞു നില്പതല്ലൊ
എന്റെ കടലേ ..

ഇതാ ഈ മഴയിൽ ഞാൻ
കുളിച്ചു കേറുന്നു.....
ഇതാ ഈ മഴയിൽ ഞാൻ
നനഞ്ഞു കുതിരുന്നു....
തിരമാലകളടിച്ചുയരു
മ്പോഴും
മഴയിൽ ഞാൻ
കുളിച്ചു കേറുന്നു ....
മഴയിൽ ഞാൻ
നനഞ്ഞു കുതിരുന്നു ...



കയ്യുമ്മു കോട്ടപ്പടി

# ജീവിതത്തിന്റെ അവസ്ഥാന്തരങ്ങളിലൂടെ

## (ജയപ്രകാശ് എറവിന്റെ കാവ്യ സഞ്ചാരങ്ങൾ 25 വർഷങ്ങൾ പിന്നിടുമ്പോൾ)



**ദർശന കെ. ആർ.**

**ശാ**ന്തമായി ഒഴുകുന്ന പുഴ പോലെയാണ് ജയപ്രകാശ് എറവിന്റെ കവിതകൾ. ശക്തമായ ഒഴുക്കോ ചുഴിയോ കണ്ടെത്താനാകില്ല, എങ്കിലും കൂടുതൽ ആഴങ്ങളിലേക്കിറങ്ങുമ്പോൾ അത് നമ്മെ വലിച്ചടുപ്പിക്കുന്നു. ഇതുതന്നെയാണ് ജീവിതമെന്ന് പറയുന്നു. ജീവിതത്തിന്റെ വിവിധങ്ങളായ അവസ്ഥാവിശേഷങ്ങളെ, വ്യഥകളെ അയത്നലളിതമായി വായനക്കാരിലേക്ക് എത്തിക്കുന്നു. എഴുത്തിലേക്കിറങ്ങുമ്പോൾ കവി സ്വയം കഥാപാത്രമായി മാറുകയാണ്. കവിയുടെ ആത്മവ്യാപാരങ്ങൾ വായനക്കാരനിലേക്ക് പകർന്നാട്ടം നടത്തുന്നു.




കവിതയെന്നത് ആത്മാവിഷ്കാരങ്ങളാണ്. ഒരുതരത്തിൽ പറഞ്ഞാൽ കവിയുടെ വികാരങ്ങളാണ് കവിതയിലൂടെ പലപ്പോഴും പ്രകടമാക്കപ്പെടുന്നത്. അങ്ങനെ വരുമ്പോൾ ജയപ്രകാശ് എന്ന കവി തന്റെ സ്വത്വം തേടിയുള്ള യാത്രയിലാണെന്ന് പറയാം. ആദ്യകാലങ്ങളിൽ എഴുതപ്പെട്ട കവിതകളെക്കാൾ കൂടുതൽ ജീവിതത്തിന്റെ ആത്മീയ ഭാവങ്ങളിലേക്ക് അടുത്തുവരുന്നവയാണ് സമീപകാലങ്ങളിൽ എഴുതപ്പെട്ട കവിതകൾ എന്ന് കാണാനാകും. മുഖ്യധാരാ മാധ്യമങ്ങളിലെല്ലാം സാന്നിദ്ധ്യം അനുഭവിപ്പിക്കുന്ന കവിയാണ് ശ്രീ ജയപ്രകാശ് എറവ്. അദ്ദേഹത്തിന്റെ ഏതാനും കവിതകളിലൂടെയുള്ള ഒരു യാത്രയാണ് ഇന്ന് ഞാൻ നടത്താൻ ഉദ്ദേശിക്കുന്നത്.

ശക്തമായ ആശയം പേറുന്നവയാണ് അദ്ദേഹത്തിന്റെ കവിതകൾ. ശവം എന്ന കവിതയിൽ വിചാരണയ്ക്ക് വിധേയനായ തന്നെ തന്നെയാണ് കവി പോസ്റ്റ്മോർട്ടം ടേബിളിൽ കാണുന്നത്. തന്റെ ഹൃദയഭാഗത്തെ വെറുതെ വിടുക എന്ന് അദ്ദേഹം തന്നെയാണ് ലോകത്തോട് വിളിച്ച് പറയുന്നത്. എന്തെന്നാൽ ആത്മാവിന്റെ നഗ്നതയിൽ പൂർത്തീകരിക്കാനാകാത്ത സ്വപ്നങ്ങളുടെ നോവുകൾ ഉണ്ട്. കൊടുക്കാൻ കഴിയാത്ത ചുംബനങ്ങളുടെ പേമാരിയുണ്ട്. പറയാൻ മറന്ന വാക്കുകളുണ്ട്. പാടി മറന്ന വിപ്ലവഗീതികളും.

ഒറ്റുകളുടെ ഈ ലോകത്ത് ഒളിയമ്പുകളാൽ മുറിവേറ്റ ചോര വാർന്ന ദേഹം കൺചിമ്മിത്തുറന്നപ്പോഴേക്കും വെറുമൊരു ശവമായി തീർന്നില്ലേ എന്ന ഇന്നത്തെ കാലത്തിന്റെ ആ ഒരു വ്യഥയെയാണ് കവി തന്റേതായി വായനക്കാരനിലേക്ക് എത്തിക്കുന്നത്.

എന്നാൽ കാർന്നോർ എന്ന കവിതയാകട്ടെ ഗൃഹാതുരത്വം ഉണർത്തുന്ന വരികളാണ് പങ്കുവയ്ക്കുന്നത്. ഓരോ എഴുത്തും അത്രമേൽ വികാര തീവ്രതയോടെ നമ്മെ കൈപിടിച്ച് നടത്തുകയാണ്. പൂർവ്വകാല സ്മൃതികളിലേക്ക്. കുഞ്ഞുനാളിൽ അച്ഛനും അമ്മയുമായുള്ള വേഷപ്പകർച്ചകൾക്കിടയിൽ വരുന്ന കാർന്നോർ ചിരിക്കാത്ത, ഗൗരവപ്പുതപ്പിനാൽ പുതച്ച, വാക്കുകൾക്ക് പിശുക്കുന്ന, കണക്ക് കൂട്ടിക്കൂട്ടി തെറ്റിച്ച മുത്തച്ഛന്മാർ. അവരുടെ സാന്നിദ്ധ്യത്തിൽ അസ്തമിച്ചു പോകുന്ന കളികൾ . കണക്കാണ് അവരുടെ പ്രിയ പത്നി എന്ന് പറയുമ്പോൾ തന്നെ കണക്കുകൂട്ടി കണക്കുകൂട്ടി തെറ്റിച്ചവരാണവരെന്നും കവി ഓർമ്മപ്പെടുത്തുന്നു. എത്ര കൃത്യമാണ് ആ നിരീക്ഷണം . കാർന്നോമ്മാരെ കാലം കൊണ്ടുപോയപ്പോൾ പറമ്പിലെ സ്നേഹമരച്ചില്ലകൾ വന്ന് പുതപ്പിച്ചു . പ്രകൃതിയോട് എത്രമാത്രം അടുപ്പമുള്ളവരായിരുന്നു അവർ എന്ന് ഓർമിപ്പിക്കുകയാണ് കവി. എന്നാലിന്ന് സ്വയം കാർന്നോരായി മാറിയപ്പോൾ ഒന്നിനും കണക്കില്ലാത്തവരായി തീർന്നിരിക്കുന്നു. ഇടയ്ക്കിടെ ഇത്തിക്കണ്ണി വന്നുമൂടിയ പ്രായമായ മരത്തിലേക്ക് നോക്കുമ്പോൾ കാറ്റത്ത് മരക്കൊമ്പ് ഇളകിയാടി ചാഞ്ഞു ചോദിക്കും. പുതപ്പിക്കുവാനായി മാടി വിളിക്കും.

പണ്ടത്തെ കാർന്നോന്മാരുടെ കാലത്ത് ഇത്തിക്കണ്ണി മൂടിയ മരം കാണാനാകില്ല. എന്തെന്നാൽ ഇത്തിക്കണ്ണികൾ മരത്തെ നശിപ്പിക്കുമെന്ന് കാർന്നോർമാർക്കറിയാം. അതുകൊണ്ട് അവരത് നേരത്തെ തന്നെ നശിപ്പിക്കും . എന്നാൽ ഇന്നത്തെ കാർന്നോർമാർ അലസരും മടിയരും പ്രകൃതിയിലേക്ക് ഇറങ്ങാൻ മടിക്കുന്നവരുമാണ്. അതുകൊണ്ടുതന്നെ മരങ്ങളെല്ലാം ഇത്തിക്കണ്ണികൾ മൂടിയിരിക്കുന്നു. ഹൃദയങ്ങളും.

സ്വയം വെട്ടി മാറ്റി വേർപ്പെടുത്താത്ത ഇത്തിക്കണ്ണികൾ പോലെ മനുഷ്യഹൃദയങ്ങളിലും അധമ വികാരങ്ങളും ചിന്തകളും കൂടുകൂട്ടിയിരിക്കുന്നു എന്നും അത് മനുഷ്യനെ എത്രമേൽ പരവശനാക്കുന്നു എന്നും എത്രമേൽ നശിപ്പിക്കുന്നു എന്നും അദ്ദേഹം പറയാതെ പറയുന്നുണ്ട് ഈ കവിതയിൽ.

ഓർമ്മകളാണ് ജീവിതത്തിന് ഊടുപാകുന്നത്. ഓർമ്മകൾ ഇല്ലെങ്കിൽ നാമില്ല . വാർദ്ധക്യമില്ലാത്ത കാലത്തിന്റെ തെളിമയാണ് ഓർമ്മയെന്നാണ് കവി പറയുന്നത്. കാലത്തിനും കോലത്തിനും വസന്തമാണോർമ്മ. ചാറ്റൽ മഴയുടെ കുസൃതി പോലെ വന്നെത്തി നോക്കിപ്പോകുന്ന ഓർമ്മകൾ പക്ഷേ, പ്രണയത്തിനും മരണത്തിനും ഇടയിലുള്ള നോവത്രേ. വന്നൊന്ന് പുണരുവാൻ എന്ന കവിതയിൽ മറ്റ് വീട്ടുകാരുടെ പറമ്പുകളിൽ കൂടി മൈതാനത്തേക്കുള്ള ഓട്ടങ്ങൾ, കടലാസ് പൂക്കൾ , കമ്മ്യൂണിസ്റ്റ് പച്ച കാരപ്പഴം , കൊട്ടക്കായ, എന്നിവയൊക്കെ ഗൃഹാതുരത്വം ഉണർത്തുന്ന ബിംബങ്ങളാണ് . പാദങ്ങൾ അമരുമ്പോൾ ഉണരുന്ന മൈതാനം ജീവിതത്തിന്റെ ഭാഗമാണ് ജയിക്കുവാനും തോൽക്കുവാനും തമ്മിൽ തല്ലുവാനും തെറിവാക്ക് പറയാനും പ്രണയമൊഴികൾ കൈമാറാനും നട്ടുച്ചയ്ക്കും ഇരുൾവെട്ടത്തും ഒറ്റയ്ക്ക് നിന്ന മൈതാനം. അതിൽ ജീവിതം നിറയുമ്പോൾ അതിനരികിലെ ശ്മശാനത്തിലേക്ക് ഇറങ്ങിയെത്തുന്ന ശാന്തത. അതിലെ ഓരോ ശവക്കല്ലറയും ഓർമ്മപ്പൂക്കൾ . പറയാൻ ബാക്കി വച്ചവരുടെ സ്വപ്നമയക്കങ്ങൾ. തോറ്റവരും ജയിച്ചവരും എന്തെല്ലാമോ ആയവരും തേടിയലഞ്ഞവരും ഒരേ മണ്ണിൽ വന്നുചേരുന്നിടം. ഒരുനാൾ കളിയും ചിരിയും തിരികെ എടുത്ത് ചേർക്കുന്ന മണ്ണ് പുണർന്നുറങ്ങാനുള്ള കൊതി ആവോളം ഉണ്ടെന്ന് കവി.

ചുരുക്കം ചിലർ എന്ന കവിതയിൽ ചിലരിലേക്ക് മാത്രമായി ജീവിതം ചുരുക്കുന്നവരെ കുറിച്ചാണ്. അവരിലേക്ക് മാത്രമായി ജീവിതം ചുരുക്കി അവരെക്കുറിച്ചു മാത്രം ചിന്തിച്ച് ചിന്തിച്ച് അങ്ങനെ ജീവിച്ചു തീർക്കുന്നു . ചുരുക്കം ചിലർ ഓർമ്മകളിലേക്ക് പോലും കടന്നു വരാത്തവർ . അവർ ജീവിച്ചിരിപ്പുണ്ടെന്നോർക്കാതെ, അവരെക്കുറിച്ച് വ്യാകുലതകൾ ഇല്ലാതെ. എന്നാൽ വേറെ ചിലർ നേർക്കുനേർ കണ്ടാലും വേറെ ഏതോ ഭൂഖണ്ഡത്തിൽ അകപ്പെട്ട പ്രാകൃതരെ പോലെ. കവി പറയുന്നത് എത്രയെത്ര വേഷം കെട്ടിനുള്ളിൽ ഒതുങ്ങിക്കിടക്കുന്നതാണീ ജീവിതം എന്നാണ്. ആരെയൊക്കെയോ തൃപ്തിപ്പെടുത്താൻ നിരന്തരം വേഷം കെട്ടേണ്ടി വരുന്നവരാണ് നാം എന്ന് ഓർമ്മിപ്പിക്കുകയാണ്.

ഛായാചിത്രങ്ങൾ എന്ന കവിതകൾ എന്ന കവിതയിൽ പക്ഷേ നമ്മൾ നിഴലുകളാണ്. അസ്തമയ സൂര്യന്റെ അരുണിമമായു

മ്പോൾ വിജനമാകുന്ന തീരത്ത് പഥികരുടെ കാൽപ്പാടുകൾ എണ്ണിത്തീർക്കാൻ വിധിക്കപ്പെട്ടവർ. തിരുശേഷിപ്പുകളെ ഓരോ ആലിംഗനത്തിലും തന്റേതാക്കി മായ്ച്ചു കളയുന്ന തിരമാലകൾ. ഇരുളിന്റെ കിരാതനൃത്തം ഒഴുകിപ്പരക്കുമ്പോൾ എല്ലാം ഒന്നിന്റെ നിഴലുകളായി മാറുന്നു. കണ്ണിലാവോളം വെളിച്ചം നിറച്ച് നിലാവ് വേണ്ടെന്ന് ഉറപ്പിക്കുന്നു . താരകങ്ങൾ പൂത്തിറങ്ങട്ടെ എന്ന് നീ. മഴമേഘങ്ങളെ സ്വപ്നമായി സൃഷ്ടിക്കുന്നു ഞാൻ. രണ്ടുപേർക്ക് ഒന്നിന്റെ നിഴലുകളായി ഛായാചിത്രങ്ങളായി ആഴങ്ങൾ തിരയാനാകണമെങ്കിൽ പലതും ഒളിപ്പിക്കേണ്ടതുണ്ടെങ്കിലും പരസ്പരം അറിയേണ്ടതും ഉണ്ടെന്നും അത് തന്നെയാണ് ജീവിതം എന്നും ഓർമിപ്പിക്കുകയാണ് കവി.

കയറ്റിറക്കം എന്ന കവിതയും ജീവിതത്തെ വരയ്ക്കുന്നു. കാണുന്ന കാഴ്ചകളെ ഒരൊറ്റ ചുംബനം കൊണ്ട് നിറച്ച് ജീവിതത്തിന് വർണ്ണാഭ പകരുക . കയറ്റിറക്കങ്ങൾ ജീവിതം ഹ്രസ്വമാണെന്ന ഓർമ്മപ്പെടുത്തലത്രെ. ശരികളെ അളന്ന് കുറിച്ചിടുന്നവ . മായിച്ചും വരച്ചും തെളിയാതെ പോകുന്ന വരകളിൽ ജീവിതം മാറുന്നുവെന്ന് കവി.

അവസ്ഥ എന്ന കവിത ജീവിതത്തിന്റെ അവസ്ഥാന്തരങ്ങളെയാണ് ഓർമ്മിപ്പിക്കുന്നത്. ഇരുന്നുണ്ട് കാഴ്ചകളിലേക്ക് അനക്കങ്ങളിലേക്ക് മിഴികൾ വിടർത്തി സമയത്തെ കീഴ്പെടുത്തി തനിക്ക് ചുറ്റുമുള്ളവരുടെ സ മറുനോട്ടങ്ങളെ ഗൗനിക്കാതെ പ്രകൃതിയെ അവാഹിച്ചുള്ള ഇരിപ്പ്. അങ്ങനെ ഇരിക്കുമ്പോൾ തോന്നും നടക്കുന്നതാണ് സുഖകരം എന്ന്. പരിചിതരോട് കുശലം പറഞ്ഞു യാത്രപറഞ്ഞ് എന്തിനെന്നറിയാത്ത നടപ്പ് ദൂരങ്ങളെ അരികിലേക്ക് മാടിവിളിക്കുന്നു . നടപ്പിൽ മടുത്താൽ കിടപ്പായി സന്ദർശകർക്കായി തുറന്നിട്ട വാതിലുകൾ. വരുന്നവർക്ക് വിശേഷപ്പെരുമഴ. തിരിച്ചുവിശേഷം പറയുവാനാവാത്ത കിടപ്പ്. കാഴ്ച നിദ്രയിലാണ്. കേൾവി പടിയിറങ്ങിയും പോകുമ്പോൾ വാക്കുകൾ ചുവരിൽ തട്ടിച്ചിതറി അജ്ഞാത ലിപികൾ തീർക്കുന്ന കാലം . ഇത് നാലാമത് അവസ്ഥയിലേക്കുള്ള സംക്രമണം ആണെന്ന് കവി. ഇരുന്നു നടന്നും സ്വപ്നം കണ്ടു നാം എത്തിച്ചേരുന്നത് നിത്യമായ മൗനത്തിലേക്കല്ലാതെ മറ്റെവിടേക്കാണ്.

അമ്മയെ കുറിച്ച് പറയുമ്പോൾ എല്ലാവർക്കും നൂറ് നാവാണ് . വാക്കിൽ ഒതുങ്ങാത്ത വരയിൽ ഒതുങ്ങാത്ത സ്നേഹനിറമാണ്.

ജയപ്രകാശിന്റെ ഒരു കവിതാസമാഹാരത്തിന്റെ പേര് തന്നെ അമ്മയുടെ കണ്ണ് എന്നാണ്. ചിരിക്കുമ്പോൾ നാരകപ്പൂക്കളാകുന്ന, കരയുമ്പോൾ മഴമേഘങ്ങൾ ആയി നിറയുന്ന , അമ്മ , പുത്തൻ വേഷങ്ങൾ അണിയാതെ അകത്തളത്തിലും ഇറയത്തും മുറ്റത്തും പറമ്പിലും അടുക്കളയിലും ജീവിതത്തിന്റെ ഗതിവേഗങ്ങൾക്കൊപ്പം ചലിച്ചുകൊണ്ടിരുന്നു. വഴക്കിനും കുറ്റം പറച്ചിലുകൾക്കും അന്യയായിരുന്ന അമ്മയെ മരണവേഗം തൊട്ടുണർത്തുമ്പോൾ മാത്രമാണ് എല്ലാവരും ശ്രദ്ധിക്കുക . കവി പറയുന്നു വർഷങ്ങളേറെ കഴിഞ്ഞുപോകിലും കുഴിമാടത്തിൽ നിന്നും നിറപുഞ്ചിരി തൂകി പൂത്തുലഞ്ഞ പൂമരം. ഒന്നാതണലിൽ അലിഞ്ഞു ചേർന്നാൽ നിറയെ പൂ കൊഴിച്ച് അത് മേലാകെ ഉമ്മ വയ്ക്കുമെന്ന്. അതത്രെ അമ്മയുടെ വാത്സല്യം.

ഇനി എത്ര നാൾ എന്ന കവിതയിൽ മരുന്നിൻ ഗന്ധം നിറഞ്ഞ മുറിക്കുള്ളിൽ മടുപ്പ് ബാധിച്ച വാർദ്ധക്യമുണ്ട്. മയക്കം പതിവില്ല. എന്നാലും തളർന്നു പോകുന്ന മനസ്സും ശരീരവും . ദുസ്വപ്നങ്ങൾ വേട്ടയാടി തീർക്കും രാവുകൾ . ഇനിയൊന്നും ചെയ്തുതീർക്കാൻ ബാക്കിയില്ല എന്ന് നെടുവീർപ്പുകൾ . ആരോ വിളിക്കുന്ന പോലെയുള്ള ഞെട്ടിയുണർച്ചകൾ . കവി ഓർമ്മപ്പെടുത്തുകയാണ് ജീവിതത്തിന്റെ കാണാപ്പുറങ്ങൾക്കപ്പുറം കാത്തിരിക്കുന്ന ആ കാലത്തെ.

തനവിടങ്ങളിൽ താന്തോന്നിയായി മുളപൊട്ടിയ വേരിറങ്ങുന്ന ഏത് ഇടവും കളിയാട്ടത്തറയാക്കി തന്നിലേക്ക് മാളം തീർക്കുന്നവനെ പതിയിരുന്നു കൊല്ലാനുള്ള ഒരുക്കങ്ങൾ . ഒരേ ഭൂമിയിൽ രണ്ട് രാഷ്ട്രങ്ങളുടെ പ്രഖ്യാപനം. അടിയന്തരാവസ്ഥ. ഒടുവിൽ അവൻ പിടിയിലാകുമ്പോൾ സൂര്യനെ തിരികെ തന്നു രാത്രി പോയി മറയുമ്പോൾ പെണ്ണിന്റെ വിയർപ്പിൽ നനഞ്ഞ പോലെ മഞ്ഞു പെയ്ത മണ്ണ്. അടയാളങ്ങളുടെ തിരുശേഷിപ്പുകൾ ഇല്ലാതെ അവൻ അപ്രത്യക്ഷനാകുമ്പോൾ സ്വയം വേറൊരു ജന്മത്തിലേക്ക് പൊട്ടിക്കയറുകയാണ്. ഒരുത്തനെ തന്നെ നിലച്ചിരിക്കുമ്പോൾ സ്വയം അവനായി മാറുന്ന അവസ്ഥാവിശേഷമാണ് തൊരപ്പിയം എന്ന

കവിത പറഞ്ഞു വെക്കുന്നത്. .

പ്രതിമകളുടെ അവസ്ഥ വളരെ ശോചനീയമാണ്. കൊടുംവെയിലേറ്റും മഴ നനഞ്ഞ് പൂപ്പൽ നിറഞ്ഞും പക്ഷികൾക്ക് ഇരിപ്പിടമായും ഏതെങ്കിലും പാതയോരത്ത് നിസ്സംഗരായി നിൽക്കുന്നു. വല്ലപ്പോഴും ആരെങ്കിലും ഓർക്കാനിടയായാൽ ഒരു ശാപമോക്ഷം. നിങ്ങൾ വിശ്വസിച്ചേ തീരൂ എന്ന കവിതയിൽ കവി പറയുന്നത് താനും ഒരു പ്രതിമയായിരിക്കുന്നു എന്നാണ് , മരണശേഷം. ആകെയൊരു സങ്കടമുള്ളത് വർഷത്തിലൊരിക്കൽ മാത്രം ഓർമിക്കപ്പെടുന്നു എന്നതിലത്രെ. ആരെല്ലാം ഓർക്കുന്നുവെന്നോ ആരെയെല്ലാം ആരാലെല്ലാം തിരസ്കൃതനാകുന്നുവെന്നോ വ്യാകുലചിത്രനാകാതെ ഓർക്കേണ്ടവരിൽ ഓർമ്മപ്പൂക്കളായും മറക്കേണ്ടവരിൽ മാറാലപ്പൂതമായും കാലസത്യമായ് മാറുമ്പോൾ പാതയോരത്തെ പ്രതിമകളുടെ ദുർഗതി തനിക്ക് വരികയില്ലെന്നോർത്ത് സന്തോഷിക്കുകയും ചെയ്യുന്നുണ്ട് . ഇതെല്ലാം അനുഭവിക്കണമെങ്കിൽ മരിച്ചു നോക്കണമത്രേ. ജീവിച്ച നാളിനേക്കാൾ മനോഹരമായി നിങ്ങളപ്പോൾ സൂക്ഷിക്കപ്പെടും എന്നാണ് കവി പറയുന്നത്. വർത്തമാനകാലത്തെ അത്രയും ഗഹനമായി നിരീക്ഷിക്കുന്നത് കൊണ്ടാണ് ഇപ്രകാരം എഴുതാൻ സാധിക്കുന്നത്. എല്ലാം അറ്റു പോകാതെ കാക്കുവാൻ നെട്ടോട്ടം ഓടുന്നവന്റെ അവസ്ഥയാണ് അറ്റുപോകാതെ കാക്കുന്നത് എന്ന കവിതയിൽ പങ്കുവെക്കുന്നത്. സമയവും ദിവസങ്ങളും വിലപ്പെട്ടതാണ് എന്ന ബോധ്യം. ജീവിതത്തിൽ നിർവഹിക്കേണ്ട പ്രാഥമികമായ കർത്തവ്യങ്ങൾ. ബന്ധങ്ങൾ മുറിയാതെ കാക്കേണ്ടത് . അതിനായി നെട്ടോട്ടമോടി ഒരു വണ്ടിക്കാളയുടെ അതേ കിതപ്പും തളർച്ചയും നുരയും ക്ഷീണവും ഇടർച്ചയും തന്നെ പൊതിയുന്നു എന്ന് കവി പറയുന്നിടത്ത് തങ്ങളുടെ അവസ്ഥകളും ഇതിൽ നിന്നും ഒട്ടും വിഭിന്നമല്ല എന്ന് വായനക്കാരനും പറഞ്ഞു പോകുന്നു.

അടച്ചു പൂട്ടി താക്കോൽ സൂക്ഷിച്ചാൽ എല്ലാം ഭദ്രമാകുമെന്ന ചിന്ത വ്യാമോഹം മാത്രമാണെന്നാണ് സുഭദ്രം എന്ന കവിത പറയുന്നത് . തൊടിയിലെ മുക്കുറ്റി, കാശിത്തുമ്പ , വാലാട്ടി പക്ഷി , അണ്ണാറക്കണ്ണൻ , ചകോരം , ഒറ്റ മൈന, ഏവരും സാക്ഷി , അവർ കാക്കും. ഉറക്കത്തിലാഴ് ന്ന കൊച്ചു വീടിനെ.

മുറിക്കുള്ളിൽ ആരുമില്ലെന്ന തോന്നൽ വേണ്ട. ഉണ്ട് പ്രിയപ്പെട്ടവർ. അതിനുള്ളിൽ ഉറക്കം കെടുത്തും ഒട്ടേറെ പേർ പുറമേ നിന്ന് വരും നേരം കാൽ പെരുമാറ്റമൊന്ന് കേട്ടാൽ മതി കയറിയൊളിക്കും പുസ്തകത്താളിൽ .

ആധി കൊണ്ടാണ് പൂട്ടിപ്പോകുന്നത്. കലഹപ്രിയർ ഓടിയെത്തി സമാധാനം നഷ്ടപ്പെടുത്തുന്നതിലും നല്ലത് പൂട്ടിപ്പോകൽ തന്നെ. തെറ്റും ശരിയും ഏറ്റുമുട്ടുന്നതിലും നല്ലത് സമാന്തരരേഖയിലൂടെയുള്ള യാത്ര . കഠിനമെങ്കിലും എല്ലാം സുഭദ്രമെന്ന് ഉറപ്പിക്കാമല്ലോ .

ദിനവൃത്താന്തങ്ങൾ എന്ന കവിത ഇയോബിന്റെ വരികളാൽ ആമുഖം ചെയ്യപ്പെട്ടതാണ് . ഞാൻ കാതുകൊണ്ട് നിന്നെക്കുറിച്ച് കേട്ടിരുന്നു. ഇപ്പോഴാകട്ടെ എന്റെ കണ്ണുകൊണ്ട് നിന്നെ കാണുന്നു . പരസ്പരം മുള്ളതിരയലുകൾ, തിരിച്ചറിയലുകൾ. നിന്നിലേക്കുള്ള ദൂരത്തെ അടുപ്പമാക്കി മാറ്റുകയാണ് ഞാൻ. കേൾവിയിലേക്ക് ഒരു ജാലകം മാത്രം നമ്മുടെ മൊഴികളെ മടുപ്പില്ലാതെ തൊട്ടുണർത്തുന്നു . ഇവിടെയെന്തെന്ന് ഞാനും അവിടെയെന്തെന്ന് നീയും രാസചരടാൽ കോർത്തിണക്കും.

ദിനാന്ത്യങ്ങൾ എത്ര മനോഹരമായ മഴവില്ലാണെന്ന് അതിശയം കൂറി നിർമ്മലമായ സ്നേഹത്തിന് കീഴ്പ്പെടുമ്പോൾ ഇണ നടന്നയിടങ്ങളിൽ പൂവസന്തം . ആയതിന്റെ സുഗന്ധത്താൽ കാലടികളെ പൊതിഞ്ഞ് ഏതോ ലോകത്തെ അധിപരെന്ന് സ്വയം അടയാളപ്പെടുത്തുന്ന സുന്ദരമായ പ്രണയ നിമിഷങ്ങൾ . അതിലുപരി പരസ്പരമുള്ള തിരിച്ചറിയലിന്റെ അംഗീകരിക്കലിന്റെ നിമിഷങ്ങൾ .

കാവൽ എന്ന കവിത ജീവിതത്തിന്റെ നേർക്കാഴ്ചകളിൽ രോക്ഷാകുലനെങ്കിലും പ്രതികരിക്കാനാകാത്ത മനുഷ്യരെയാണ് അടയാളപ്പെടുത്തുന്നത്. കുരക്കാത്ത പട്ടി കടിക്കും എന്ന് പഴമക്കാർ പറയുന്നെങ്കിലും വാലാട്ടൽ ബലഹീനതയായി കരുതുന്ന അനുസരണയുടെ ബാക്കിപത്രം . വെറും കാവൽ ജന്മം. പ്രതിരോധിക്കാനാകാതെ തൊഴികൾ ഏറ്റുവാങ്ങി സ്വയം ഉൾവലിയുന്നവ

രല്ലേ നമ്മളും ഈ വർത്തമാനകാലത്ത്. അതെ, അങ്ങനെ തന്നെയാണ് എന്ന് ബോധ്യപ്പെടുത്തുന്നതാണ് ഈ കവിത.

കവി പറയുന്നു പല്ലുകൾക്ക് നര ബാധിക്കും മുൻപ് കടിച്ചുകീറുവാൻ , ഉള്ളു തുറന്ന ഒരു കുര, ഓ, ഹരം പകരാൻ ഒരു വീണ്ടെടുപ്പിനായി ഒരു ചോരമണം . ഇന്നലെ വായിച്ചൊരു കവിതൻ വിഷാദപർവ്വത്തിന് കൂട്ടായി ഇന്ന് പുണരാനെത്തിയ പ്രാവുകളെ കയ്യിലിരുത്തി ഓമനിക്കാനും വളർത്തുവാനും മോഹമേ റെ . എങ്കിലും കവി മനസ്സ് സ്വയം അംഗീകരിക്കുകയാണ്. വളർത്തി , പോറ്റുവാൻ ഏറെ സ്ഥലമുണ്ടെന്നാലും സ്വതന്ത്രമായ ചിറകനക്കങ്ങളെ തളച്ചിടുവാൻ പ്രാപ്തിയില്ലെന്നതാണ്. സത്യം. (കവിത. പ്രാവുകൾ ). മരിച്ചവർക്കൊപ്പം എന്ന കവിതയിൽ വേണ്ടപ്പെട്ട വിഭവങ്ങളാൽ നിറഞ്ഞ തീൻമേശയിൽ പ്രാതൽ കഴിക്കാൻ മരിച്ചവർക്കൊ പ്പം ഇരിക്കുമ്പോൾ ഉയർന്ന ഗന്ധം പക്ഷേ മരിച്ചവരുടേതായിരുന്നില്ല അത് പിറന്നുവീണ പൈതലിന്റെ മണമായിരുന്നു .

മറവി എന്ന കവിതനോക്കുക

ഒരു ദിശതേടി നടക്കുമ്പോൾ മറുദിശയിലേക്ക് കൂപ്പുകുത്തുന്നു .

ഒരു വാക്ക് ചൊല്ലുമ്പോൾ അത് മറുവാക്കായി പിറക്കുന്നു .

ഒരു പുസ്തകം വായിച്ച് രസചരട് പൊട്ടുമ്പോൾ

മറ്റനേകം കഥാപാത്രങ്ങൾ. കൺമുന്നിൽ അവർ ആനന്ദ നൃത്തം ചവിട്ടുന്നു.


ഓരോ വിളിയും പ്രകമ്പനം കൊണ്ട് നിറയുമ്പോൾ തന്നെ തന്നെ ഓർമ്മപ്പെടുത്തിയെടുക്കാൻ പാടുപെടുന്ന ഒരാളെ ഇവിടെ കാണാനാകുന്നു. മറവി എത്ര ഭീകരമാണ്. നാമതിന്റെ ഭീകരത മനസ്സിലാക്കുന്നത് നമുക്ക് സ്വയം നമ്മെ സ്വയം നഷ്ടപ്പെടുമ്പോഴാണ്.

നേരം പോക്ക് എന്ന കവിത വെറുമൊരു നേരമ്പോക്കല്ലെന്നറിയുക ഈ നേരമ്പോക്കിൽ അനുഭവിക്കുന്നത് ദിവസങ്ങളോളം കൺവെട്ടത്ത് വരാതെ പോയവരെ കീഴ്പ്പെടുത്തിയതിന്റെ ആഹ്ലാദമാണ്. പറ്റിക്കുന്നവരെ പിടികൂടാൻ വലനെയ്തുള്ള കാത്തിരിപ്പ്. ചൂണ്ടയിൽ ഇരയുടെ പിടച്ചിലുണർത്തുന്ന ഉന്മാദം. എന്നാലും ഓർക്കുക. ഒരുപാട് പറ്റിക്കപ്പെട്ടു പോയതിന്റെ വിഷമം ഇടയ്ക്കിടെ തികട്ടി വന്നു ബലഹീനനാക്കുമ്പോൾ ഉണരുന്നൊരു വാശി മാത്രമാണിതെന്ന്.

ജയപ്രകാശ് എറവിന്റെ കവിതകളെ കുറിച്ച് പറയുകയാണെങ്കിൽ ഇനിയും ഏറെയുണ്ടാകും. മുഖ്യധാരാ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുകയും എന്റെ വായനയിൽ ഇടം തേടുകയും ചെയ്ത ഏതാനും കവിതകളെ കുറിച്ച് മാത്രമാണ് ഇവിടെ അടയാളപ്പെടുത്തിയത്. എന്നാൽ ഈ വായനയിലുടനീളം നാം ജീവിതം അനുഭവിച്ചറിയുന്നു എന്നതാണ് സത്യം. അനുസ്യൂതമായി ഒഴുകുന്ന പുഴ പോലെ മർത്യഭാവങ്ങളെ അവസ്ഥാവിശേഷങ്ങളെ തന്റേതാക്കി സ്വന്തം അനുഭവപരിസരത്തിലേക്ക് ആകർഷിച്ച് എഴുതപ്പെട്ട കവിതകളാണ് ഇവ. ഏതൊരാൾക്കും തന്റെ ജീവിതത്തിലെ ഏതൊരു സന്ദർഭത്തെയും കവിതയായി പരിവർത്തനം ചെയ്യാനാകും വിധം നമ്മുടെ കവിതയിലെ ജനാധിപത്യ ബോധം വികസിച്ചിരിക്കുന്നു എന്നാണ് പ്രശസ്ത നിരൂപകനായ എംകെ ഹരികുമാർ പറയുന്നത്. അദ്ദേഹം 2022ലെ മികച്ച പത്ത് കവിതകൾ തെരഞ്ഞെടുത്തതിൽ ജയപ്രകാശ് എറവിന്റെ

വന്നൊന്ന് പുണരുവാൻ എന്ന കവിതയും ഉൾപ്പെട്ടിട്ടുണ്ട് എന്നത് അഭിമാനകരം തന്നെ. ഈ കവിതകളിൽ ജീവിതം നിറയുമ്പോൾ തന്നെ വരാൻ പോകുന്ന കാലത്തെ സ്വീകരിക്കുവാൻ സ്വയം പാകപ്പെടുത്തിയ ഒരു മനസ്സും കാണാതിരിക്കാനാകില്ല. അങ്ങനെയും ഒരു കാലം ഉണ്ടാകും എന്നൊരു ഓർമ്മപ്പെടുത്തൽ. ചുറ്റുമുള്ള കാഴ്ചകളിൽ അഭിരമിക്കുമ്പോഴും ജീവിതത്തെ നന്നായി നോക്കി കണ്ട ഒരാളുടെ പക്വമായ നിരീക്ഷണങ്ങളാണ് ഓരോ കവിതയും . ഇവയിൽ നിറയുന്ന ആത്മഭാവം പക്ഷേ കവിയുടെ മാത്രമല്ലെന്നും അത് തങ്ങളുടേത് കൂടിയാണ് എന്നും ഓരോ വായനയിലും വായനക്കാരന് തിരിച്ചറിയാനാകുന്നതാണ് ഈ കവിതകളുടെ സവിശേഷത. കാവ്യ സപര്യയുടെ നീണ്ട 25 വർഷത്തെ അനുഭവപാഠങ്ങളിലൂടെ സ്വയം പാകപ്പെടുത്തിയെടുത്തതാണ് ഈ കാവ്യ ജീവിതം എന്നുകൂടി നാം ഓർക്കേണ്ടതുണ്ട്.

●



# ഗുണ്ടൽപ്പേട്ടിലെ ചെണ്ടുമല്ലികൾ



കെ.സന്തോഷ്

എല്ലാവരും ശ്വാസം അടക്കിപ്പിടിച്ചു നോക്കി നിന്നു.

അതും,പതിമൂന്നോ പതിനാലോ വയസ്സ് മാത്രമുള്ള ഒരു പെൺകുട്ടി!..

നിലത്തുറപ്പിച്ച രണ്ടാൾ പൊക്കമുള്ള മുളന്തൂണിൽ, കുറുകെ കെട്ടിയ കയറിൽ അങ്ങോട്ടുമിങ്ങോട്ടും നടന്ന് അവൾ പലതരം അഭ്യാസങ്ങൾ കാട്ടി.

പട്ടണവാസികൾ കൗതുകത്തോടെ അത് നോക്കി നിന്നു.ചിലപ്പോഴൊക്കെ ഭയത്തോടെയും.തന്നെ നോക്കി അന്തംവിട്ടു നില്ക്കുന്നവരെ കണ്ടപ്പോൾ കവിളിൽ പച്ചകുത്തിയ ആ പെൺകുട്ടിക്ക് ഒരു കുസൃതി തോന്നി.അവൾ ഒരു തമാശ ഒപ്പിക്കാനെന്നവണ്ണം, കണ്ണടച്ച് പിറകിലേക്ക് നടക്കാൻ തുടങ്ങിയതും, കാലിടറി വീഴാൻ പോയതും ഒരുമിച്ചായിരുന്നു.എല്ലാവരുടെയും വായിൽനിന്നും,അതോ ഹൃദയത്തിൽ നിന്നോ 'ഊഹ്' എന്നൊരു ശബ്ദം അവിടെ മുഴങ്ങി!

അതുകണ്ട് അവൾ പൊട്ടിച്ചിരിച്ചു.അപ്പോഴാണ് ആ നാടോടി പെൺകുട്ടി തങ്ങളെ പറ്റിച്ചതാണെന്ന് അവർക്ക് മനസ്സിലായത്.അവർക്ക് ജാള്യത തോന്നി.എങ്കിലും അവർ സന്തോഷത്തോടെ അവൾക്ക് നാണയത്തുട്ടുകൾ എറിഞ്ഞുകൊടുത്തു.

നിലത്തുവീണ നാണയത്തുട്ടുകൾ വെയിലിൽ തിളങ്ങി.അപ്പോൾ ഒരു പ്രായമുള്ള

സ്ത്രീ ( അവളുടെ അമ്മയായിരിക്കണം ) വക്കുപൊട്ടിയ ഒരു സ്റ്റീൽ പാത്രവുമായി വന്ന് നാണയങ്ങൾ ശേഖരിച്ചു.നാണയങ്ങൾ ശേഖരിക്കുന്നതിനിടയിൽ അവർ മൈതാനത്തിന്റെ വശത്തായി താല്ക്കാലികമായി കെട്ടിയുയർത്തിയിരിക്കുന്ന ടെന്റിലേക്ക് നോക്കി,ടെന്റിന് മുന്നിലെ ബെഞ്ചിൽ രാവിലത്തെ അഭ്യാസം കഴിഞ്ഞു വിശ്രമിക്കുന്ന ഭർത്താവിനെ കണ്ടു.അവശത നിറഞ്ഞ മുഖമുള്ള അവരുടെ ഭർത്താവ്.

നാണയങ്ങൾ ഭദ്രമായി മടിയിലെ തുണിസഞ്ചിയിൽ തിരുകിയ ശേഷം അവർ ഒരു ഒഴിഞ്ഞ പെയിന്റ് പാട്ട എടുത്തു കൊട്ടാൻ തുടങ്ങി... തമിഴ് കന്നട കലർന്ന ഭാഷയിൽ ഉറക്കെ എന്തൊക്കെയോ വിളിച്ചു പറയാനും തുടങ്ങി... പെൺകുട്ടിയുടെ പ്രകടനം വേഗത്തിലായി.നേരത്തെ അവളുടെ മുഖത്തു കണ്ട സൗമ്യ ഭാവങ്ങളോ പുഞ്ചിരിയോ ഒന്നും തന്നെ അവളിൽ കണ്ടില്ല.ഒരുതരം പ്രതികാര മനോഭാവത്തോടെ പെൺകുട്ടി അഭ്യാസങ്ങൾ നടത്തി, ഇത് കണ്ടുനിൽക്കെ ചിലർക്ക് തല ചുറ്റി.

'എനിക്കിതൊന്നും കാണാൻ വയ്യേ'എന്നും പറഞ്ഞ്,ഒരു തള്ള അവിടെ നിന്ന് അപ്പോൾ തന്നെ പൊയ്ക്കളഞ്ഞു.

വെയിലിന് ചൂട് കൂടിവന്നു.പെൺകുട്ടിക്ക് തളർച്ച അനുഭവപ്പെട്ടെങ്കിലും,അവർ പ്രകടനങ്ങൾ നിർത്തിയില്ല.പൈസ തരാൻ മനസ്സുള്ള ഇത്തരം തിരക്കുകൾ വല്ലപ്പോഴും മാത്രമേ ഒത്തുകിട്ടുകയുള്ളൂ എന്ന് ഇതിനോടകം തന്നെ അവർ മനസ്സിലാക്കിയിരുന്നു.ചില ദിവസങ്ങളിൽ രാവിലെ മുതൽ വൈകുന്നേരം വരെ കളിച്ചാലും...

പ്രകടനങ്ങൾ തുടർന്നുകൊണ്ടിരുന്നു.ഒടുവിൽ ഇനി കളിച്ചാൽ കുട്ടി തളർന്നുവീഴുമെന്നായപ്പോൾ അമ്മ പാട്ടയിലെ കൊട്ട് നിർത്തി, കൈകൂപ്പി എല്ലാവർക്കും നന്ദി പറഞ്ഞു.അത് അഭ്യാസം തീർന്നു എന്നതിന്റെ അടയാളമായ്ക്കണ്ട് എല്ലാവരും പിരിഞ്ഞു.പക്ഷെ നിനച്ചിരിക്കാതെ ഒരു അക്കിടി പറ്റി.അവൾ അമ്മയുടെ സഹായത്തോടെ മുളങ്കമ്പിൽ നിന്നും ഇറങ്ങുകയായിരുന്നു, പെട്ടെന്ന് ടെന്റിൽ നിന്നും ഒരു ശബ്ദം കേട്ടു, അത് അവളുടെ അനുജൻ എന്തോ പാത്രങ്ങൾ തട്ടിമറിച്ചതായിരുന്നു.അമ്മയുടെ ശ്രദ്ധ മാറിയതും അവൾ പൊത്തോ എന്ന് താഴെ.

എന്തുപറ്റി?.. എന്തുപറ്റ?.. എന്ന് ചോദിച്ചു ജനങ്ങൾ ഓടിയടുത്തു.

ആശുപത്രിയിൽ പോകണോ?ആട്ടോ വിളിക്കണോ? എന്നൊക്കെ ചിലർ ചോദിക്കുന്നുണ്ടായിരുന്നു.എന്നാൽ അവൾക്ക് ഒരു ഭാവവുമില്ല, പാവാടയിൽ പറ്റിയ പൊടിയും തട്ടി ഇതൊക്കെ ഞാൻ എത്ര കണ്ടിരിക്കുന്നു എന്നമട്ടിൽ ടെന്റിലേക്ക് നടന്നു.സഹായമനസ്ക്കരായ് ഓടിവന്ന ചെറുപ്പാർ നിരാശരായി മടങ്ങി.കൂട്ടത്തിൽ ആരോ പറയുന്നുണ്ടായിരുന്നു'വല്ലാത്തൊരു പെണ്ണ്'.

ചേച്ചി വരുന്നതും കാത്ത് അവൻ ടെന്റിന്റെ മുൻപിൽ തന്നെ നിന്നു.ക്ഷീണമുണ്ടായിരുന്നെങ്കിലും അവൾ വന്നപാടെ അവനെ പൊക്കിയെടുത്ത് ഒന്ന് വട്ടം കറങ്ങി, കവിളിൽ ഒരു ഉമ്മയും കൊടുത്തു താഴെ നിർത്തി.അവൻ കിലുകലാ ചിരിച്ചുകൊണ്ട് കീ കൊടുത്ത പാവം പോലെ മൈതാനത്തേക്കോടി,അവിടെ റോഡ് പണിക്കാരുടെ മക്കൾ സാറും കുട്ടിയും കളിക്കുകയായിരുന്നു.അവൾ ടെന്റിലേക്ക് കയറി കലത്തിൽ നിന്നും ഒരു മൊന്ത വെള്ളമെടുത്ത് മടമടാ കുടിച്ചു.എന്നിട്ട് മൂലയിൽ ചാരി വെച്ചിരുന്ന പായെടുത്ത് കുടഞ്ഞു വിരിച്ചു അതിലേക്ക് കമഴ്ന്നു.

അമ്മ വന്നു നോക്കിയപ്പോൾ അവൾ ഉറക്കം പിടിച്ചു തുടങ്ങി.അവർ കഞ്ഞിവെയ്ക്കുവാൻ അടുപ്പ് ഒരുക്കി.

ഉറക്കത്തിൽ പെൺകുട്ടി അവളുടെ ഗ്രാമത്തെ സ്വപ്നം കണ്ടു.നിറയെ ചെണ്ടുമല്ലിപ്പൂക്കളുള്ള ഗ്രാമം.പിന്നെ പുഴ, ക്ഷേത്രം, കൂട്ടുകാരും താനുമായി കളിക്കുന്ന കുന്നിൻ ചെരുവുകൾ.പിന്നെ അമ്മയും അച്ഛനും അനുജനും അവളും താമസിച്ച ഓലമേഞ്ഞ ചെറിയ വീട്, പിന്നെ ചെണ്ടുമല്ലിപൂക്കളേക്കാൾ മനോഹരമായ ചിരിയുള്ള അവളുടെ...

ഉറക്കത്തിൽ പച്ചകുത്തിയ അവളുടെ മുഖം കൂടുതൽ തുടുത്തു!

ആ പെൺകുട്ടിയും, ചെറുപ്പക്കാരനും തമ്മിൽ എന്തോ കാര്യമായി പറയുണ്ട്.അത് ഗ്രാമമുഖ്യന്റെ മകനായിരുന്നു.ചെറുപ്പക്കാരന്റെ മുഖം സദാ പുഞ്ചിരി നിറഞ്ഞതും ഊർജ്ജസ്വലവുമായ് കാണപ്പെട്ടു.പെൺകുട്ടിയിൽ പറഞ്ഞറിയിക്കാൻ കഴിയാത്ത, അകാരണമായ വ്യാകുലതകൾ.ചെറുപ്പക്കാരൻ പാടത്ത് നിന്നും ഒരു പൂവിറുത്തു അവളുടെ മുടിയിൽ തിരുകി, അപ്പോൾ അവൾ:

നീ എന്തിനിങ്ങനെ എന്നെ സ്നേഹിക്കുന്നൂ...

എന്ന് ചോദിക്കുന്ന മിഴിയോടെ, അവനിലേക്ക് ചാഞ്ഞു.പെട്ടന്ന് ആരോ ചിലർ അവിടെ നിന്നും ഓടിപ്പോകുന്ന ഒച്ച അവർ വ്യക്തമായി കേട്ടു.ചെണ്ടുമല്ലിപ്പൂക്കൾ ഭയം കൊണ്ട് വിറച്ചു.

അന്ന് വൈകിട്ട് അവളുടെ അച്ഛനെ വഴിയിൽ തടഞ്ഞു നിർത്തി ചിലർ തല്ലി ഭീഷണിപ്പെടുത്തി:

നേരം വെളുക്കുമ്പോൾ നീയും നിന്റെ കുടുംബവും...

അവൾ കൂട്ടുകാരിയുടെ അടുക്കൽ നിന്നും മടങ്ങിയെത്തിയപ്പോൾ മുറിവേറ്റ മുഖവുമായി അച്ഛൻ എല്ലാം കൊട്ടിവെയ്ക്കുകയാണ് , കരഞ്ഞും പറഞ്ഞും അമ്മയും സഹായിക്കുന്നുണ്ട്.അവൾക്ക് ഒന്നും മനസ്സിലായില്ല, ഒന്നൊഴികെ 'തങ്ങൾ ഈ ഗ്രാമം വിടുകയാണ്!

വീട് പിന്നിലാക്കി, ചെണ്ടുമല്ലിപ്പാടങ്ങൾ പിന്നിലാക്കി അവർ ഓടി...ഓട്ടത്തിനിടയിൽ അവൾ തിരിഞ്ഞു നോക്കി, അകലെയൊരു തീഗോളം!..

അവൾ ഒരു ഞെട്ടലോടെ ഉറക്കമെഴുന്നേറ്റു.ഭയം വിട്ടുമാറിയിരുന്നില്ല.നെറ്റിയിലെ വിയർപ്പ് തുടച്ച് അവൾ വെള്ളമെടുത്ത് കുടിക്കുകയും, മുഖം കഴുകുകയും ചെയ്തു.അമ്മ അവൾക്ക് കഞ്ഞി തയ്യാക്കിവെച്ചിരുന്നു,അവൾ അതും മോന്തി മൈതാനത്തേക്ക് നടന്നു.രാവിലെ വന്ന ചെറുപ്പക്കാരിൽ പലരും വൈകിട്ടും കളി കാണാൻ വന്നിട്ടുണ്ട്.പെൺകുട്ടിയുടെ അമ്മ കയർ തറയിൽ ഉറപ്പിച്ചിരിക്കുന്ന മൂർച്ചയുള്ള ഇരുമ്പ് ദണ്ഡ് അടിച്ച് ശരിയാക്കുകയായിരുന്നു.അവൾ അമ്മയുടെ കൈയ്യിൽ നിന്നും കൂടം വാങ്ങി കുറ്റിയിൽ ആഞ്ഞടിച്ചു.അവിടമാകെ കിടിലം കൊണ്ടു.അപ്പോൾ അവൾ ഗ്രാമമുഖ്യന്റെ മുഖം ഓർത്തു.

പെൺകുട്ടി അമ്മയുടെ സഹായത്തോടെ മുളങ്കമ്പിൽ കെട്ടിയ കയറിൽ അഭ്യാസത്തിനായ് കയറി നിന്നു.കവലയിൽ ബീഡി വലിച്ചും,സൊറ പറഞ്ഞും നിന്നിരുന്ന കുറച്ചു പേർ കൂടി അവിടേക്കുവന്നു.കുട്ടിയുടെ അമ്മ തകര പാത്രത്തിൽ വടികൊണ്ട് തട്ടി,ചിലമ്പിച്ച ശബ്ദത്തിൽ എന്തെല്ലാമോ പറഞ്ഞുകൊണ്ടിരുന്നു.അവൾ അതൊന്നും ശ്രദ്ധിച്ചില്ല.ആകാംക്ഷാഭരിതരായ് അവിടെ കൂടിയ ജനങ്ങളെയും അവൾ ശ്രദ്ധിച്ചില്ല.ചെണ്ടുമല്ലിപ്പാടങ്ങളെയും, ഒരിക്കൽ അവൾക്ക് പ്രിയപ്പെട്ടവനായിരുന്ന ഗ്രാമമുഖ്യന്റെ മകനെയും കണ്ടില്ല.അവൾ അവളെ തന്നെയും കണ്ടില്ല. കണ്ടത്,രോഗിയും അവശനുമായ അവളുടെ അച്ഛനെയാണ്, ചിലപ്പോഴൊക്കെ എന്തോ ഓർത്ത് ഒറ്റയ്ക്കിയിരുന്നു കരയന്ന അമ്മയെയാണ്,പിന്നെ വിശക്കുന്നു എന്നു കരയുന്ന അനുജനെയും.അവൾ തയ്യാറായി.കളി തുടങ്ങുകയാണ്.

●



കഥ

# മൂന്നാമത്തെയാൾ



രാധാകൃഷ്ണൻ ഉണ്ണികുളം

പ്രകാശൻ വെറും നിലത്ത് ചുവരും ചാരി ഇരിക്കാൻ തുടങ്ങിയിട്ട് മണിക്കൂറുകൾ തന്നെ കഴിഞ്ഞു പോയിരിക്കുന്നു. പലവിധ ചിന്തകൾ തേനീച്ചക്കൂട് ഇളകിയ പോലെ അയാളുടെ മനസ്സിൽ മൂളിപ്പറന്നു....

എന്തിനായിരുന്നു, എന്തിനായിരുന്നു ഈ പാവം തന്നെയും, പറക്കമുറ്റാത്ത രണ്ട് പെൺകുട്ടികളെയും നിസ്സഹായതയുടെ പൊരിവെയിലിൽ ഉപേക്ഷിച്ച് അവൾ ഒരു ചെറുപ്പക്കാരന്റെ കൂടെ ഇറങ്ങിപ്പോയത്? പ്രകാശന്റെ ചിന്താമണ്ഡലത്തിൽ ഈ ചോദ്യവും അതിന് ചുറ്റും നിരവധി ഉപചോദ്യങ്ങളുമാണ് കറങ്ങിത്തിരിഞ്ഞു ' കൊണ്ടിരുന്നത്.....

'കുട്ടികൾ സ്ക്കൂളിൽ പോയാൽ ഞാൻ വീട്ടിൽ തനിച്ചിരുന്ന് ബോറടിക്കുന്നു. എന്തെങ്കിലും ബിസ്സിനസ്സ് തുടങ്ങിയാലോ?'

ഒരു ദിവസം രാത്രിയിലെ ഏകാന്ത സല്ലാപത്തിലേക്ക് തന്റെ ആഗ്രഹത്തിന്റെ വിത്ത് അവൾ ഭർത്താവിന്റെ സ്നേഹത്തിന്റെ വളക്കൂറുള്ള മനസ്സിലേക്ക് കുടഞ്ഞിട്ടു. അതവിടെക്കിടന്ന് എളുപ്പം വളർന്ന് പന്തലിച്ച് കാഫലം കിട്ടുമെന്ന് അവൾക്കറിയാമായിരുന്നു. ഏതാനും ദിവസം കാത്തിരിക്കുകയല്ലാതെ ഇനി അവൾക്കൊന്നും ചെയ്യാനുണ്ടായിരുന്നില്ല.

പ്രകാശന്റെ ത്വരിതാ ന്വേഷണത്തിലേക്ക് കടന്നു വന്നത് ബ്യൂട്ടി പാർലർ തുടങ്ങുകഎന്ന സാദ്ധ്യതയിലേക്കായിരുന്നു. ഭാര്യ ആഴ്ചയിലൊരിക്കൽ എന്ന കണക്കിന് ബ്യൂട്ടി പാർലറിൽ തന്റെ സൗന്ദര്യം ചോർന്നു പോകുന്നില്ലെന്ന് ഉറപ്പ് വരുത്താൻ പോകാറുണ്ടായിരുന്നു. അങ്ങനെയാണ് പ്രകാശന്റെ മനസ്സിലേക്ക് ഈഒരു ആശയം കടന്നു വന്നത്. ഇത് കേട്ടപ്പോൾ ഭാര്യ വല്ലാതെ തരളിതയായി. ' എനിക്ക് ഇഷ്ടപ്പെട്ട ബിസ്സിനസ്സാ പ്രകാശേട്ടൻ കണ്ടുപിടിച്ചത്.അല്ലെങ്കിലും എന്റെ ഇഷ്ടം മനസ്സിലാക്കാൻ ഏട്ടന് വല്ലാത്ത മിടുക്കാണല്ലോ.' പ്രകാശനോട് ചേർന്നിരുന്നു കൊ

ണ്ട് അവൾ വാക്കുകളെ മിനുസപ്പെടുത്തി.ഭാര്യയുടെ സംസാര പെരുമഴയിൽ കുളിര് തോന്നിയെങ്കിലും ബിസ്സിനസ് തുടങ്ങാൻ ചെറുതല്ലാത്ത ഒരു സംഖ്യകണ്ടെത്താനുള്ള വ്യാകുലത മനസ്സിൽ കനത്ത് നിന്നതിനാൽ അവനത് ആസ്വദിക്കാൻ കഴിഞ്ഞില്ല.

ഓട്ടോറിക്ഷയിൽ പണിയെടുത്ത് സമ്പാദിച്ച ഒരു തുണ്ട് ഭൂമി വില്ക്കുക എന്ന പ്രതിവിധി മനസ്സില്ലാമനസ്സോടെ അവന് സ്വീകരിക്കേണ്ടി വന്നത് അങ്ങനെയാണ് .രണ്ട് പെൺകുട്ടികളാണ്. അവരുടെ ഭാവിയിലേക്കുള്ള ഒരുകരുതി വെയ്പായിരുന്നു അത്....

നിരവധി കച്ചവട സ്ഥാപനങ്ങൾ പെരുകിവരുന്ന പട്ടണത്തിൽ അരുണിമയുടെ, പ്രകാശന്റെ ഭാര്യയുടെ ബ്യൂട്ടി പാർലറും തലയെടുപ്പോടെ നിന്നു.അവിടെ പരിചയ സമ്പന്നരായ രണ്ട് സ്ത്രീകളെയും ജോലിക്ക് നിർത്തി.

സൗന്ദര്യ കച്ചവടത്തിന് വൻ സാധ്യതയുള്ള കാലഘട്ടമാണിതെന്ന് അധികനാൾ കഴിയും മുമ്പ് തന്നെ അരുണിമയ്ക്ക് ബോധ്യമായി.മധ്യ വയസ്സ് കഴിഞ്ഞ പെണ്ണുങ്ങളുടെ മുഖത്തെ കുണ്ടും ,കുഴിയും

അടയ്ക്കുന്ന പണി ഏറെ രസകരമായി അവൾക്ക് അനുഭവപ്പെട്ടു. യുവത്വമാകട്ടെ, സ്വാഭാവികമായി വന്നു പോകുന്ന മുഖക്കുരുവിൽപ്പെട്ട് അസ്വസ്ഥരായി .ഇതിനെല്ലാം പല നിറത്തിലും, ഗന്ധത്തിലുമുള്ള ക്രീമുകളെക്കൊണ്ട് ഷോകേസ് നിറഞ്ഞു.

വീട്ടിൽ നിന്നും കടയിലേക്ക് ഏഴ് കിലോമീറ്റർ ദൂരമുണ്ട്. രണ്ടോ, മൂന്നോ മിനിറ്റ് ഇടവിട്ട് ബസ്സ് ഓടുന്നുണ്ടെങ്കിലും, ഇക്കാലത്തെ ഫാഷനായ സ്ക്കൂട്ടറിലേക്ക് അരുണിമയുടെ മോഹം നീണ്ടു ചെന്നു .

ഇതൊക്കെ പെട്ടെന്ന് വേണോ എന്ന ചോദ്യം പ്രകാശന്റെ മനസ്സിൽ ഉയർന്നു വന്നെങ്കിലും അവൻ മൗനിയായി.അവരുടെ ദാമ്പത്യ ജീവിതത്തിനിടയിൽ ഇതുപോലെയുള്ള എത്ര ചോദ്യചിഹ്നങ്ങളാണ് വെളിച്ചം കാണാതെ മൃതിയടഞ്ഞത്!വിജയകരമായ ദാമ്പത്യ ജീവിതത്തിന്റെ ഒരു രഹസ്യം ഇതായിരിക്കാം. ഭാര്യയ്ക്ക് എതിർ വാക്കുകൾ തെരയാനുള്ള അവസരമുണ്ടാക്കാതിരിക്കുക.....

സ്ക്കൂട്ടർ പഠിപ്പിക്കുക എന്ന ജോലി അനായാസം കഴിഞ്ഞു.സൈക്കിൾ അറിയാവുന്നത് കൊണ്ടായിരിക്കണം ബാലൻസൊക്കെ അവൾ വേഗം പഠിച്ചെടുത്തു. അവൾക്കിഷ്ടപ്പെട്ട നിറമായ ആകാശനീല സ്കൂട്ടർ അടവിന് വാങ്ങി. പണം കുറെയൊക്കെ അവൾ തരുമെങ്കിലും കൃത്യമായുള്ള തിരിച്ചടവ് ഒരു വേവലാതിയായി പ്രകാശന്റെ മനസ്സിൽക്കിടന്ന് പുകഞ്ഞു.... കുട്ടികളുടെ പഠനം, ദിനംപ്രതി കൂടി വരുന്ന വീട്ട് ചെലവ്, കല്യാണം, ഗൃഹപ്രവേശം പോലുള്ള ആഘോഷങ്ങളുടെ കവർ എന്ന നാട്ടുനടപ്പ് എന്നിങ്ങനെയുള്ള സാമ്പത്തിക ബാധ്യത പരിഹരിക്കാൻ അവന്റെ ഓട്ടോറിക്ഷ വിശ്രമമില്ലാതെ ഓടിക്കൊണ്ടിരുന്നു.....

ജീവിതം ഇങ്ങനെ ഒരു വിധം സുഗമമായി ഒഴുകിക്കൊണ്ടിരുന്നപ്പോഴാണ് വില്ലനായി ഒരു മൂന്നാമൻ കടന്നു വന്നത്.ഈ മൂന്നാമൻ പല രൂപത്തിലും അനാവശ്യ ഇടപെടൽ നടത്തുമ്പോഴാണല്ലോ ജീവിതത്തിൽ അസ്വസ്ഥത പടരുന്നത്.മാറാരോഗം ,അപകടം, പ്രണയം.... അതെ,പ്രണയം ഔചിത്യബോധമില്ലാതെകടന്നു വരുമ്പോൾ അതൊരുവൻ ദുരന്തമായി പരിണമിക്കുന്നു. അവരുടെ ജീവിതത്തിൽ സംഭവിച്ചതും അതാണ്.

തൊട്ടടുത്ത കടയിലെ യുവാവുമായി വെറും സൗഹൃദ സംഭാഷണത്തിനപ്പുറത്തേക്ക് പ്രണയം മൊട്ടിട്ടത് അരുണിമ പോലുമറിയാതെയായിരുന്നു.

നനഞ്ഞ മണ്ണിലെ വിത്ത് പോലെയാണ് പ്രണയം.എത്രമേൽ ഒളിച്ച് വെച്ചാലും അത് മുള പൊട്ടിപുറം ലോകമറിയും. അമിത സ്നേഹത്തിന്റെ തിമിരം ബാധിച്ച പ്രകാശന്റെ കണ്ണുകൾക്ക് ഇതെല്ലാം മനസ്സിലാക്കാൻ ഏറെ സമയമെടുത്തുവെന്ന് മാത്രം.

ഭാര്യയെ പിന്തിരിപ്പിക്കാൻ പ്രകാശൻ കരഞ്ഞു. മക്കളും ,അവളും കൂടെ കരഞ്ഞു.ഇനി അങ്ങനെയൊന്നും ഉണ്ടാവില്ലെന്ന് അവൾ ഉറപ്പിച്ച് പറഞ്ഞു.

പക്ഷേ, ഭർത്താവിനും, മക്കൾക്കും കൊടുത്ത ഉറപ്പിന് മീതെ പ്രണയം വീണ്ടും ചിറക് വിടർത്തി....

ഒരു ദിവസം അരുണിമ വീട്ടിൽ തിരി

ച്ചെത്തിയില്ല. അവളുടെ ബ്യൂട്ടി പാർലറും, കാമുകന്റെ ഫാൻസി കടയും അടഞ്ഞുകിടന്നു .വേവലാതി പ്രകാശനെ നെട്ടോട്ടമോടിച്ചു. ' പുകഞ്ഞ കൊള്ളി പുറത്ത്. നീ അടങ്ങിയിരിക്ക് പ്രകാശാ ...' ബന്ധുക്കളും, അയൽക്കാരും അവനെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു.പക്ഷേ പ്രകാശന്റെ മനസ്സ് തീ പിടിച്ച കാടായി മാറിയിരുന്നു. ഭാര്യയെ കണ്ടെത്താനാവാതെ ദിവസങ്ങൾ കടന്നു പോയി.

സ്വയം ഉരുകിത്തീരുമ്പോഴും മക്കളുടെ സങ്കടം തുടച്ചു മാറ്റാൻ അയാൾ ശ്രമിച്ചു.ബന്ധുക്കളും, അയൽക്കാരും അയാളുടെ സങ്കട തീ അണയ്ക്കാനുള്ള ശ്രമമുപേക്ഷിച്ച് അവരുടെ ജീവിത തിരക്കിലേക്ക് മടങ്ങി. അധികനാൾ വീട്ടിൽ ഒളിഞ്ഞിരിക്കാൻ പ്രകാശനും കഴിയുമായിരുന്നില്ല.ജീവിതച്ചിലവുകൾ ഒരു വിട്ടുവീഴ്ചയുമില്ലാതെ അയാളെ അലസോരപ്പെടുത്തുന്നുണ്ടായിരുന്നു.പ്രകാശന്റെ ഓട്ടോറിക്ഷ ജീവിതപ്പെരുവഴിയിലൂടെ വീണ്ടും ഓടാൻ തുടങ്ങി......

ഒരു ദിവസം പ്രകാശന്റെ വാട്സ പ്പിൽ ചിരി തൂകുന്ന ദമ്പതികളുടെ ഫോട്ടോ തെളിഞ്ഞു. അവന്റെ ഭാര്യയുടെ വിവാഹ ഫോട്ടോ ആയിരുന്നു അത്. സ്വന്തം ഭാര്യയുടെ വിവാഹം! അവൾ തന്നെ അയയ്ക്കുക... ഒരുപാവം മനുഷ്യനെ പച്ചയ്ക്ക് കത്തിക്കുന്നതിനേക്കാൾ ക്രൂരമല്ലേ അത്? ഇങ്ങനെയൊക്കെ ചെയ്തു കൂട്ടാൻ ഒരു സാധാരണ സ്ത്രീയ്ക്ക് എങ്ങനെ കഴിയുന്നു? അവൾ തിരിച്ചു വരുമെന്ന ഇത്തിരി പ്രതീക്ഷയിൽ പിടിച്ചു തൂങ്ങി ജീവിതം മുന്നോട്ട് ഉരുട്ടി നീക്കിയിരുന്ന പ്രകാശന്റെ ജീവിതം ഉടഞ്ഞ കണ്ണാടി പോലെ പല കാഴ്ചകളായി മാറി. അവൻ പറയുന്നതും പ്രവർത്തിക്കുന്നതുമെല്ലാം പൊരുത്തപ്പെടാതായി. ജോലിക്ക് പോകുന്നു എന്ന് പറഞ്ഞ് ഓട്ടോറിക്ഷയുമായി വിവിധ സ്ഥലങ്ങളിലൂടെ കറങ്ങിത്തിരിഞ്ഞു ...

ഒരു ദിവസം ഓട്ടോറിക്ഷ നടുറോഡിൽ നിർത്തിയിട്ടതോടെയാണ് ചിത്തഭ്രമത്തിന്റെ ഗൗരവം ബന്ധുക്കൾക്കും, നാട്ടുകാർക്കും ബോധ്യമായത്.' ഞാൻ ഭാര്യയെ കാത്തു നില്ക്കുകയാണ്. ബ്യൂട്ടി പാർലർ അടച്ച് അവൾ ഇപ്പോ വരും.' വണ്ടി എടുക്കാൻ പറഞ്ഞ വരോടെല്ലാം അവന്റെ മറുപടി ഇങ്ങനെയായിരുന്നു!

ബന്ധുക്കളും, നാട്ടുകാരും ഒരുമിച്ചപ്പോൾ കുറെ നാളത്തെ ചികിത്സയിലൂടെ പ്രകാശന്റെ ചിത്തഭ്രമത്തെ തുടച്ചു നീക്കാൻ കഴിഞ്ഞു.കുട്ടികളെ ഓർത്തെങ്കിലും ഭാര്യ തിരിച്ചു വരുമെന്നും പഴയ ജീവിതം തിരിച്ചുപിടിക്കാൻ കഴിയുമെന്നുമുള്ള പ്രതീക്ഷ പ്രകാശന്റെ മനസ്സിൽ പറ്റിപ്പിടിച്ച് നിന്നു. ഈ ശുഭപ്രതീക്ഷയാകണം പ്രകാശന്റെ ഓട്ടോറിക്ഷയെ വീണ്ടും മുന്നോട്ട് നയിച്ചത്.

ഏറെ നാൾ പ്രതീക്ഷയെ അണയാതെ നിലനിർത്താൻ അവന് കഴിഞ്ഞില്ല.

കാലം അവനോട് വീണ്ടും ക്രൂരത കാട്ടി. അരുണിമയുടെ രണ്ടാമത്തെ വിവാഹവും പരാജയപ്പെട്ട് ,മൂന്നാമനോടൊപ്പം അവൾ ഭൂമിയുടെ ഏതോ അജ്ഞാതമായ കോണിലേക്ക് അപ്രത്യക്ഷമായി.

പ്രകാശന്റെ കണ്ണും ,മനസ്സും അവളെ തേടിയെങ്കിലും ഒരു വിവരവുമില്ലാതെ അവൻ നിരാശയുടെ ഇരുട്ടിലേക്ക് തന്നെ മടങ്ങി. കാലം എല്ലാ ദുരനുഭവങ്ങളെയും പതുക്കെ മായ്ച്ചുകളയുമെങ്കിലും പ്രകാശന്റെ കാര്യത്തിൽ അത് മറന്നു പോയത് പോലെ....... അവന്റെ ദിനചര്യകൾ കൃത്യമായ അളവിൽത്തന്നെ നടക്കുന്നുണ്ടെങ്കിലും ഭക്ഷണം കഴിക്കുന്നതിന് പോലും വിരസമായ യാന്ത്രികതയായിരുന്നു. പക്ഷേ കാലം അവനോട് കരുണ കാണിക്കുക തന്നെ ചെയ്തു.മനസ്സിൽ മായാതെ കിടന്ന ഓർമ്മകളെ എല്ലാം തുടച്ച് നീക്കി ,

അവന് പുത്തനുണർവ് ദാനം നൽകി. രണ്ട് പെൺമക്കളും പഠിച്ച് ജോലി നേടി. അവരുടെ വിവാഹവും നടന്നു.

വീട്ടിൽ അധികനാൾ പ്രകാശന് ഒറ്റയ്ക്ക് കഴിയേണ്ടിവന്നില്ല. അവന്റെ കഴിഞ്ഞ കാലം നന്നായി അറിയുന്ന ഒരു പെണ്ണ് ജീവിത സഖിയായി വന്നു. ഭർത്താവ് മരിച്ച, കുട്ടികളില്ലാത്ത അവൾ പ്രകാശന്റെ തണൽ പറ്റി നിന്നു.പ്രകാശൻ അവളുടെ തണലിലേക്കും ചേർന്നിരിക്കുന്നത് കാലത്തോടൊപ്പം അവന്റെ അയൽവാസികളും , ബന്ധുക്കളും ഒരു നെടുവീർപ്പോടെനോക്കി നിന്നു.




**കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ**

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. vyaparakeralam@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച

## ചന്ദ്രന്റെ ചന്ദ്രികപ്പെണ്ണ്

ചന്ദ്രനു മുകളിൽ ചന്ദ്രികയായ് –
ചന്ദ്രയാൻ വന്ന് ഇറങ്ങീട്ടുണ്ടേ.....
ധ്രുവപ്രദേശം പരിശോധിക്കാൻ
ചന്ദ്രികഡോക്ടർ ഇറങ്ങീട്ടുണ്ടേ...

പലവിധ കലപില കുണ്ടും കുഴിയും
അതിജീവിച്ചു കടക്കുന്നുണ്ടേ....
ഭാരതമഞ്ജിമ പെണ്ണിന്മുത്തം
ചന്ദ്രക്കലതൻ ഭാഗവുമായി.....

ഇനിയും ഇനിയും പുതുമകളോടെ
ആദിത്യൻ ഒന്നും വരവേൽക്കുന്നു....
സൂര്യനുമുന്നിൽ തൊഴുതീടാനായ്
സെപ്റ്റംബർ രണ്ടും ഒരുങ്ങീടുന്നു*

**ആൽഫസ് മാരിയോ ലിജോ**
(5th std, st aloysius UPS, Elthuruth )
തോട്ടപ്പിള്ളി ഹൗസ്, പി ബി റോഡ്,
എൽത്തുരുത് 8089875211

## പൂമ്പാറ്റ

പല വർണ്ണത്തിൽ പൂമ്പാറ്റ
പാറി നടക്കും പൂമ്പാറ്റ
പൂക്കളിൽ നിന്നും
തേൻ നുകർന്ന്
പാറി നടക്കും പൂമ്പാറ്റ
പിടിക്കാൻ
കൈകൾ നീട്ടുമ്പോൾ
പറന്നകലും പൂമ്പാറ്റ

**അർപ്പിത വി. അർ**
ക്ലാസ്സ് – 5 B, G.L.P.G.S. N പറവൂർ

## അമ്മ

അമ്മ എന്നാൽ എനിക്കെല്ലാമാണ് അമ്മ
രാവിലെയും ഉച്ചയ്ക്കും രാത്രിയിലും
പലതരം നല്ല ഭക്ഷണങ്ങൾ തരും
അമ്മയേക്കാളും വലിയ പോരാളി
മറ്റാരുമില്ല.

**ജോയൽ മനോജ്**
ക്ലാസ്സ് – 6
ST. ഫ്രാൻസിസ് സ്കൂൾ, ആമ്പല്ലൂർ

## പണം

എന്തിനു നീയെൻ അരികിൽ വന്നു?
എന്തിനു നീ എന്നിൽ നിന്നും മാഞ്ഞു ?

ദാരിദ്ര്യത്താൽ പിടഞ്ഞു വീഴുമ്പോഴും
അത്യാഗ്രഹം എന്ന മരം എന്നിൽ
പൂവണിഞ്ഞു
അത്യാഗ്രഹം എന്നെയൊരു
അന്ധനാക്കി ...
അത്യാഗ്രഹം എന്ന ഇരുട്ടിന്റെ മറവിൽ
സ്നേഹബന്ധങ്ങൾ പോലും എന്നിൽ
നിന്നും മാഞ്ഞു
സന്തോഷം എന്തെന്നറിയാത്ത ദിന
യാത്രങ്ങൾ....
അത്യാഗ്രഹത്തിന്റെ മറവിൽ നിന്നും
ഞാൻ എന്നു വിമോചിതനാവും.?

**ലക്ഷ്മി പ്രസാദ്**
ക്ലാസ് –9
ലക്ഷ്മി പ്രസാദ്
എസ്. എൻ. ഡി. പി സ്കൂൾ
ഉദയംപേരൂർ.


## ഭൂമിയിലെ നക്ഷത്രങ്ങൾ

ഞങ്ങളുടെ വീടിനു മുന്നിൽ ഒരു മാവുണ്ട് അത് മെയ് മാസത്തിൽ പൂത്തുലഞ്ഞു പൂക്കൾ വിരിഞ്ഞു നിൽക്കുന്നത് കാണുവാൻ നല്ല ഭംഗിയാണ് അതിൽ നിന്ന് വീഴുന്ന കണ്ണിമാങ്ങ പെറുക്കി ഞങ്ങൾ തിന്നും . നല്ല പുളിയുള്ള മാങ്ങകൾ അമ്മ ഞങ്ങൾക്ക് അച്ചാർ ഇട്ടുതരും ഉപ്പും മുളകും കൂട്ടിയാണ് ഞങ്ങൾ തിന്നുന്നത്. എന്തൊരു മധുരം ഞങ്ങൾ വീടിന്റെ അടുത്തുള്ള കൂട്ടുകാർക്കൊക്കെ കൊടുക്കും. നല്ല തിളങ്ങുന്ന സ്വർണ വർണമുള്ള മാമ്പഴങ്ങൾ . ഭൂമിയിലെ നക്ഷത്രങ്ങൾ ആണോ എന്ന് തോന്നിപ്പോകും.

**നിരഞ്ജന ശിവരാജൻ**
ക്ലാസ് – 9
S.N D.P. H.S.S
ഉദയം പേരൂർ



**ആസ്റ്റർ മാരിയോ ലിജോ**
(4th std, St. Aloysius LPS, Elthuruth)
തോട്ടപ്പിള്ളി ഹൗസ്,
പി ബി റോഡ്,
എൽത്തുരുത്ത് 8089875211



**Felix Tony Antony**
Fifth standard
International Indian School
Jubail , Saudi Arabia